കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊണ്ടോട്ടി നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എം.പി.എം25/2804/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 18.01.2019

സിനീയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

കൊണ്ടോട്ടി നഗരസഭ

സർ,

വിഷയം : കൊണ്ടോട്ടി നഗരസഭ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

........

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊണ്ടോട്ടി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 22,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്.

എബികെ

നം.കെ.എസ്.എ-എം.പി.എം25/2804/2018 തിയ്യതി: 18.01.2019

**<u>മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>**

**(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 18-10-2017 മുതൽ 11-11-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സുധാദാസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-11-2018 മുതൽ 26-11-2018വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ. സുരേഷ്. പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. സി.പി അബ്ദുൽ സത്താർ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുസ്സലാം. പി | ഓഡിറ്റർ |
| ശ്രീ. ബിജേഷ്.എ.എസ് | ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് നൗഷാദ്.എ.കെ | ഓഡിറ്റർ |

**ബി) <u>നിർവഹണാധികാരികൾ</u>**

**ചെയർമാൻ**

| | |
|---|---|
| ശ്രീ. സി. കെ. നാടികുട്ടി | 01-04-2017 മുതൽ 31-03-2018 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ. ഫിറോസ് ഖാൻ. എ | 01-04-2017 മുതൽ 31-03-2018 വരെ |

**നിർവഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ബീന നായർ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. നാരായണൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ICDS ഓഫീസർ (സി.ഡി.പി.ഒ) | ശ്രീമതി. അബീന. സി | 01.04.2017 മുതൽ 31.03.2018 വരെ |
| പ്രിൻസിപ്പാൾ | ശ്രീ. ജൂഡ് ലൂയിസ്. എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (സി. എച്ച്. സി. ) | ഡോ. സുരേഷ്കുമാർ | 01.04.2017 മുതൽ 07.01.2018 വരെ |
| | ഡോ. പ്രദീപ് കുമാർ. കെ.ജെ | 08.01.2018 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഷെബിൻ. പി. എ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. മോഹൻകുമാർ | 01.04.2017 മുതൽ 01.06.2017 വരെ |
| | ഡോ. സവിത. പി.പി | 02.06.2017 മുതൽ 31.03.2018 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ. അബ്ദുസ്സലാം.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. അനീഷ്. സി | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീ.ചാൾസ് റാഫി.എ | 01.06.2017 മുതൽ 30.06.2017 വരെ |
| | ശ്രീ.സുനിൽകുമാർ.ബി | 01.07.2017 മുതൽ 27.10.2017 വരെ |
| | ശ്രീ. ആന്റു. എ.വി | 28.10.2017 മുതൽ 31.03.2018 വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം I പൊതു അവലോകനം** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് AUEGS | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | **ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13 | നഗരസഭ ബസ്സ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടങ്ങളുടെ വാടക - അപാകതകൾ | 2-1 |

| | | |
|---|---|---|
| 14 | മത്സ്യ മാർക്കറ്റ് ലേലം - ലേല തുക യഥാസമയം അടവാക്കാത്തതിനാൽ കുടിശ്ശിക വന്നു | 2-2 |
| 15 | കെ.പി ലോഞ്ച് എന്ന പേരിലുള്ള ഓഡിറ്റോറിയം - വസ്തു നികുതി കണക്കാക്കിയതിൽ അപാകത | 2-3 |
| 16 | തൊഴിൽ നികുതി ഈടാക്കിയില്ല, രജിസ്റ്ററുകളും റിട്ടേണുകളും ഹാജരാക്കിയില്ല | 2-4 |
| 17 | ഇ. ടെണ്ടർ - ടെണ്ടർ ഫീ ലഭിച്ചില്ല | 2-5 |
| 18 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതിലെ അപാകതകൾ | 2-6 |
| 19 | നിർമ്മാണത്തിലിരിക്കുന്ന ഓഡിറ്റോറിയം കെട്ടിടം - കവറേജ്, പെർമിറ്റ് ഫീ എന്നിവ കണക്കാക്കിയതിൽ അപാകത | 2-7 |
| 20 | ഡി&ഒ ലൈസൻസ് - അപാകതകൾ | 2-8 |
| 21 | മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടത്തിന് വിരുദ്ധമായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചു | 2-9 |
| 22 | കെട്ടിട നിർമ്മാണ പെർമിറ്റ് - പൊതു അപാകതകൾ | 2-10 |
| | **ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 23 | പ്രവൃത്തി ചെയ്തതിനെക്കാൾ കൂടുതൽ അളവ് രേഖപ്പെടുത്തി ₹ 11893 നഷ്ടം | 3-1 |
| 24 | മുൻകൂറുകൾ നല്കൽ- ക്രമീകരണമില്ലായ്മ- അപാകതകൾ | 3-2 |
| 25 | വസ്തു നികുതി പരിഷ്കരണം - നടപടിക്രമങ്ങളിലെ അപാകതകൾ | 3-3 |
| 26 | ടാറിംഗ് പ്രവൃത്തിയിൽ കൺവീനർക്ക് അധികം തുക നൽകി | 3-4 |
| 27 | ആദായ നികുതി കുറവായി ഈടാക്കി | 3-5 |
| 28 | കുടിവെള്ള പദ്ധതികൾ - GI പൈപ്പ് സ്ഥാപിക്കുന്നതിന് അധിക തുക നൽകി | 3-6 |
| 29 | സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ലാപ്പ്ടോപ്പ് കംപ്യൂട്ടറുകൾ വിതരണം ചെയ്തു | 3-7 |
| 30 | ആദായ നികുതി- പിഴ നല്കിയതിലെ അപാകത | 3-8 |
| 31 | നികുതിനൽകുന്നതിന് വകയിരുത്തിയ പണം കുറവാക്കാതെ കൺവീനർക്ക് നൽകി | 3-9 |
| 32 | മാലിന്യ നിർമ്മാർജനം - പ്രൊജക്ട് അപാകതകൾ | 3-10 |
| 33 | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്/ഭക്ഷ്യവസ്തുക്കളുടെ വില അധികം നല്കിയത് | 3-11 |
| 34 | ജനറേറ്റർ സ്ഥാപിക്കൽ- കുറഞ്ഞ ടെണ്ടർ സ്വീകരിച്ചില്ല | 3-12 |
| 35 | പ്രോജക്ട് നിർവഹണം-രേഖകൾ ലഭ്യമാക്കിയില്ല | 3-13 |
| 36 | പറമ്പാട്ട് കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങൽ - അപാകതകൾ | 3-14 |
| 37 | CCTV സ്ഥാപിക്കൽ-അപാകതകൾ | 3-15 |
| 38 | ചെലവു വിവരങ്ങൾ ലഭ്യമല്ല | 3-16 |
| 39 | സാധനങ്ങൾ വാങ്ങൽ- സ്റ്റോക്ക് വിവരം ലഭ്യമല്ല | 3-17 |
| 40 | ഡെപ്പോസിറ്റ് പ്രവൃത്തി - അപാകതകൾ | 3-18 |
| 41 | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിലെ അപാകതകൾ | 3-19 |
| 42 | മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-20 |
| 43 | മരാമത്ത് പ്രവൃത്തിക്ക് അധികം തുക നൽകി - ₹ 22330 തിരിച്ചടച്ചു | 3-21 |
| 44 | മരാമത്ത് പ്രവൃത്തിക്ക് അധികം പണം പിൻവലിച്ചു | 3-22 |
| 45 | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നതിൽ കുറവ് | 3-23 |
| 46 | ചാലിയാർ കുടിവെള്ള പദ്ധതി- സ്ഥലം വാങ്ങൽ- അപാകതകൾ | 3-24 |
| 47 | പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്(എസ്.സി) - ടെണ്ടറിൽ നിന്നും വ്യത്യസ്ഥമായി ലാപ്പ്ടോപ്പ് കംപ്യൂട്ടറുകൾ വിതരണം ചെയ്തു | 3-25 |
| 48 | പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ പദ്ധതി-അപാകതകൾ | 3-26 |
| 49 | ആവശ്യമായ വകയിരുത്തലില്ലാതെ സ്കോളർഷിപ്പ് തുക അനുവദിച്ചത് | 3-27 |
| 50 | ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സര ക്ഷമതയും ഉറപ്പാക്കുന്നില്ല | 3-28 |
| 51 | വാഹനങ്ങളുടെ ഉപയോഗത്തിലെ അപാകതകൾ | 3-29 |
| 52 | പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം | 3-30 |
| 53 | വനിതകൾക്ക് ഇ ടോയ്‌ലറ്റ് - ലക്ഷ്യം പൂർത്തീകരിച്ചില്ല | 3-31 |
| | **ഭാഗം IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 54 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| | | |

| | | |
|---|---|---|
| 55 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 56 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 57 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 58 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 59 | ഓഡിറ്റ് റിക്കവറി | 4-6 |
| 60 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 61 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 62 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 63 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 24.03.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 22.01.2018 ലെ 5-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-07-2018 | 07-09-2018 | - | - |

കുറിപ്പ്:- വാർഷിക കണക്കുകൾ നിയമപ്രകാരമുള്ള സമയപരിധിക്കകം സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 01-09-2018 മുതൽ 03-09-2018 വരെ | കെ.എസ്.എ.എം.പി.എം 25/ 2192/2018 തീയതി: 10-10-2018 |

## 1-4 സാമ്പത്തിക വിശകലനം

ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| ഇനം | വർഷം 2017-18 |
|---|---|
| മുന്നിരിപ്പ് | 52012780.82 |
| വരവ് | 191340497 |
| ആകെ | 243353277.82 |
| ചെലവ് | 225107525 |
| നീക്കിയിരിപ്പ് | 18245752.82 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17423589 | 17423589 | 26381826 | 8958237 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 15088000 | 15088000 | 12894251 | 2193749 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 300211 | 300211 | 0 | 300211 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 11520813 | 11520813 | 11441494 | 79319 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5790422 | 5790422 | 5238766 | 551656 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 15275342 | 15275342 | 11030960 | 4244382 |
| കെ.എൽ.എസ്.ജി.ഡി.പി central (ACR പ്രകാരം) | 0 | 2778974 | 2778974 | 2722623 | 56351 |
| കെ.എൽ.എസ്.ജി.ഡി.പി state (ACR പ്രകാരം) | 0 | 1086186 | 1086186 | 1059828 | 26358 |
| എസ്.ബി.ടി. ബി ഫണ്ട് (bus stand loan) | 777640 | 22653 | 800293 | 700059 | 100234 |
| തനത് ഫണ്ട്- കെ.എസ്.സി.ബി | 8815314 | 289114 | 9104428 | 6943781 | 2160647 |
| തനത് ഫണ്ട് – കോ.ഓപറേറ്റീവ് ബാങ്ക്, NDP | 4112160 | 0 | 4112160 | 2660484 | 1451676 |
| KGB-എ.യു.ഇ.ജി.എസ് | 5004101 | 160646 | 5164747 | 4040243 | 1124504 |
| ട്രഷറി ടി.എസ്.ബി 20 | 19852148 | 22162703 | 42014851 | 46661834 | (-)4646983 |
| എസ്.ബി.ടി TSC KDT | 689310 | 25675 | 714985 | 118 | 714867 |
| തനത് ഫണ്ട്- കനറാ ബാങ്ക് | 10599712 | 33197791 | 43797503 | 41338189 | 2459314 |
| KGB ഹരിയാലി 1,2 | 1463 | 0 | 1463 | 0 | 1463 |
| KGB TSC NDP | 552116 | 0 | 552116 | 0 | 552116 |
| KGB (CA 45) | 10126 | 0 | 10126 | 0 | 10126 |
| പോസ്റ്റ് ഓഫീസ് സേവിംഗ് ബാങ്ക് | 637 | 0 | 637 | 0 | 637 |
| MDCB Plan Imprest | 322 | 0 | 322 | 0 | 322 |
| KSCB Literacy | 587 | 765000 | 765587 | 765000 | 587 |
| Vijaya Bank Literacy | 5876 | 0 | 5876 | 0 | 5876 |
| ട്രഷറി MN Lakshamveedu | 245508 | 0 | 245508 | 0 | 245508 |
| എം.ഡി.സി ബാങ്ക് KDT | 844 | 0 | 844 | 0 | 844 |
| Vijaya Bank-ഒ.എ.പി | 11777 | 464 | 12241 | 0 | 12241 |
| SBT SSA | 392840 | 14631 | 407471 | 118 | 407353 |
| ICICI Swach Bharat Mission | 128628 | 100000 | 228628 | 227991 | 637 |
| AXIS BANK- OWN FUND | 0 | 12797413 | 12797413 | 10000553 | 2796860 |
| HDFC BANK- OWN FUND | 0 | 15892687 | 15892687 | 5751667 | 10141020 |
| ICICI BANK NULM | 0 | 574000 | 574000 | 378097 | 195903 |
| ICICI PMAY | 0 | 62045000 | 62045000 | 61535000 | 510000 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2017-18 | 476 | 204733224 | 258 | 100010010 | 58 | 160 | 54.2 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-7 തൊഴിലുറപ്പ് AUEGS

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5004101 | 160646 | 5164747 | 444770 | 1124504 |
| ഗുണഭോക്താക്കൾക്ക് നേരിട്ട നൽകുന്നത് | | | | 3595473 | |
| **ആകെ** | **5004101** | **160646** | **5164747** | **4040243** | **1124504** |

മേൽ തുകകൾ AFSൽ ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭയിൽ നിന്ന് ലഭ്യമായ വിവരങ്ങളാണ് മുകളിൽ ചേർത്തത്.

# 1-8 ക്ഷേമപദ്ധതികൾ

2017-18 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 124680 | 180 |
| കർഷക തൊഴിലാളി പെൻഷൻ | 5846000 | 1995 |
| വിധവാ പെൻഷൻ | 20381300 | 6681 |
| വാർദ്ധക്യകാല പെൻഷൻ | 32431000 | 9511 |
| വികലാംഗ പെൻഷൻ | 8046800 | 2535 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 531200 | 178 |
| വിവാഹ ധനസഹായം | 180000 | 6 |

തൊഴിൽ രഹിത വേതനമൊഴികെയുള്ള തുകകൾ AFSൽ ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭയിൽ നിന്ന് ലഭ്യമായ വിവരങ്ങളാണ് മുകളിൽ ചേർത്തത്.

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-11-2018ന് രാവിലെ 10:00-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. വരവുകൾ അതേ ദിവസം തന്നെ ബാങ്കിൽ അടവാക്കുന്നതിനാൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

# 1-10 ആഭ്യന്തര നിയന്ത്രണം

1. തനത് വരുമാനം വർദ്ധിപ്പിക്കുവാനുള്ള കാര്യക്ഷമമായ ഇടപെടലുകൾ നടത്തേണ്ടതാണ്. 2017-18 വർഷത്തിൽ ഡിമാൻറ് ചെയ്ത തുകകൾതന്നെ പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര കാര്യക്ഷമത പുലർത്തിയിട്ടില്ല
2. ഫ്രണ്ട് ഓഫീസ് ഡയറി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എത്ര തപാലുകൾ വന്നതെന്നോ നടപടി സ്വീകരിച്ചതെന്നോ വ്യക്തമല്ല. ആയത് സൂക്ഷിക്കേണ്ടതും അതാത് ദിവസം ലഭിക്കുന്ന തപാലുകൾ ബന്ധപ്പെട്ട സെക്ഷനുകൾക്ക് തിയതി വെച്ച് കൈമാറേണ്ടതും തീർപ്പാക്കുന്ന തപാലുകൾ തിയതിവെച്ച് ക്ലോസ് ചെയ്യേണ്ടതുമാണ്.
3. ഫയലുകൾ സൂക്ഷിക്കുന്നതിലും വൗച്ചറുകൾ, സബ് വൗച്ചറുകൾ, രേഖകൾ എന്നിവ ഫയലിനോടൊപ്പം സൂക്ഷിക്കുന്നതിലും തികഞ്ഞ അലംഭാവം കണ്ടുവരുന്നുണ്ട്. സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ട് ഫയലുകളിൽ 18 എണ്ണം ഇനിയും ഓഡിറ്റിന് ലഭ്യമായിട്ടില്ല.
4. സെക്രട്ടറി, വെറ്റിനറി സർജ്ജൻ, അസിസ്റ്റന്റ് എഞ്ചിനീയർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ പ്രൊജക്ട് രജിസ്റ്റർ

സൂക്ഷിക്കുന്നില്ല.

5. അസിസ്റ്റന്റ് എഞ്ചിനീയർ കാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. കൂടാതെ എം.ബുക്ക് ക്രമനമ്പറിട്ട് സൂക്ഷിക്കുകയോ, വെൽഫെയർ ഫണ്ട് രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നടത്തിയിട്ടില്ല | - | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | നടത്തിയിട്ടില്ല | - | - |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) പത്രിക, അക്കൗണ്ടിംഗ് കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. പ്രതിമാസ ബാങ്ക്/ട്രഷറി റീ കൺസിലിയേഷൻ പത്രിക പരിശോധനക്ക് ലഭ്യമായില്ല. KGB ഹരിയാലി 1 NDP, KGB ഹരിയാലി 2 NDP, KGB TSC NDP, Post Office Saving Bank, KGB (CA 45), KSCB Literacy KDT, MDCB Plan Imprest, MDC Bank KDT, Sub Treasury (MN Lakshamveedu) എന്നീ ബാങ്ക് അക്കൌണ്ടുകളുടെ 31-03-2018 ലെ നീക്കിയിരുപ്പ് പരിശോധിക്കാനാവശ്യമായ പാസ്സ് ബുക്ക്/ബാങ്ക് സ്റ്റേറ്റുമെന്റ്, റികൺസിലിയേഷൻ പത്രിക എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ റികൺസിലിയേഷൻ പത്രികയിൽ ആക്സിസ് ബാങ്ക് കൊണ്ടോട്ടി തനത്, KSCB തനത്, ICICI ശുചിത്വ മിഷൻ, NULM Fund ICICI, കോ ഓപ്പറേറ്റീവ് ബാങ്ക് തനത് NDP എന്നീ അക്കൌണ്ടുകളുടെ പാസ്സ് ബുക്ക്/പത്രിക, റികൺസിലിയേഷൻ എന്നിവയിലെ നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല.

3. നഗരസഭയുടെ വരവ് വിവരങ്ങൾ രേഖപ്പെടുത്തിയ ഡിമാന്റ്/കളക്ഷൻ രജിസ്റ്ററുകൾ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വസ്തു നികുതി, വാടക രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. അസറ്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തി ലഭ്യമാക്കിയില്ല.

5. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ ഇക്വിറ്റി ഷെയർ ആയി 1,02,000 രൂപയും സ്ഥിര നിക്ഷേപമായി 2,76,380 രൂപയും ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ഇൻവെസ്റ്റ്മെന്റ് രേഖകൾ ലഭ്യമായില്ല.

7. ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ 1-17(a) ഷെഡ്യൂൾ എ.എഫ്.എസ്. ൽ ഉൾപ്പെടുത്തിയിട്ടില്ല.

8. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9. Capital Work in Progress ആയി കാണിച്ച തുക കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ലഭ്യമായിട്ടില്ല.

10. പ്രതിമാസ വരവ് ചെലവ് കണക്കുകൾ യഥാസമയം സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച് അംഗീകാരം നേടിയിട്ടില്ല.

11. തൊഴിലുറപ്പ് പദ്ധതി AVEGS, ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് മാറുന്ന ക്ഷേമ പെൻഷൻ തുകകൾ എന്നിവ AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 ഷോപ്പിംഗ് കോപ്ലക്സ് കെട്ടിടം -വാടകക്ക് നൽകിയതിലെ അപാകതകൾ

1. സെക്യ്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാതെ കരാർ ചമച്ചു, കാലാവധി തീരും മുമ്പ് വാടകക്കാരൻ കരാറിൽ നിന്നും പിൻമാറുകയും ചെയ്തു.

നഗരസഭ ബസ്സ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 8/1743, 8/1747, 8/1748, 8/1752, 8/1753 എന്നീ കടമുറികൾ സുധീഷ് പി എന്ന വ്യക്തി ലേലത്തിൽ പിടിക്കുകയും, 2017-18 ത്തിലേക്ക് നഗരസഭ ടി വ്യക്തിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. ലേല പരസ്യത്തോടൊപ്പമുള്ള നിയമാവലിയിലെ (ഈ നിയമാവലിക്ക് നഗരസഭാ ഭരണസമിതി 24.03.17-ലെ III(2)-ാം തീരുമാന പ്രകാരം അംഗീകാരം നൽകിയിരുന്നു) ചട്ടം 11(ബി) പ്രകാരം കരാറിൽ ഏർപ്പെടുന്നതിന് മുന്നോടിയായി മൂന്നു മാസത്തെ വാടക തുകക്ക് സമമായ സെക്ക്യൂരിറ്റി ഡെപ്പോസിറ്റ് വാടകക്കാരൻ അടവാക്കേണ്ടതാണ് എന്നാൽ ഇങ്ങനെ ചെയ്യാതെയാണ് ടിയാൻ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. മാത്രമല്ല, 8/1747, 8/1748, എന്നീ കടമുറികൾ കാലാവധി തീരും മുമ്പേ ഒഴിയുകയും ചെയ്തു. പുതിയ വാടകക്കാർ വരുന്നതുവരെ ടി കടമുറികൾ ഒഴിഞ്ഞുകിടക്കുകയും അതുവഴി നഗരസഭക്ക് നഷ്ടം സംഭവിക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | വാടക | അടവാക്കിയ ഡെപ്പോസിറ്റ് | കരാറിൽ നിന്നും പിൻമാറിയ തീയ്യതി | പുതിയ കരാർ പ്രാബല്യത്തിൽ വന്ന തീയ്യതി | നഷ്ടമായ തുക |
|---|---|---|---|---|---|---|---|
| 1 | 8/1747 | സുധീഷ് പി, ദേവസ്വം പറമ്പിൽ | 55,000 | 55,000 | 30.04.17 | 01.09.17 | 2,20,000 (01.05.17 മുതൽ 31.08.17 വരെ) |
| 2 | 8/1748 | -ടി- | 60,000 | 60,000 | 31.08.17 | 01.02.18 | 3,00,000 (01.09.17 മുതൽ 31.01.18 വരെ) |
| | | | | | | ആകെ | 5,20,000 |

നിയമാവലിയിൽ നിഷ്കർഷിച്ച പോലെ സെക്ക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാതെ ചട്ടങ്ങൾക്ക് വിരുദ്ധമായി കരാറിൽ ഏർപ്പെടാൻ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

<u>2. വൈദ്യതി കണക്ഷൻ ലഭ്യമാക്കാത്തതിനാൽ റൂം ഏറ്റെടുക്കാൻ കാലതാമസം വന്നു. നഗരസഭക്ക് നഷ്ടം.</u>

ഷോപ്പിംഗ് കോംപ്ലക്സിലെ 8/1747, 8/1749, 8/1755, 8/1759 എന്നീ കടമുറികൾ ഏറ്റെടുക്കാൻ വാടക്കാരുമായി കരാറിൽ ഏർപ്പെട്ടിരുന്നെങ്കിലും, ടി മുറികളിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിരുന്നതിനാൽ, അവ പുനസ്ഥാപിക്കുന്നതു വരെ വാടകക്കാർ ഏറ്റെടുക്കാതെ വന്നു. ഇതു കാരണം നഗരസഭക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | വാടക | കരാർ അംഗീകരിച്ച തീയ്യതി | റൂം ഏറ്റെടുത്ത തീയ്യതി | നഷ്ടമായ വാടക തുക |
|---|---|---|---|---|---|---|
| 1 | 8/1747 | കുഞ്ഞയ്യപ്പൻ പി, പള്ളിക്കത്തൊടി | 35,500 | 07.08.17 (01.09.17 മുതൽ പ്രാബല്യം) | 01.11.17 | 71,000 (09/17, 10/17 മാസങ്ങളിലേക്ക്) |
| 2 | 8/1749 | സ്വാമി അമരൻ, പുളിയഞ്ചാലിൽ | 21,100 | 07.08.17 | 11.10.17 | 33351 (07.08.17 മുതൽ 10.10.17 വരെ) |
| 3 | 8/1755 | മുഹമ്മദ് ഷരീഫ്, 'ബൈതുൾ ആരിഫ് ' | 10,000 | 24.03.17 (01.04.17 മുതൽ പ്രാബല്യം) | 10.11.17 | 73000 (01.04.17 മുതൽ 09.11.17 വരെ) |
| 4 | 8/1759 | സഹീർ, തെറ്റുംപിലാക്കൽ | 5,000 | 27.06.17 (01.07.17 മുതൽ പ്രാബല്യം) | 10.11.17 | 21500 (01.07.17 മുതൽ 09.11.17 വരെ) |
| | | | | | ആകെ | 1,98,851 |

വൈദ്യുത കണക്ഷൻ പോലുള്ള അടിസ്ഥാന സംവിധാനങ്ങൾ ഉറപ്പാക്കാതെ റൂമുകൾ നൽകുകയും പിന്നീട് കണക്ഷൻ സ്ഥാപിച്ച് റൂമുകൾ ഏൽപ്പിച്ച് കൊടുക്കാൻ കാലതാമസം നേരിട്ടതിനും വിശദീകരണം നൽകേണ്ടതാണ്.

<u>3. വാടക യഥാസമയം പിരിക്കാത്തതുകൊണ്ട് കുടിശ്ശിക വന്നു ചേർന്നു</u>

ഷോപ്പിംഗ് കോംപ്ലക്സിലെ 8/1751, 8/1754 നം. കടമുറികൾ യഥാക്രമം ശ്രീ.അബ്ദുൾ കരീം, ശ്രീ ഹാരിസ് കെ എന്നവർക്ക് വാടകക്ക് കൊടുത്തിരുന്നെങ്കിലും 2017-18 വർഷത്തേക്ക് വാടകയൊന്നും അടവാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | വാടക | കുടിശ്ശിക |
|---|---|---|---|---|
| 1 | 8/1751 | അബ്ദുൾ കരീം, കുണ്ടുകാവിൽ | 5500 | 66,000 (04/17 മുതൽ 03/18 വരെ 12 മാസത്തേക്കുള്ള വാടക) |
| 2 | 8/1754 | ഹാരിസ് കെ | 5000 | 43548 (റൂം ഏറ്റെടുത്ത 10.07.17 മുതൽ 31.03.18 വരെയുള്ള വാടക) |
| | | | ആകെ | 1,09,548 |

വാടക കുടിശ്ശിക പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ക്രമ നം. (1), (2) പ്രകാരം 718851/- രൂപ നഷ്ടവും ക്രമ നം. (3) പ്രകാരം 1,09,548/- രൂപ കുടിശ്ശികയും ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 35-ന് മറുപടിയൊന്നും ലഭിച്ചിട്ടില്ല.

# 2-2 മത്സ്യ മാർക്കറ്റ് ലേലം - ലേല തുക യഥാസമയം അടവാക്കാത്തതിനാൽ കുടിശ്ശിക വന്നു

നഗരസഭയിലെ മത്സ്യ മാർക്കറ്റ് 2017-18 വർഷത്തിൽ ഏറ്റെടുത്ത് നടത്തുന്നതിന് വേണ്ടി 29.03.17-ന് ലേലം സംഘടിപ്പിക്കുകയും, ശ്രീ അബ്ദുൾ ലത്തീഫ് പി, പീടികക്കണ്ടി എന്ന വ്യക്തിക്ക് 13,25,252/- രൂപക്ക് ലേലം ഉറപ്പിക്കുകയും ചെയ്തു. (30.03.17-ലെ 1(2)-ാം നം. ഭരണസമിതി തീരുമാനം). എന്നാൽ ടി വ്യക്തിയിൽ നിന്നും മുഴുവൻ തുകയും പിരിച്ചെടുക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല. അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | തുക | അടവാക്കിയ തീയ്യതി | രസീതി നം. |
|---|---|---|---|
| 1 | 2,00,000 | 29.03.17 | 116024-00056 |
| 2 | 2,41,751 | 31.03.17 | 116021-13411 |
| 3 | 3,70,000 | 08.02.18 | 117024-00028 |
| ആകെ | 8,11,751 | | |
| ലേല തുക | 13,25,252 | | |
| കുടിശ്ശിക തുക | 13,25,252 – 8,11,751 = 5,13,501 | | |

മത്സ്യ മാർക്കറ്റ്, കംഫർട്ട് സ്റ്റേഷൻ, പരസ്യനികുതി പിരിക്കൽ തുടങ്ങിയവയുടെ ലേലം സംബന്ധിച്ച നിയമാവലിക്ക് നഗരസഭാ ഭരണസമിതി 24.03.17-ലെ III(2)-ാം തീരുമാന പ്രകാരം അംഗീകാരം നൽകിയിരുന്നു. എന്നാൽ ഈ നിയമാവലിക്ക് വിരുദ്ധമായിട്ടാണ് ലേല നടപടികൾ സ്വീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. നിയമാവലിയിലെ ചട്ടം 9(ബി) പ്രകാരം ലേലദാർ ലേലം നടന്ന് അന്നേ ദിവസം തന്നെ ലേലത്തിൽ വിളിച്ചെടുത്ത സംഖ്യയുടെ 50% കെട്ടിവെക്കേണ്ടതാകുന്നു. എന്നാൽ പട്ടികയിൽ സൂചിപ്പിച്ച പോലെ ആകെ തുകയുടെ മൂന്നിലൊന്ന് മാത്രമാണ് കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുള്ളത്.

2. ചട്ടം 11(എ) പ്രകാരം ബാക്കിയുള്ള ലേലസംഖ്യ മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ അടക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ 3,70,000 രൂപ അടവാക്കിയിട്ടുള്ളത് 08.02.18 തീയ്യതിയിലാണ്. മാത്രമല്ല ബാക്കിയുള്ള 5,13,501 രൂപ നാളിതുവരെയായി അടവാക്കിയിട്ടില്ല.

3. ചട്ടം 9(എ) പ്രകാരം ലേലം അംഗീകരിച്ച് 7 ദിസങ്ങൾക്കുള്ളിൽ കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. എന്നാൽ ലൈസൻസിയായ ശ്രീ അബ്ദുൾ ലത്തീഫ് സമയബന്ധിതമായി കരാർ വെച്ചിട്ടില്ല. ബാലൻസ് തുക പിഴ സഹിതം

അടക്കാമെന്നും കരാറിലെ നിബന്ധനകൾ പാലിക്കാമെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 17.10.17-ലെ 8-ാം നമ്പർ തീരുമാനപ്രകാരം ലൈസൻസിക്ക് അഗ്രിമെന്റ് വെക്കാൻ 15 ദിവസങ്ങൾ കൂടി അനുവദിച്ചിരുന്നു. ഇതു പ്രകാരം 28.10.17-നാണ് ടിയാൻ നഗരസഭാ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. എന്നാൽ ബാലൻസ് തുക അടവാക്കിയിട്ടുമില്ല.

നിയമാവലിയിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി ലേലം നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 34-ന് മറുപടിയൊന്നും ലഭിച്ചിട്ടില്ല.

## 2-3 കെ.പി ലോഞ്ച് എന്ന പേരിലുള്ള ഓഡിറ്റോറിയം - വസ്തു നികുതി കണക്കാക്കിയതിൽ അപാകത

ഫയൽ നം. E1-2184/17 - നെടിയിരുപ്പ് വില്ലേജിലെ ബ്ലോക്ക് 36, സർവ്വേ നം. 27/11 സ്ഥലത്ത് ശ്രീമതി. നഫീസ കെ.പി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള NP17/494A നം. കെ.പി ലോഞ്ച് എന്ന പേരിലുള്ള ഓഡിറ്റോറിയം കെട്ടിടം 2017-18 സാമ്പത്തിക വർഷത്തിൽ പ്രവർത്തനം ആരംഭിച്ചതാണ്. ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൽ ചുവടെ കൊടുക്കുന്നു.

| നില | Built-up Area | Floor Area |
|---|---|---|
| ഭൂനിരപ്പ് നില | 687.46 | 642.96 |
| ഒന്നാം നില | 699.77 | 651.92 |
| ഒന്നാം നില | 224.14 | 190.38 |
| രണ്ടാം നില | 103.60 | 58.78 |
| ആകെ | 1714.97 | 1544.04 |

നിർമ്മാണം പൂർത്തിയായ ടി കെട്ടിടത്തിന് 03.08.17-ന് വസ്തു നികുതി നിർണ്ണയിക്കുകയും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. എന്നാൽ കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കിയതിൽ അപാകത വന്നിട്ടുണ്ട്.

ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ Built-Up Area 1714.97 ച.മീ. എന്നും Floor Area 1544.04 ച.മീ. എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വസ്തു നികുതി കണക്കാക്കുമ്പോൾ 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, ഉപനികുതിയും, സർചാർജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം (Plinth Area/Built-Up Area) ആണ് കണക്കിലെടുക്കേണ്ടത്. എന്നാൽ ഈ കെട്ടിടത്തിന്റെ കാര്യത്തിൽ Floor Area (1544.04 ച.മീ.) അടിസ്ഥാനമാക്കിയാണ് വസ്തു നികുതി കണക്കാക്കിയിട്ടുള്ളത്. മാത്രമല്ല, ബിൽഡിംഗ് പ്ലാനിൽ കേന്ദ്രീകൃത ശീതീകരണ സംവിധാനത്തെ പറ്റി സൂചിപ്പിട്ടുണ്ട്. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, ഉപനികുതിയും, സർചാർജും) ചട്ടങ്ങളിലെ ചട്ടം 6-ലെ പട്ടിക 8 പ്രകാരം ഈ സംവിധാനമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10 ശതമാനം വർദ്ധന ഏർപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇങ്ങനെ ചെയ്യാത്തതു കാരണം നിർണ്ണയിച്ച വസ്തു നികുതിയിൽ കുറവ് വന്നിട്ടുണ്ട്.

യഥാർത്ഥ വസ്തു നികുതി താഴെ തിട്ടപ്പെടുത്തിയിരിക്കുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം (Plinth Area) | 1714.97 ച.മീ. |
| അടിസ്ഥാന വസ്തു നികുതി (ഓഡിറ്റോറിയത്തിന് ചതുരശ്ര മീറ്ററിന് 30 രൂപ എന്ന നിരക്കിൽ) | 1714.97 X 30 = 51449.1 |
| വർദ്ധനവ് / ഇളവ് | 20 (അധികമുള്ള വഴി സൗകര്യം)+ 15 (മേൽത്തരം തറ)<br><br>+ 10 (കേന്ദ്രീകൃത ശീതീകരണ സംവിധാനം) - 10 (ദ്വിതീയ മേഖല)= 35 % = 18007.19 |
| വാർഷിക വസ്തു നികുതി | 51449.1 + 18007.19 = 69456.29 |
| ലൈബ്രറി സെസ് | 3472.81 |

| | |
|---|---|
| ആകെ തുക | 72,929.1 |
| ഈടാക്കിയ തുക | 60797 (Rt No. 11702105234 Dt. 08.09.17) |
| വ്യത്യാസം | 12,132 |

വസ്തു നികുതി പട്ടികയിൽ സൂചിപ്പിച്ച പോലെ പുനർനിർണ്ണയിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച തുക 2017-18 ലെ അധിക നികുതിയായി ഈടാക്കേണ്ടതാണ്.

Floor Area അടിസ്ഥാനമാക്കി വസ്തു നികുതി കണക്കാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 20-ന് മറുപടിയൊന്നും ലഭിച്ചിട്ടില്ല.

# 2-4 തൊഴിൽ നികുതി ഈടാക്കിയില്ല, രജിസ്റ്ററുകളും റിട്ടേണുകളും ഹാജരാക്കിയില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരമുള്ള തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ഡിമാന്റ് രജിസ്റ്റർ/ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ/ സ്ഥാപന രജിസ്റ്റർ എന്നിവയും ചില സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേണുകളും നഗരസഭ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി റിട്ടേണുകളും 2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തിൽ നഗരസഭ പരിധിയിലെ വളരെയധികം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. ഒരു സാമ്പത്തിക വർഷം മുഴുവൻ തൊഴിൽ നികുതി രജിസ്റ്ററുകൾ എഴുതി തയ്യാറാക്കി സൂക്ഷിക്കാതിരുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെയും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും വീഴ്ചയാണ്. രജിസ്റ്ററുകൾ സൂക്ഷിക്കാതിരിക്കുകയും നികുതി അടവാക്കേണ്ട സ്ഥാപനങ്ങൾ/ജീവനക്കാർ ആയത് അടവാക്കിയിട്ടുണ്ടോ എന്നത് ശ്രദ്ധിക്കാതിരിക്കുകയും ചെയ്തത് കാരണം ചുവടെ ചേർത്ത അത്രയും സ്ഥാപനങ്ങളിൽ നിന്നും ഈയിനത്തിലുള്ള വലിയ വരവ് നഷ്ടം തന്നെ സംഭവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഗൗരവമായ ശ്രദ്ധ ചെലുത്തിയിട്ടില്ല എന്നതും വ്യക്തമാകുന്നു.

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ/ജീവനക്കാരിൽ നിന്നും അതതിന് നേരെ ചേർത്ത അർദ്ധ വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ടെക്നിക്കൽ അസിസ്റ്റന്റ്,കൊണ്ടോട്ടി നഗരസഭ. | I, II |
| 2 | ഡ്രൈവർ(2 പേർ - ശ്രീ.അയ്യൂബ്, ശ്രീ. ശംസുദ്ധീൻ),കൊണ്ടോട്ടി നഗരസഭ. | I, II |
| 3 | കൊണ്ടോട്ടി താലൂക്ക് ലൈബ്രറി കൗൺസിൽ | I, II |
| 4 | കവിത തിയേറ്റർ,കൊണ്ടോട്ടി | I, II |
| 5 | ജന്നാത്ത് ജ്വല്ലറി,കൊണ്ടോട്ടി | I, II |
| 6 | നെടിയിരുപ്പ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, മുസ്ല്യാരങ്ങാടി | I, II |
| 7 | SAMS ബിൽഡേർസ് & കോൺട്രാക്ടേർസ്,കൊണ്ടോട്ടി | I, II |
| 8 | TDS മാനേജ്മെന്റ് കൺസൾട്ടന്റ്(p) Ltd. | I |
| 9 | ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ്- NREGS വിഭാഗം | I |
| 10 | ബഡ്ജറ്റ് ഹൈപ്പർ മാർക്കറ്റ്,കൊണ്ടോട്ടി | I |
| 11 | പൂക്കോടൻസ് ഇന്റർനാഷനൽ ഹോട്ടൽ,കൊണ്ടോട്ടി | I |
| | | |

| | | |
|---|---|---|
| 12 | ദുബായ് ഗോൾഡ് സൂക്ക്, കൊണ്ടോട്ടി | I |
| 13 | പ്രീതി സിൽക്സ് & സാരീസ്, കൊണ്ടോട്ടി | I |
| 14 | കൽപക തിയേറ്റർ,കൊണ്ടോട്ടി | I |
| 15 | എവറസ്റ്റ് ഫൗണ്ടേഷൻ,കൊണ്ടോട്ടി | II |
| 16 | ബജാജ് ഫിനാൻസ്,കൊണ്ടോട്ടി | II |

ചുവടെ ചേർത്ത സ്ഥാപനങ്ങൾ നികുതികൾ അടവാക്കിയിട്ടുണ്ടെങ്കിലും അതതിന് നേരെ ചേർത്ത അർദ്ധ വർഷം അവ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ശരിയായ നികുതികൾ തന്നെയാണോ അടവാക്കിയത് എന്ന് ഉറപ്പ് വരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

1. KGB കൊണ്ടോട്ടി ബ്രാഞ്ച് - I

2. പറമ്പാടൻ എക്സ്റ്റീരിയോക്ക്,കൊണ്ടോട്ടി - I

3. ഇർഷാദ് എഞ്ചിനീയറിംഗ്,കൊണ്ടോട്ടി - I

4. മെഴ്സി ഹോസ്പിറ്റൽ - II

5. അലഹബാദ് ബാങ്ക് - II

6. ബുഖാരി ഇംഗ്ലീഷ് സ്കൂൾ - II

7. ഹോമിയോപ്പതിക് ഹെൽത്ത് സെന്റർ, നെടിയിരുപ്പ് - II

8. ഗവ.ടെക്നിക്കൽ ഹൈസ്കൂൾ, മഞ്ചേരി. (GIFD കൊട്ടുക്കര) - II

9. ഹാന്റ് ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ - II

10. പോസ്റ്റ് ഓഫീസ്, ചിറയിൽ - II

11. റിലീഫ് ഹോസ്പിറ്റൽ - II

12. യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി -II

13. വില്ലേജ് ഓഫീസ് നെടിയിരുപ്പ് -II

14. ഭാരത് സ്റ്റാർ സർവ്വീസ് - II

15. ട്രാഫിക് പോലീസ് യൂണിറ്റ് കൊണ്ടോട്ടി - II

16. എസ്.ബി.ഐ കൊണ്ടോട്ടി ബ്രാഞ്ച് - II

17. ബി.എസ്.എൻ.എൽ, കൊണ്ടോട്ടി - II

18. കേരള ഗ്രാമീൺ ബാങ്ക്, നെടിയിരുപ്പ് ബ്രാഞ്ച് -II

19.പോസ്റ്റ് ഓഫിസ്, മേലങ്ങാടി,കൊണ്ടോട്ടി - II

20. ICICI ബാങ്ക്,കൊണ്ടോട്ടി - II

21. അറ്റ് ലസ് ലോജിസ്റ്റിക്ക്സ്,കൊണ്ടോട്ടി - II

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 16/16.11.18ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പരാമർശിച്ച തൊഴിൽ നികുതികൾ അടവാക്കാത്ത സ്ഥാപനങ്ങൾക്ക് അവ പിഴ സഹിതം ഈടാക്കുന്നതിന് നോട്ടീസ് നൽകിയതായും ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി വരുന്നതായും പൂർത്തിയാകുന്ന മുറക്ക് അറിയിക്കുന്നതാണ് എന്നും അറിയിച്ചു. റിട്ടേണുകൾ ലഭ്യമാക്കാത്തതിന് കാരണം വ്യക്തമല്ല, ഡിമാന്റ് രജിസ്റ്റർ ഹാജരാക്കേണ്ടതും തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും അവ പിഴ സഹിതം ഈടാക്കി അറിയിക്കുകയും (മുൻപേ അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം അക്കാര്യം അറിയിക്കേണ്ടതാണ്) ചെയ്യേണ്ടതാണ്.

## 2-5 ഇ. ടെണ്ടർ - ടെണ്ടർ ഫീ ലഭിച്ചില്ല

2017-18 വർഷത്തിൽ 19 പ്രൊജക്ടുകൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്തിട്ടുണ്ട്.. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നഗരസഭാഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല.

മേൽ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാരിൽ നിന്ന് ഈടാക്കിയ തുക നഗരസഭാ അക്കൗണ്ടിൽ വരവ് വക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതിലെ അപാകതകൾ

2017-18 വർഷം കെട്ടിട നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തുകയുണ്ടായി.

**1. അനുവദിച്ചതിലും കൂടുതൽ ഭൂമി തരം മാറ്റി കെട്ടിടം നിർമിക്കുന്നു**

(ഫയൽ നം. E1-430/2017-18, അപേക്ഷ നം. 10693/17-18 - കൊണ്ടോട്ടി വില്ലേജിലെ ബ്ലോക്ക് 12, സർവ്വേ നം. 161/6 സ്ഥലത്ത് ശ്രീ. മച്ചിങ്ങൽ മുഹമ്മദ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിനുള്ള പെർമിറ്റ്)
വില്ലേജ് ഓഫീസിൽ നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റിൽ കെട്ടിടത്തിനായുള്ള ഭൂമിയുടെ തരം നിലം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മലപ്പുറം ജില്ലാ കളക്ടറുടെ 05.03.2004 തീയ്യതിയിലെ ബി7 – 3989/2003 നം. നടപടിക്രമം പ്രകാരം മേൽപറഞ്ഞ വ്യക്തിക്ക് ക്വാർട്ടേഴ്സ് കെട്ടിടം നിർമിക്കാൻ 15.9 സെന്റ് വിസ്തീർണ്ണമുള്ള ടി പ്ലോട്ടിലെ 10 സെന്റ് (.0404 Ha) ഭൂമി തരം മാറ്റാൻ അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ ബിൽഡിംഗ് പെർമിറ്റ് അപേക്ഷയിലും, സൈറ്റ് പ്ലാനിലും പ്ലോട്ടിന്റെ മൊത്തം വിസ്തീർണ്ണമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കെട്ടിടത്തിന്റെ തറവിസ്തീർണ്ണാനുപാതം (FAR), കവറേജ് തുടങ്ങിയവ കണക്കാക്കാൻ 10 സെന്റ് എന്നതിനു പകരം പ്ലോട്ടിന്റെ ആകെ വിസ്തീർണ്ണമായ 15.9 സെന്റാണ് കണക്കിലെടുത്തിരിക്കുന്നത്.
അനുവദിച്ചതിലും കൂടുതൽ ഭൂമി തരം മാറ്റിയത് ഗുരുതരമായ നിയമലംഘനമാണ്.

**2. കെട്ടിടത്തിന്റെ ഗണം തെറ്റായി നിർണ്ണയിച്ച് പെർമിറ്റ് നൽകി**

(ഫയൽ നം. E1-337/2017-18, അപേക്ഷ നം. 9216/17-18 - കൊണ്ടോട്ടി വില്ലേജിലെ ബ്ലോക്ക് 12, സർവ്വേ നം. 296/7 സ്ഥലത്ത് ശ്രീ. അഷ്റഫ്. കെ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിനുള്ള പെർമിറ്റ്)
പെർമിറ്റ് നൽകിയത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിനാണെങ്കിലും കെട്ടിടത്തിന്റെ സർവ്വീസ് പ്ലാനിൽ സ്റ്റോക്ക് റൂം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ബിൽഡിംഗ് പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ ഘടനയും സ്റ്റോക്ക് റൂമിന്റേതാണ്. ആ നിലക്ക് 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം ഗണം H-ൽ പെടുന്ന സംഭരണസ്ഥലങ്ങളുടെ വിഭാഗത്തിലാണ് (തറവിസ്തീർണ്ണം 300 ച.മീറ്ററിൽ കൂടുതൽ) ടി കെട്ടിടം വരിക. എന്നാൽ പെർമിറ്റ് നൽകിയിരിക്കുന്നത് ഗണം - Fൽ വരുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിനാണ്.
ഗണം H-ൽ പെടുന്ന കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിബന്ധനകൾ ബാധകമാണ്:
- ഈ ഗണത്തിലുൾപ്പെടുന്ന കെട്ടിടങ്ങൾക്ക്, അവയ്ക്ക് എത്ര നിലകൾ ഉണ്ടായാൽ തന്നെയും അഗ്നിശമനാ ഡയറക്ടറേറ്റിൽ നിന്നും ഫയർ N O C നേടേണ്ടതാണ് [1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 58(4a)]
- കെട്ടിടത്തിലേക്കുള്ള പ്രവേശന വീതി കുറഞ്ഞത് 7 മീറ്ററെങ്കിലും ഉണ്ടായിരിക്കേണ്ടതാണ് [1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 58(3b)]

ഫയൽ പരിശോധനയിൽ മേൽപറഞ്ഞ നിബന്ധനകളൊന്നും പാലിക്കപ്പെട്ടിട്ടില്ല എന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു.

**3. കെട്ടിടത്തിന് വേണ്ടത്ര പാർക്കിംഗ് സ്പേസ് ഇല്ല**

(പെർമിറ്റ് നം. E1-313/2017-18, അപേക്ഷ നം. 8868/17-18 - കൊണ്ടോട്ടി വില്ലേജിലെ ബ്ലോക്ക് 12, സർവ്വേ നം. 152/12 സ്ഥലത്ത് ശ്രീ. അബ്ബാസ് താരിപ്പറമ്പൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിനുള്ള പെർമിറ്റ്)
അപേക്ഷയോടൊപ്പം സമർപ്പിച്ച കെട്ടിടത്തിന്റെ സർവ്വീസ് പ്ലാൻ പ്രകാരം ഈ കെട്ടിടത്തിന് വേണ്ടത്ര പാർക്കിംഗ് സ്പേസ് കൊടുത്തിട്ടില്ല ([1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34). വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ ആകെ കാർപ്പെറ്റ് വിസ്തീർണ്ണം | 712.5 ച. മീ. |
| കെട്ടിടത്തിന് വേണ്ട കാർ-പാർക്കിംഗ് (ഓരോ 75 ചതുരശ്ര മീറ്ററിനും ഒന്ന് | 712.5/75 = 9.5 ~ 10 |

| | |
|---|---|
| എന്ന തോതിൽ) | |
| കെട്ടിടത്തിന്റെ സർവ്വീസ് പ്ലാൻ പ്രകാരം ലഭ്യമാക്കിയിട്ടുള്ളത് | 8 (സാധാരണ) + 1 (ഭിന്നശേഷിക്കാർക്ക്) |

(കുറിപ്പ് : ഭിന്നശേഷിക്കാർക്കുള്ള പാർക്കിംഗ് പ്രത്യേകമായി നൽകേണ്ടതും, ഇത് പൊതു പാർക്കിംഗിൽ ഉൾപ്പെടുത്താവുന്നതല്ല)
മേൽ സൂചിപ്പിച്ച പട്ടിക പ്രകാരം ഈ കെട്ടിടത്തിന് രണ്ട് പാർക്കിംഗ് യൂണിറ്റിന്റെ കുറവുണ്ട്.

ചട്ടങ്ങൾ പാലിക്കാതെയുള്ള കെട്ടിട നിർമ്മാണങ്ങൽക്ക് അനുമതി നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 5 –ന് മറുപടിയായി ക്രമ നം. 3-ൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ പെർമിറ്റ് റീവോക്ക് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് അസി. എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പെർമിറ്റ് നൽകുന്നതിനു മുമ്പ് അപേക്ഷയിലെ രേഖപ്പെടുത്തലുകളെല്ലാം ചട്ടപ്രകാരമാണെന്ന് ബിൽഡിംഗ് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്.

# 2-7 നിർമ്മാണത്തിലിരിക്കുന്ന ഓഡിറ്റോറിയം കെട്ടിടം - കവറേജ്, പെർമിറ്റ് ഫീ എന്നിവ കണക്കാക്കിയതിൽ അപാകത

ഫയൽ നം. B2-188/2016-17 - നെടിയിരുപ്പ് വില്ലേജിലെ ബ്ലോക്ക് 35, സർവ്വേ നം. 45/5-2, 43/3-2, സ്ഥലത്ത് ശ്രീ. അബ്ദുസ്സലാം ഹസ്സൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഓഡിറ്റോറിയം കെട്ടിടം നിലവിൽ നിർമ്മാണത്തിരിക്കുന്നതാണ്. ഫയലിൽ ഉൾപ്പെടുത്തിയ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നില | തറവിസ്തീർണ്ണം (ച.മീ.) |
|---|---|
| ബേസ്മെന്റ് | 3519.67 |
| ഭൂനിരപ്പ് നില | 2571.79 |
| ഒന്നാം നില | 2361.29 |
| കോണിപ്പടി | 48.02 |
| ആകെ | 8500.77 |

നെടിയിരുപ്പ് വില്ലേജ് ഓഫീസിൽ നിന്നുള്ള കൈവശ സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടം നിൽക്കുന്ന പ്ലോട്ടിന്റെ ആകെ വിസ്തീർണ്ണം 0.6821 Ha (6821ച.മീ.) ആണ്.

1. <u>കെട്ടിടത്തിന്റെ കവറേജ് കണക്കാക്കിയതിൽ അപാകത</u>

കവറേജിനായുള്ള വിസ്തീർണ്ണം കണക്കാക്കുന്നതിന് കെട്ടിടത്തിന്റെ ഏതെങ്കിലും നിലയിലെ ഏറ്റവും കൂടിയ വിസ്തീർണ്ണമാണ് എടുക്കേണ്ടത്, അതായത് മേൽ സൂചിപ്പിച്ച പട്ടിക പ്രകാരം 3519.67 ച.മീ തറവിസ്തീർണ്ണം ഉള്ള ബേസ്മെന്റ് നില. എന്നാൽ സൈറ്റ് പ്ലാനിൽ 2571.79 ച.മീ തറവിസ്തീർണ്ണം ഉള്ള ഭൂനിരപ്പ് നിലയാണ് കവറേജിനായി കണക്കിലെടുത്തിരിക്കുന്നത്. ഇതു കാരണം കെട്ടിടത്തിന്റെ കവറേജ് കണക്കാക്കിയതിൽ തെറ്റ് വന്നിട്ടുണ്ട്. യഥാർത്ഥ കവറേജ് ചുവടെ കൊടുക്കുന്നു.

കെട്ടിടങ്ങളുടെ യഥാർഥ കവറേജ് = കവറേജ് കണക്കാക്കാനുള്ള തറവിസ്തീർണ്ണം/ പ്ലോട്ട് വിസ്തീർണ്ണം

= 3519.67/6819.195 = 51.61 %

കെട്ടിടത്തിന്റെ കവറേജ് സമ്മേളനസ്ഥലത്തിന്റെ വിഭാഗത്തിൽ വരുന്ന കെട്ടിടങ്ങളുടെ അനുവദനീയമായ 40 ശതമാനത്തിൽ *( 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 31-ഉം അനുബന്ധമായിട്ടുള്ള പട്ടിക 2-ഉം പ്രകാരം കൈവശഗണം D-യിൽ ഉൾപ്പെടുന്ന കെട്ടിടം)* നിന്നും അധികരിക്കുന്നുണ്ട്. ഇത് ഗുരുതരമായ ചട്ടലംഘനമാണ്.

ടി കെട്ടിടത്തിന്റെ നിർമ്മാണത്തിന് ചീഫ് ടൗൺ പ്ലാനറുടെ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും (ഉത്തരവ് നം. സി-9668/2015/ഡി.ഡിസ് തീയ്യതി 04.11.15), 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ

പാലിച്ചുകൊണ്ടായിരിക്കണം എന്ന നിബന്ധനയോടെയാണ് ഈ ഉത്തരവ് നൽകിയിട്ടുള്ളത്. ആ നിലക്ക് ചട്ടങ്ങൾ പാലിക്കാതെയുള്ള ഈ നിർമ്മാണത്തിന് അനുമതി നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

2. കെട്ടിടത്തിന്റെ പെർമിറ്റ് ഫീ കണക്കാക്കിയതിൽ അപാകത

ടി കെട്ടിടത്തിന്റെ നിർമ്മാണം പെർമിറ്റ് ലഭിക്കുന്നതിനു മുൻപേ ആരംഭിച്ചതാണെന്ന് 08.09.2015-ലെ ഫയൽ നോട്ടിൽ ഓവർസിയർ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഇതു നിർമ്മാണ ക്രമവത്കരണമാണ്. നിർമ്മാണ ക്രമവത്കരണങ്ങളുടെ കാര്യത്തിൽ പെർമിറ്റ് ഫീസിന്റെ ഇരട്ടി ഈടാക്കേണ്ടതാണ്. എന്നാൽ ഇക്കാര്യത്തിൽ അടിസ്ഥാന പെർമിറ്റ് ഫീസേ ഈടാക്കിയിട്ടുള്ളൂ.
വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം (Plinth Area) | 8500.77 |
| ഈടാക്കിയ പെർമിറ്റ് ഫീ | 8500.77 X 10 = 85008 (Rt. No. 11602108217 Dt. 03.12.2016) |
| ഈടാക്കേണ്ട ഫീ | 8500.77 X 10 X 2 = 170016 |
| വ്യത്യാസം | 85008 |

കുറഞ്ഞ പെർമിറ്റ് ഫീ ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

ക്രമ നം. 1-ൽ സൂചിപ്പിച്ച കെട്ടിട നിർമ്മാണത്തിലെ അപാകത പരിഹരിച്ച്, ക്രമ നം. 2-ൽ സൂചിപ്പിച്ച പോലെ ആകെ പെർമിറ്റ് ഫീ എത്രയാണോ, അതിന്റെ രണ്ടിരട്ടി ക്രമവൽക്കരണ ഫീയായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ടി തുക ഈടാക്കാത്തപക്ഷം, അത് സെക്രട്ടറിയുടെ ബാധ്യതയായി ചുമത്തുന്നതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 19 – ന് മറുപടിയൊന്നും ലഭിച്ചിട്ടില്ല.

## 2-8 ഡി&ഒ ലൈസൻസ് - അപാകതകൾ

1)ഡി&ഒ ലൈസൻസ് ഫീസ് നിർണയം/ഈടാക്കൽ - അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ ഡി&ഒ ലൈസൻസ് അപേക്ഷകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ അപേക്ഷകരിൽ നിന്നും 2011 ലെ കേരള മുനിസിപ്പാലിറ്റി(ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടികകൾ പ്രകാരമുള്ള ലൈസൻസ് ഫീസ് ചില അപേക്ഷകരിൽ നിന്നും കുറവായാണ് ഈടാക്കിയിരുന്നത്.

ലൈസൻസ് ഫീസ് നിർണയിക്കുന്നതിനായി, ലൈസൻസ് അനുവദിക്കുന്നതിന്റെ മുൻപ് ചട്ടം 4ൽ പരാമർശിച്ച പ്രകാരം പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലും നോട്ടീസിലും ഓരോ വ്യാപാരം/കച്ചവടം/തൊഴിൽ ഇവ നടത്തുന്ന സ്ഥലത്തിന്റെ പ്രാധാന്യം വ്യാപാരത്തിന്റെ സ്വഭാവം, വ്യാപാരത്തിന്റെ തോത് മുതൽ മുടക്ക് എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ സുതാര്യമായ മാനദണ്ഡ പ്രകാരം ഓരോ വ്യാപാരത്തേയും എ, ബി, സി എന്നീ മൂന്ന് വിഭാഗങ്ങളായി തിരിക്കേണ്ടതാണ്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തേയും വ്യാപാരത്തിന്റെ തോത് മുതൽ മുടക്ക് എന്നീ ഘടകങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ എ, ബി, സി എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ചുള്ള ബൈലോ കൗൺസിൽ പാസ്സാക്കി സർക്കാറിന്റെ/വകുപ്പിന്റെ അംഗീകാരത്തിനായി അയക്കുകയും 2018-19 വർഷത്തിൽ ആയതു പ്രകാരമുള്ള ഫീസ് ഈടാക്കിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി ബൈലോയിൽ വ്യാപാരം നടത്തുന്ന സ്ഥലത്തിന്റെ പ്രാധാന്യം വ്യാപാരത്തിന്റെ സ്വഭാവം എന്നിവ പരിഗണിച്ചിട്ടില്ല.

മുനിസിപ്പാലിറ്റി ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസാണ് നഗരസഭ 2017-18 സാമ്പത്തിക വർഷത്തിൽ ഈടാക്കിയത്. എന്നാൽ ചില അപേക്ഷകരിൽ നിന്നും ചട്ടപ്രകാരമുള്ള കുറഞ്ഞ ലൈസൻസ് ഫീസ്(സി വിഭാഗം വ്യാപാരങ്ങൾക്ക് ബാധകമായ)പോലും ഈടാക്കിയിരുന്നില്ല. ആകെ 2150/- രൂപ ഈടാക്കാനവശേഷിച്ചിരുന്നു.

അപാകതകൾ ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 06/14.11.18ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് ഫീസ് ഇനത്തിൽ കുറവ് വന്ന ആകെ തുക 2150/- രൂപ ഓഡിറ്റ് വേളയിൽ 19-11-2018 ലെ 118020110718 മുതൽ 118020110726 വരെയുള്ള രസീതുകൾ പ്രകാരം ഈടാക്കി അടവാക്കിയതായും ലൈസൻസ് ഫീസ് നിർണയിക്കുന്നതിനായി ഓരോ വ്യാപാരം/കച്ചവടം/തൊഴിൽ ഇവ നടത്തുന്ന സ്ഥലത്തിന്റെ പ്രാധാന്യം വ്യാപാരത്തിന്റെ സ്വഭാവം, വ്യാപാരത്തിന്റെ തോത് മുതൽ മുടക്ക് എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ സുതാര്യമായ മാനദണ്ഡ പ്രകാരം ഓരോ വ്യാപാരത്തേയും എ, ബി, സി എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് പുതിയ

ഡി&ഒ ബൈലോ ഭേതഗതി വരുത്തുന്നതാണെന്നും അറിയിച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2)റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു.

2011 ലെ കേരള മുനിസിപ്പാലിറ്റി(ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടികിൽ ക്രമ നമ്പർ 54പ്രകാരം റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ നഗരസഭകൾക്ക് അധികാരമുണ്ട്. എന്നാൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ല, ലൈസൻസ് നൽകുവാൻ നഗരസഭ നടപടികൾ സ്വീകരിച്ചിട്ടുമില്ലായിരുന്നു. ലൈസൻസ് രജിസ്റ്ററിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 07/14.11.18ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന 17 റേഷൻ കടകൾക്കും ലൈസൻസ് എടുക്കാനാവശ്യപ്പെട്ടു കൊണ്ട് നോട്ടീസ് നൽകിയതായും ലൈസൻസ് എടുപ്പിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനു വേണ്ട മറ്റ് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്

# 2-9 മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടത്തിന് വിരുദ്ധമായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചു

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 17(2) പ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിക്കുന്ന മുഴുവൻ തുകയും ഗവ.ട്രഷറി സേവിങ്സ് അക്കൗണ്ടിലോ അല്ലെങ്കിൽ ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ ആണ് അടക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചതാണ്.

എന്നാൽ മുനിസിപ്പാലിറ്റിയുടെ വിവിധ ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൽ മേൽ ചട്ടങ്ങൽക്ക് വിരുദ്ധമായി സ്വകാര്യ ബാങ്കുകളിലും , സഹകരണ ബാങ്കിലും നഗരസഭ അക്കൗണ്ട് ആരംഭിച്ചതായി വ്യക്തമായി. ഇത്തരം അക്കൗണ്ടുകളുടെ വിവരം താഴെ നൽകുന്നു.

1) HDFC ബാങ്ക് അക്കൗണ്ട് നമ്പർ - 50100215625441

2) ആക്സിസ് ബാങ്ക് അക്കൗണ്ട് നമ്പർ- 917010069258367

3) കൊണ്ടോട്ടി സർവീസ് സഹകരണ ബാങ്ക് അക്കൗണ്ട്

മുനിസിപ്പാലിറ്റി ചട്ടങ്ങൾക്ക് വിരുദ്ധമായി ആരംഭിച്ച അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

# 2-10 കെട്ടിട നിർമ്മാണ പെർമിറ്റ് - പൊതു അപാകതകൾ

2017-18 വർഷത്തിൽ കെട്ടിട നിർമ്മാണം സംബന്ധിച്ച പെർമിറ്റ്/ക്രമവത്കരണ അപേക്ഷകളുടെയും അവയുടെ മേലുള്ള തുടർനടപടികളുടെയും സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| തൻ വർഷത്തെ ആകെ അപേക്ഷകൾ | 506 |
| പെർമിറ്റ് നൽകിയത് | 114 |
| ക്രമവൽക്കരിച്ചത് | 123 |
| നിരസിച്ചത് | 4 |
| തീർപ്പാക്കാത്തത് | 265 |

മേൽ പറഞ്ഞ പട്ടികയുടെ അവലോകനത്തിൽ നിന്നും രജിസ്റ്റർ പരിശോധനയിൽ നിന്നും താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തുകയുണ്ടായി.

1. അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസം നേരിടുന്നു

മേൽ സൂചിപ്പിച്ച പട്ടിക പ്രകാരം തീർപ്പാക്കാത്ത അപേക്ഷകൾ 265 എണ്ണമുണ്ട്. അതായത് 2017-18 വർഷത്തിൽ ലഭിച്ച ആകെ അപേക്ഷകളിൻമേൽ ഭൂരിപക്ഷവും തീർപ്പാക്കിയിട്ടില്ല. ഇവയുടെമേൽ എന്തെങ്കിലും തുടർനടപടികൾ നഗരസഭ എടുത്തിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 13 പ്രകാരം പെർമിറ്റിനുള്ള അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ സെക്രട്ടറി സൈറ്റ് പ്ലാൻ അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യേണ്ടതാണ്. ചട്ടം 14 പ്രകാരം സൈറ്റ് പ്ലാൻ അംഗീകരിച്ച് 30 ദിവസങ്ങൾക്കുള്ളിൽ നിർമ്മാണത്തിനുള്ള അനുമതി നൽകേണ്ടതോ നിരസിക്കുകയോ ചെയ്യേണ്ടതും ആ വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

കെട്ടിടനിർമ്മാണത്തിനായോ, ക്രമവത്കരണത്തിനായോ ലഭിക്കുന്ന അപേക്ഷകളിൻമേൽ നഗരസഭ ചട്ടങ്ങൾ അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ നടപടി സ്വീകരിക്കേണ്ടതാണ്.

2. ഭൂരിപക്ഷം കെട്ടിടങ്ങളും നഗരസഭയുടെ അനുമതിയില്ലാതെ നിർമ്മാണം ആരംഭിച്ച് പിന്നീട് ക്രമവൽക്കരിക്കപ്പെടുന്നു

പട്ടികയിൽ സൂചിപ്പിച്ച പോലെ ക്രമവൽക്കരിക്കപ്പെട്ട നിർമ്മാണങ്ങൾ പെർമിറ്റ് നൽകിയ നിർമ്മാണങ്ങളേക്കാളും കൂടുതലാണ്. അതായത് ഭ്രരിഭാഗം കെട്ടിടങ്ങളും നഗരസഭയുടെ അനുമതി കൂടാതെ നിർമ്മാണം തുടങ്ങുകയോ പൂർത്തീകരിക്കുകയോ ചെയ്തതിന് ശേഷം പിന്നീട് ക്രമ വൽക്കരണം നടത്തുകയാണ് ചെയ്യുന്നത്. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം ഏതൊരാളും സെക്രട്ടറിയിൽ നിന്നും പെർമിറ്റ് ലഭ്യമാക്കാതെ കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. ആ നിലക്ക് മേൽ പ്രവർത്തി ചട്ടലംഘനമായി കണക്കാക്കേണ്ടതാണ്. നഗരസഭാ പരിധിയിലുള്ള നിർമ്മാണങ്ങളുടെ മേൽ നഗരസഭക്ക് നിയന്ത്രണമില്ലാത്തതുകൊണ്ടാണ് നിർമ്മാണ ക്രമവത്കരണങ്ങൾ പെർമിറ്റ് നൽകി ആരംഭിച്ച നിർമ്മാണങ്ങളേക്കാൾ അധികരിച്ചത്.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 4-ന് മറുപടിയൊന്നും ലഭിച്ചിട്ടില്ല.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രവൃത്തി ചെയ്തതിനെക്കാൾ കൂടുതൽ അളവ് രേഖപ്പെടുത്തി ₹ 11893 നഷ്ടം

യഥാർത്ഥത്തിൽ പ്രവൃത്തി നടപ്പാക്കിയതിനെക്കാൾ കൂടുതൽ അളവിൽ പ്രവൃത്തി ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തി പണം നൽകിയത്മൂലം നഗരസഭക്ക് നഷ്ടം സംഭവിച്ചു.

2017-18 വർഷത്തിൽ നടപ്പാക്കിയ ഹെസകുൾപടി പുളിയഞ്ചാലി ഡ്രൈനേജ് സ്ലാബിട്ട് ഗതാഗത യോഗ്യമാക്കൽ (509/18) എന്ന പ്രവൃത്തിയിലാണ് അപാകത സംഭവിച്ചത്.

| | |
|---|---|
| സാങ്കേതികാനുമതി | - LSGD/TS/2017-18 /26229 Dt. 19.05.2017 |
| കൺവീനർ | - ശ്രീ പി ജാഫർ |
| കരാർ | - 6/AE/LSGD/KDY/17-18 Dt. 07.08.2017 |
| എം ബുക്ക് | - 85/17-18 |
| മൂല്യ നിർണ്ണയം | - 430167 |
| ചെലവ് | - 430167 (ബിൽ നമ്പർ 37/17-18 തി.28.02.2018) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 10 പ്രകാരം ഡ്രൈനേജിന് മുകളിൽ 1:1.5:3 അനുപാതത്തിൽ 18 സെ.മീ കനത്തിൽ പ്രബലിത കോൺക്രീറ്റ് ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തി അതനുസരിച്ച് കൺവീനർക്ക് പണം നൽകിയിട്ടുണ്ട്.

എന്നാൽ 22.11.2018 ന് മുനിസിപ്പാലിറ്റി ഓവർസിയറുടെ സാനിദ്ധ്യത്തിൽ പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ചതിൽ ശരാശരി 15 സെ.മീ കനത്തിലാണ് പ്രസ്തുത കോൺക്രീറ്റ് ചെയ്തത് എന്ന് വ്യക്തമായി.

ഇത്തരത്തിൽ തെറ്റായ അളവ് രേഖപ്പെടുത്തി പണം നൽകിയത്മൂലം താഴെ പറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.

| | |
|---|---|
| 18 cm കനത്തിൽ ചെയ്തതായി കാണിച്ച അളവ് | - 8.75 ക്യൂ.മീ |
| യഥാർത്ഥത്തിൽ ചെയ്ത അളവ് ( 15 cm കനത്തിൽ ) | - 8.75/18x15 = 7.29 |
| അധികമായി അനുവദിച്ച് നൽകിയ കോൺക്രീറ്റിന്റെ അളവ് | = 8.75-7.29 |
| | = 1.46 |
| അധികമായി അനുവദിച്ച് നൽകിയ തുക | = 1.46x 8145.62 |
| | = 11893 |

ഈ പ്രവൃത്തിയിലെ മറ്റ് ഇനം പ്രവൃത്തികളിലും ഇത്തരം അപാകതയുണ്ടോ എന്ന് ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നമ്പർ 42/23.11.18, ) മറുപടി ലഭ്യമാക്കിയിട്ടില്ല.

തെറ്റായ അളവ് രേഖപ്പെടുത്തി കൺവീനർക്ക് അധിക തുക നൽകിയതിനും അതുവഴി നഗരസഭക്ക് സാമ്പത്തിക നഷ്ടമുനഷ്ടണ്ടാക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികമായി നൽകിയ തുക അളവ് രേഖപ്പെടുത്തിയ എഞ്ചിനിയറിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-2 മുൻകൂറുകൾ നല്കൽ- ക്രമീകരണമില്ലായ്മ- അപാകതകൾ

കൊണ്ടോട്ടി നഗര സഭയിൽ നഗരസഭാ ആവശ്യത്തിനുള്ള ഔദ്യോഗിക കാര്യങ്ങൾ ചെയ്യുന്നതിനായി ജീവനക്കാർക്ക് വ്യാപകമായിമുൻകൂറുകൾ നൽകുന്നതായി കാണുന്നു. എന്നാൽ ഇവ യഥാസമയം ക്രമീകരിക്കുകയോ, അഡ്ജസ്റ്റ്മെന്റ് വൗച്ചർ തയ്യാറാക്കുകയോ ചെയ്യുന്നില്ല. മുൻകൂറുകളുടെ ക്രമീകരണം നിരീക്ഷിക്കുന്നതിനുള്ള അടിസ്ഥാനരേഖയായ 'മുൻകൂർ രജിസ്റ്ററി'ൽ ഇവ രേഖപ്പെടുത്തുകയോ, സാംഖ്യയിൽ നിന്നും ലഭ്യമാകുന്ന ലെഡ്ജർ പ്രിന്റെടുത്ത് രജിസ്റ്ററായി ഉപയോഗിക്കുകയോ ചെയ്യുന്നുമില്ല. കൂടാതെ പല മുൻകൂറുകളും, മുൻകൂർ ഹെഡിൽ ചെലവു കാണിക്കാതെ, യഥാർത്ഥ ചെലവിന്റെ ഹെഡിൽ നേരിട്ട് ചെലവു കാണിച്ചാണ് വൗച്ചർ തയ്യാറാക്കിക്കാണുന്നത്.

മുനിസിപ്പാലിറ്റിയുടെ ഉത്തരവാദിത്തങ്ങളും കർത്തവ്യങ്ങളും നിറവേറ്റുന്നതിന് ഇപ്രകാരം മുൻകൂറുകൾ നൽകുന്നതിന് ആധാരമായ നിയമ പിൻബലം ഏതെന്നു വ്യക്തമല്ല. 2007 -ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ) ചട്ടങ്ങളിലോ, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലോ, അതിൻ പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളിലോ , കേരള ഫിനാൻഷ്യൽ കോഡ്, ട്രഷറി കോഡ്, അക്കൗണ്ട്സ് കോഡ് തുടങ്ങിയ പൊതു നിയമങ്ങളിലോ ഇത്തരം അനിയന്ത്രിതമായ മുൻകൂർ നല്കലിന് അനുമതിയില്ല. കൂടാതെ മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ അലംഭാവവും കാണുന്നുണ്ട്.

ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | തുക | വിവരണം | കൈപ്പറ്റിയ ആൾ |
|---|---|---|---|---|
| 1 | 21700097/29-4-17 (Head Code: 460100700-Miscellaneous Advance) | 25,000 | ബോർഡുകൾ, സീൽ, PAN CARD എന്നിവകൾക്കായി. | ശ്രീ.അനീഷ്.ബി.പി, സീ. ക്ലാർക്ക് |
| 2 | 21700282/ 19-6-17 ( -do-) | 1,00,000 | ചാലിയാർ കുടിവെള്ള പദ്ധതിയ്ക്ക് റോഡിനുള്ള സ്ഥലം രജിസ്റ്റർ ചെയ്യുന്നതിനായി. | ശ്രീ.അനീഷ്.ബി.പി, സീ. ക്ലാർക്ക് |
| 3 | 21700797/15-11-17 | 37,500 | മഴക്കാല പൂർവ ശുചീകരണ പ്രവർത്തനത്തിന്. | ശ്രീ. ഷാജു.കെ, JHI |

| | | | | |
|---|---|---|---|---|
| | (Head Code: 250401205-Implement Sanitation Programme) | | | |
| 4 | 21700798/15-11-17<br>( -do-) | 52,500 | „ | ശ്രീ. കൃഷ്ണൻ. പി, JHI |
| 5 | 21700799/15-11-17<br>( -do-) | 15,000 | „ | ശ്രീ. രാജൻ.സി, JHI |
| 6 | 21700800/15-11-17<br>( -do-) | 15,000 | „ | ശ്രീമതി. സറീന.കെ.സി, JPHN. |
| 7 | 21700801/15-11-17<br>( -do-) | 45,000 | „ | ശ്രീ. അബ്ദുൽ ലത്തീഫ്, JHI |
| 8 | 21700802/15-11-17<br>( -do-) | 15,000 | „ | ശ്രീമതി. സൈനബ. കെ, JPHN. |
| 9 | 21700803/15-11-17<br>( -do-) | 30,000 | „ | ശ്രീ. ശിവദാസൻ, JHI |
| 10 | 21700804/15-11-17<br>( -do-) | 15,000 | „ | ശ്രീമതി. സാഹിദ.സി, JPHN. |
| 11 | 21700805/15-11-17<br>( -do-) | 15,000 | „ | ശ്രീമതി. രമണി. പി.ടി, JPHN. |
| 12 | 21700806/15-11-17<br>( -do-) | 37,500 | „ | ശ്രീ. സുരേഷ്.എം.പി, JHI |
| 13 | 21700807/15-11-17<br>( -do-) | 22,500 | „ | ശ്രീമതി. ബുഷ്റ. എൻ.എം, JPHN. |
| 14 | 21700808/15-11-17<br>(Head Code: 460100700-Miscellaneous Advance) | 50,000 | ലോക ശൗചാലയ ദിനത്തിൽ ക്ലാസ് സംഘടിപ്പിക്കാൻ. | ശ്രീമതി. നിഷ.പി.ടി. JPHN. |
| 15 | 21701038/12-1-18<br>(-do-) | 30,000 | ഡ്രൈഡേ ആചരിക്കുന്നതിന്. | ശ്രീ. സ്മിരീഷ്ലാൽ, JHI |

മുകളിൽ പറഞ്ഞ മുൻകൂറുകളിൽ, ക്രമ നം. 1, 2, 14, 15 എന്നിവ ക്രമീകരിച്ചിട്ടുണ്ടെന്ന് Audit Enquiry No.15 യ്ക്ക് മറുപടി ലഭ്യമാക്കിയെങ്കിലും, ക്രമീകരണ വൗച്ചർ തയ്യാറാക്കിയത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മറ്റുള്ളവ ക്രമീകരിക്കുന്ന മുറയ്ക്ക് അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

(എ) ഇതിൽ ക്രമ നം.2 പ്രകാരമുള്ള ചാലിയാർ കുടിവെള്ള പദ്ധതിയുടെ ടാങ്ക് നിൽക്കുന്ന സ്ഥലത്തേക്ക് റോഡ് നിർമിക്കുന്നതിനായി സ്ഥലം വാങ്ങിയത് രജിസ്റ്റർ ചെയ്യുന്നതിനായി അനുവദിച്ച മുൻകൂർ, സ്ഥലത്തിന്റെ രജിസ്ട്രേഷൻ 25-5-17 ന് കഴിഞ്ഞതിനു ശേഷം, 10-7-17ന് അഡ്ജസ്റ്റ് ചെയ്യുന്നതിനായി സെക്രട്ടറി ഉത്തരവിട്ടെങ്കിലും, 7 മാസത്തിനു ശേഷം 7-2-18 ന് രസീതി നം. 11702113339 പ്രകാരമാണ് തിരിച്ചടക്കുന്നത്. ഇതിന് അഡ്ജസ്റ്റ്മെന്റ് ബിൽ തയ്യാറാക്കിയിട്ടില്ല. യഥാസമയം ക്രമീകരിക്കാത്തതിന് അർഹമായ പിഴപ്പലിശയും ഈടാക്കിയിട്ടില്ല.

സ്ഥലം വാങ്ങിയതിന്റെ ഫയലിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ പ്രകാരം 71,340 രൂപ ചെലവു വന്നതായും, അവശേഷിക്കുന്ന 28,660 രൂപ മാത്രം തിരിച്ചടച്ചതായുമാണ് കാണുന്നത്. ഫയൽ കാണാത്തതിനാലാണ് ബാക്കി തുക

തിരിച്ചടക്കാതിരുന്നതെന്നും, സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം ബാക്കി തുക നഗരസഭാ ചെസ്റ്റിൽ സൂക്ഷിച്ചിരുന്നുവെന്നും Audit Enquiry No.15 ന്റ് മറുപടി ലഭിച്ചിട്ടുണ്ടെങ്കിലും ആയതിന് തെളിവുകളൊന്നും ഹാജരാക്കിയിട്ടില്ല. തുക തിരിച്ചടക്കാത്തതിന്, മറുപടിയിലെ കാരണങ്ങൾ അംഗീകരിക്കാവുന്നതുമല്ല.

GO(P)No. 419/2011 Fin. Dt. 4-10-2011 പ്രകാരവും KFC Art.99 പ്രകാരവും അഡ്വാൻസുകൾ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ച് ക്രമീകരിച്ചിരിക്കണം. നിശ്ചിത സമയത്തിനകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ , തുക തിരിച്ചുപിടിക്കുകയും , മുൻകൂർ അനുവദിച്ച തിയ്യതി മുതൽ പ്രതിവർഷം 18% നിരക്കിൽ പലിശ ഈടാക്കുകയും ചെയ്യണം.
അതിൻ പ്രകാരം ശ്രീ. അനീഷ്.ബി.പി-യിൽ നിന്നും (1,00,000x 18%= 18,000/12 = 1500x7=) 10,500 രൂപ ഈടാക്കേണ്ടതാണ്.

(ബി) ക്രമീകരിക്കാത്ത എല്ലാ മുൻകൂറുകളും അർഹമായ പലിശ സഹിതം ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 വസ്തു നികുതി പരിഷ്കരണം - നടപടിക്രമങ്ങളിലെ അപാകതകൾ

കൊണ്ടോട്ടി, നെടിയിരുപ്പ് ഗ്രാമപഞ്ചായത്തുകൾ കൂട്ടിച്ചേർത്താണ് 1.11.2015-ന് കൊണ്ടോട്ടി നഗരസഭ നിലവിൽ വന്നത്. ഇതിനനുസൃതമായി പ്രദേശത്തെ വസ്തു നികുതി നിരക്കുകൾ പരിഷ്കരിക്കേണ്ടതുണ്ടായിരുന്നു. പുതുക്കിയ വസ്തുനികുതി നിരക്കുകൾ ഉൾപ്പെടുത്തി 14.12.16-ന് നഗരസഭ ഒരു നോട്ടീസ് നൽകിയിട്ടുണ്ടായി. ആക്ഷേപങ്ങളോ, അഭിപ്രായങ്ങളോ വരാത്തതിനാൽ പരിഷ്കരിച്ച നിരക്കുകൾ 03.02.17-ലെ 7-ാം നമ്പർ തീരുമാനം പ്രകാരം നഗരസഭാ ഭരണസമിതി ഐക്യകണ്ഠേന അംഗീകരിക്കുകയും, ടി നിരക്കുകൾക്ക് നഗരസഭ നിലവിൽ വന്ന 01.11.2015 മുതൽ മുൻകാല പ്രാബല്യം നൽകുകയും ചെയ്തു. ഇതിന്റെ ഭാഗമായി ആകെയുള്ള 40 വാർഡുകളിലെ കെട്ടിടങ്ങളുടെ നമ്പർ പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

22.04.2017-ലെ 7-ാം നം. തീരുമാനം പ്രകാരം കെട്ടിടത്തിന് നമ്പർ ഇടാൻ കുടുംബശ്രീയേയും (ഓരോ വാർഡിനും രണ്ട് അംഗങ്ങൾ വീതം), മേൽനോട്ടം വഹിക്കാൻ നഗരസഭയിലെ ഉദ്യോഗസ്ഥരെയും (അഞ്ച് വാർഡുകൾക്ക് ഒരു ഉദ്യോഗസ്ഥൻ വീതം) ചുമതലപ്പെടുത്തി. എന്നാൽ നടപടിക്രമങ്ങൾ നീണ്ടുപോകുകയും, 20.07.2017-ലെ ധനകാര്യ സ്ഥിരം സമിതിയുടെ 2-ാം നം. തീരുമാനം പ്രകാരം ഈ പ്രക്രിയക്കായി ദിവസവേതനത്തിൽ ഓവർസീയർമാരേയും, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരേയും നിയമിക്കാൻ തീരുമാനമായി. ഇതിന്റെ അടിസ്ഥാനത്തിൽ 12/17 മുതൽ നഗരസഭയിൽ 16 ഓവർസീയർമാരും, 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും നിയമിക്കപ്പെട്ടു. ഇതു സംബന്ധിച്ച നഗരകാര്യ ഡയറക്ടറുടെ സാധൂകരണ ഉത്തരവിൽ (ഇ7-11324/2018 തീയ്യതി 26.07.2018) ജീവനക്കാരുടെ സേവന കാലാവധി 179 ദിവസങ്ങളിൽ അധികരിക്കരുത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽപറഞ്ഞ ജീവനക്കാർക്ക് വേതനം നൽകിയ വകയിൽ നഗരസഭക്ക് വൻ തുക ചെലവായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | മാസം | ജീവനക്കാരുടെ എണ്ണം | ആകെ വേതനം |
|---|---|---|---|
| 1 | 12/17 | 16 ഓവർസീയർമാർ | 144150 |
| 2 | 01/18 | 16 ഓവർസീയർമാർ | 261280 |
| 3 | 02/18 | 16 ഓവർസീയർമാർ | 238560 |
| 4 | 03/18 | 16 ഓവർസീയർമാർ + 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ | 281160 |
| 5 | 04/18 | 16 ഓവർസീയർമാർ + 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ | 289680 |
| 6 | 05/18 | 16 ഓവർസീയർമാർ + 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ | 286840 |
| 7 | 06/18 | 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ | 29110 |
| 8 | 07/18 | 6 ഓവർസീയർമാർ + 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ | 137025 |
| 9 | 08/18 | 4 ഓവർസീയർമാർ + 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ | 68875 |
| | | ആകെ | 17,36,680 |

ഫയലുകളുടെ തുടർപരിശോധനയിൽ നിന്നും താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

1. വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി 18 ജീവനക്കാർ ദിവസവേതനത്തിൻ നിയമിക്കപ്പെട്ടിട്ടുണ്ടെങ്കിലും, വിശദാംശങ്ങളൊന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആദ്യം കുടുംബശ്രീയെ ഏൽപ്പിച്ച ടി പ്രവൃത്തി പിന്നീട് എന്തിന് ദിവസവേതനത്തിൽ ജീവനക്കാരെ വച്ച് ചെയ്തു എന്ന് വ്യക്തമാക്കുന്നില്ല. 12.12.17-ലെ 3-ാം തീരുമാനപ്രകാരം, നഗരസഭാ ഭരണസമിതി ജീവനക്കാരുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും, ടി ലിസ്റ്റ് മിനുട്സിലോ ബന്ധപ്പെട്ട ഫയലിലോ ഉള്ളടക്കം ചെയ്തിട്ടില്ല. മാത്രമല്ല ഇന്റർവ്യൂ നടത്തിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. ജീവനക്കാരുടെ നിയമനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. 40 വാർഡുകളുടെ രജിസ്റ്റർ പരിശോധനയിൽ നിന്നും, ആകെ 22,434 കെട്ടിടങ്ങൾക്ക് നമ്പർ ഇട്ടതായി കാണുന്നു. എന്നാൽ കെട്ടിട ഉടമകൾ സമർപ്പിച്ച റിട്ടേണുകളിൽ (ഫോം 2) രേഖകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കെട്ടിട ഉടമ നൽകിയ വിവരങ്ങൾ അതേപടി രജിസ്റ്ററുകളിലേക്ക് പകർത്തുന്നതായിട്ടാണ് കാണുന്നത്. റിട്ടേണുകൾ ഒരു പരിശോധനാ റിപ്പോർട്ട് തയ്യാറാക്കേണ്ടതായിരുന്നു. എന്നാൽ ഇങ്ങനെ ചെയ്തിട്ടില്ല. ഇതു കാരണം കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ കൃത്യമാണോ എന്ന് ഉറപ്പ് വരുത്താൻ നഗരസഭക്ക് സാധിച്ചിട്ടില്ല.

3. രജിസ്റ്ററുകളിൽ ചേർക്കുന്ന വിവരങ്ങൾ കൃത്യവും, പൂർണ്ണവുമാണെന്ന് നഗരസഭാ സെക്രട്ടറിയോ അല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ യഥായമയം ഉറപ്പ് വരുത്തേണ്ടതായിരുന്നു. എന്നാൽ രജിസ്റ്ററുകളുടെ കാലികമായ മോണിറ്ററിംഗ് ഉണ്ടായിട്ടില്ല. മാത്രമല്ല വസ്തു നികുതി പരിഷ്കരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിലേക്കായി ഭരണസമിതിയോ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ 2017-18 വർഷത്തിൽ ഒരു തീരുമാനം പോലും എടുത്തതായി കാണുന്നില്ല.

4. സഞ്ചയ സോഫ്റ്റ് വേറിലെ അസ്സസ്മെന്റ് രജിസ്റ്റർ പരിശോധനയിൽ 15,639 കെട്ടിടങ്ങളേ കാണുന്നുള്ളൂ. അതായത് മാന്വൽ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയ 22,434 കെട്ടിടങ്ങളിൽ 6795 കെട്ടിടങ്ങളുടെ ബേസ് ഡാറ്റാ സഞ്ചയയിൽ ചേർത്തിട്ടില്ല. വാർഡ് 24, 32, 35 എന്നിവയുടെ കാര്യത്തിൽ അസ്സസ്മെന്റ് രജിസ്റ്റർ ലഭ്യമല്ല, മാത്രമല്ല ഒന്നു മുതൽ പതിനൊന്ന് വരെയുള്ള വാർഡുകളിലെ കെട്ടിടങ്ങളുടെ വിശദാംശങ്ങളേ (ഫോം 6 Approve ചെയ്തത്) സഞ്ചയയിൽ ലഭ്യമായിട്ടുള്ളൂ. ബാക്കിയുള്ള കെട്ടിടങ്ങളുടെ ബേസ് ഡാറ്റ മാത്രമേയുള്ളൂ.

5. രേഖകൾ പ്രകാരം ജീവനക്കാരുടെ വേതനം ഇനത്തിൽ ചെലവഴിച്ചത് 17,36,680/- രൂപയും നമ്പറിട്ട കെട്ടിടങ്ങൾ 22,434-ഉം ആണ്. ആ നിലക്ക് കെട്ടിടമൊന്നിന് 77 രൂപ ചെലവ് വന്നിട്ടുണ്ട്. 20.10.2011-ലെ സ.ഉ(സാധാരണ) നം. 2414/2011/ത.സ്വ.ഭ.വ) ഉത്തരവ് പ്രകാരം കെട്ടിടങ്ങൾക്ക് നമ്പർ ഇട്ട്, വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിനായി മാർഗ്ഗനിർദേശങ്ങൾ നൽകിയിരുന്നു. ഇതു പ്രകാരം കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങൾ തിട്ടപ്പെടുത്തി എഴുതി ശേഖരിക്കുന്നതിനും, ഉടമകളെ ഒരു പ്രതി നൽകി അറിയിക്കുന്നതിനും, വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുന്നതിനുമായി 8 രൂപയും, ടി വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി അസ്സസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നതിന് 1 രൂപയും, പുതിയ നമ്പർ പ്ലേറ്റുകൾ പതിക്കുന്നതിനായി 3 രൂപയും എന്ന കണക്കിൽ കെട്ടിടമൊന്നിന് ആകെ 12 രൂപ വരുന്നതാണ്.
മേൽ സൂചിപ്പിച്ച ഉത്തരവിലെ പ്രവൃത്തികളെല്ലാം നഗരസഭയിൽ പൂർത്തിയാക്കിയിട്ടില്ല. മാത്രമല്ല ചെലവ് വളരെ അധികം അധികരിക്കുകയും ചെയ്തു.

6. ദിവസവേതനത്തിൽ നിയമിതരായ ജീവനക്കാർ 179 ദിവസത്തിൽ കൂടുതൽ നഗരസഭയിൽ തുടരരുത് എന്ന് നഗരകാര്യ ഡയറക്ടറുടെ ഉത്തരവിൽ പറയുന്നുണ്ടെങ്കിലും, 12/17 മുതൽ 08/18 വരെ (9 മാസം) ടി ജീവനക്കാർക്ക് വേതനം നൽകിയിട്ടുണ്ട്. ഇതിന് വിശദീകരണം നൽകേണ്ടതാണ്. 179 ദിസവങ്ങളിലധികം നഗരസഭയിൽ തുടരാൻ അനുമതി ആവശ്യപ്പെട്ടുകൊണ്ട് നഗരകാര്യ ഡയറക്ടർക്ക് കത്ത് നൽകിയെന്ന് ഇത് സംബന്ധിച്ച അന്വേഷണം നം. 17-നുള്ള മറുപടിയിൽ അറിയിച്ചിരുന്നെങ്കിലും ടി കത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.17-നുള്ള മറുപടി അപൂർണ്ണമായിരുന്നു. വിശദമായ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അന്വേഷണം നം.50-ന് മറുപടിയൊന്നും ലഭിച്ചിട്ടില്ല. വസ്തു നികുതി പരിഷ്കരണത്തിനായി നഗരസഭ മേൽ സൂചിപ്പിച്ച പോലെ വൻ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, ഇതു സംബന്ധിച്ച പ്രവൃത്തികൾ ഒന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല എന്ന് ക്രമ നം. 3, 4, 5 അപാകതകളിൽ നിന്നും വ്യക്തമാണ്. ആ നിലക്ക് ചെലവഴിച്ച 17,36,680/- രൂപ തടസ്സത്തിൽ വെക്കുന്നു. നികുതി പരിഷ്ക്കരണ പ്രവൃത്തികൾ എത്രയും വേഗത്തിൽ പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-4 ടാറിംഗ് പ്രവൃത്തിയിൽ കൺവീനർക്ക് അധികം തുക നൽകി

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ അനുവദിക്കാവുന്ന ഓവർഹെഡ് ചാർജ്ജ് 7.5 % ആയി സർക്കാർ നിജപ്പെടുത്തിയതാണ്. എന്നാൽ mord സ്പെസിഫിക്കേഷൻ ഉള്ള പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റോഡ് പ്രവൃത്തികൾക്ക് 10% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ 7.5% ൽ കൂടുതൽ ഓവർഹെഡ് ചാർജ്ജ് അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അധികമായി അനുവദിച്ച ഓവർഹെഡ് ചാർജ്ജ് ഫൈനൽ ബില്ല് നൽകുമ്പോൾ തിരിച്ചുപിടിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 29.12.2016 ലെ ഡി.ബി3/6512(ബി)/13/ സി.ഇ/ത.സ്വ.ഭ.വ സർക്കുലറിൽ നിർദേശിച്ചതാണ്.

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചിട്ടുണ്ടെങ്കിലും അധികമായി നൽകിയ 2.5% തുക തിരിച്ചു പിടിച്ചിട്ടില്ല.

| പ്രവൃത്തി | മൂല്യ നിർണ്ണയതുക | തിരിച്ചു പിടിക്കേണ്ട തുക | കുറിപ്പ് |
|---|---|---|---|
| ക്രഷർ തുമ്പേരിപ്പാറ വളവിൽ റോഡ് റി ടാറിംഗ് (472/18)<br>കൺവീനർ -ശ്രീ ഖാലിദ്<br>കരാർ - 86/AE/LSGD/KDY//16-17 തി. 09.03.2017<br>അനുവദിച്ച ഓവർഹെഡ് ചാർജ്ജ് - 10% | 295858 | 6724 [295858/110x2.5] | എം ബുക്ക് - 102/16-17<br>ബിൽ നമ്പർ - 33/17-18 തി. 28.02.2018 ₹ 295858<br>TS- 24505/16-17 Dt. 28.11.2016 |
| കുന്നത്ത് അംഗനവാടി റോഡ് ടാറിംഗ് (468/18)<br>കൺവീനർ -ശ്രീ ഷംസുദ്ദീൻ എം<br>കരാർ - 36/AE/LSGD/KDY//16-17 തി. 15.02.2017<br>അനുവദിച്ച ഓവർഹെഡ് ചാർജ്ജ് - 10% | 242138 | 5503 [242138/110x2.5] | എം ബുക്ക് - 81,188 /17-18<br>ബിൽ നമ്പർ - 15/17-18 തി. 30.12.2017 ₹ 161687<br>₹ 94688 ചെ നം 21800513 /26.09.2018<br>TS- 17752/16-17 Dt. 22.11.2016 |
| | ആകെ | 12227 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ( എൻക്വയറി നമ്പർ 10/14.11.18, 28/21.11.18 ), കൺവീനറോട് തുക അടവാക്കാൻ നിർദേശിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. എന്നാൽ ഓഡിറ്റ് അവസാനിക്കുന്നത് വരെയും തുക തിരിച്ചടവാക്കിയിട്ടില്ല.

കൺവീനർക്ക് അധികമായി അനുവദിച്ച തുക ₹ 12227 ബില്ല് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

# 3-5 ആദായ നികുതി കുറവായി ഈടാക്കി

ആദായ നികുതി നിയമം സെക്ഷൻ 194 C പ്രകാരം കരാറുകാരുടെ സ്രോതസ്സിൽ നിന്ന് ഈടാക്കേണ്ട ആദായ നികുതി (TDS) വ്യക്തിഗത കരാറുകാർക്ക് 1% നിരക്കിലും വ്യക്തികൾ അല്ലാത്തവർക്ക് 2% നിരക്കിലുമാണ് ഈടാക്കേണ്ടത് എന്ന് നിർദേശിച്ചിട്ടുണ്ട്. PAN ഇല്ലാത്തവരിൽ നിന്നും 20% നിരക്കിൽ TDS ഈടാക്കണം എന്നും നിയമത്തിൽ നിർദേശിച്ചതാണ്.

ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാർ ഗുണഭോക്തൃ സമിതി ആയതിനാൽ മേൽനിയമപ്രകാരം 2% നിരക്കിൽ ആദായ നികുതി TDS ഈടാക്കേണ്ടതുണ്ട്. എന്നാൽ 2017-18

വർഷത്തിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ 1% നിരക്കിലാണ് ആദായ നികുതി ഈടാക്കിയത്. ഇത് ആദായ നികുതി നിയമത്തിന് വിരുദ്ധമാണ്.

വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | മൂല്യ നിർണ്ണയം | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറിപ്പ് |
|---|---|---|---|---|
| ക്രഷർ തുമ്പേരിപ്പാറ വളവിൽ റോഡ് റിടാറിംഗ് (472/18)<br>കൺവീനർ -ശ്രീ ഖാലിദ് | 295858 | 5917 | 2959 | എം ബുക്ക് - 102/16-17<br>ബിൽ നമ്പർ - 33/17-18 തി. 28.02.2018 ₹ 295858 |
| പണിക്കർ ഇടവഴി കോൺക്രീറ്റ് (480/18)<br>കൺവീനർ -ശ്രീ അബ്ദുൽ റസാഖ് | 200000 | 4000 | 1887 | എം ബുക്ക് - 37/17-18 തനത് ഫണ്ട്- ചെലവ് വൗച്ചർ നമ്പർ ലഭ്യമാക്കിയില്ല |
| കാളോത്ത് കുറുപ്പത്ത് മാട്ടിൽ ഭാഗം കോൺക്രീറ്റ് (484/18)<br>കൺവീനർ -ശ്രീ ഹൈദരലി എം | 250000 | 5000 | 2359 | എം ബുക്ക് - 6/17-18<br>ബിൽ നമ്പർ - 7/17-18 തി. 13.09.2017 ₹ 250000 |
| ചീനിത്തൊടി പെരുന്തൊടി റോഡ് കോൺക്രീറ്റ് (535/18)<br>കൺവീനർ -ശ്രീ യൂസുഫ് ടി | 123964 | 2479 | 1169 | എം ബുക്ക് - 36/17-18<br>ബിൽ നമ്പർ - 8/17-18 തി. 13.09.2017 ₹ 123964 |
| പള്ളിക്കണ്ടി തൊരടിക്കുളം റോഡ് കോൺക്രീറ്റ് (466/18)<br>കൺവീനർ -ശ്രീ കുഞ്ഞാലി കെ | 175000 | 3500 | 1750 | എം ബുക്ക് - 78/17-18<br>ബിൽ നമ്പർ - 42/17-18 തി. 28.02.2018 ₹ 175000 |
| മണ്ണാത്തിക്കുണ്ട് ഇടവഴി കോൺക്രീറ്റ് (541/18)<br>കൺവീനർ -ശ്രീ സുഹൈബുദ്ദീൻ മുഹമ്മദ് | 46274 | 925 | 437 | എം ബുക്ക് - 30/17-18<br>വൗ നം 21701346/ 29.03.2018- 43218 ബാക്കി തനത് ഫണ്ടിൽ നിന്ന് അടവാക്കി |
| പോത്തുവെട്ടിപ്പാറ ചെനക്കൽ റോഡ് കോൺക്രീറ്റ് ( 467/18)<br>കൺവീനർ -ശ്രീ മുഹമ്മദ് അബ്ദുൽ ഹമീദ് കെ | 250000 | 5000 | 2359 | എം ബുക്ക് - 7/17-18<br>വൗ നം 21700466/ 07.08.2017- 250000 |
| പലേക്കോട് റോഡ് കോൺക്രീറ്റ് (465 /18)<br>കൺവീനർ -ശ്രീ മുജീബ് റഹ്മാൻ PP | 148597 | 2972 | 1486 | എം ബുക്ക് - 107/17-18<br>ചെ നം 4532490/ 16.3.18 - 138344 ബാക്കി തുക തനത് ഫണ്ടിൽ നിന്ന് നികുതി അടച്ചു |
| ഹെൽത്ത് സെന്റർ നടുത്തൊടി ഫുട്പാത്ത് കോൺക്രീറ്റ് (465 /18)<br>കൺവീനർ -ശ്രീ രാജഗോപാലൻ | 100000 | 2000 | 1000 | എം ബുക്ക് - 109/17-18<br>ചെ നം JC4532498/ 22.3.18 - 93100 ബാക്കി തുക തനത് ഫണ്ടിൽ നിന്ന് നികുതി അടച്ചു |
| ചുങ്കം കുന്നമ്മൽ വട്ടപ്പറമ്പ് റോഡ് | 200000 | 4000 | 2000 | എം ബുക്ക് - 112/17-18 |

| | | | | |
|---|---|---|---|---|
| കോൺക്രീറ്റ് (457 /18)<br>കൺവീനർ -ശ്രീ ജയരാജൻ | | | | ചെ നം 5644583/ 22.3.18- 186200 ബാക്കി തുക തനത് ഫണ്ടിൽ നിന്ന് നികുതി അടച്ചു |
| പുത്തൻ മാളിയേക്കൽ ഫട് പാത്ത് കോൺക്രീറ്റ് (558 /18)<br>കൺവീനർ -ശ്രീ അബൂബക്കർ എം | 145106 | 2902 | 1451 | എം ബുക്ക് - 134/17-18<br>ചെ നം 5444606/ 28.3.18- 135094 ബാക്കി തുക തനത് ഫണ്ടിൽ നിന്ന് നികുതി അടച്ചു |
| കളത്തിങ്ങൽ വെട്ടത്തിയിൽ റോഡ് കോൺക്രീറ്റ് (493 /18)<br>കൺവീനർ -ശ്രീ അഷ്റഫ് പി | 299372 | 5987 | 2824 | എം ബുക്ക് - 12/17-18<br>ബിൽ നമ്പർ - 12/17-18 തി. 23.10.2017 ₹ 130000, ബാക്കി തനത് ഫണ്ട് വൗച്ചർ ലഭ്യമായില്ല |
| താഴെക്കോട് കുളം റോഡ് കോൺക്രീറ്റ് (540/18)<br>കൺവീനർ -ശ്രീ റിയാസ് വി പി | 193236 | 3865 | 1823 | എം ബുക്ക് - 18/17-18 |
| മാതംകുഴി മാതംകുത്ത്പള്ളിയാളി റോഡ് കോൺക്രീറ്റ് (574/18)<br>കൺവീനർ -ശ്രീ ഹസ്സൻ ഇ.എം | 250397 | 5008 | 2504 | എം ബുക്ക് - 135/17-18<br>വൗ നം 21701405/ 31.03.2018- 233119 തനത് ഫണ്ടിൽ നിന്ന് ബാക്കി തുക നൽകി |
| ഖാസിയാരകം ചീനിക്കൽ ഫുട്പാത്ത് (462/18)<br>കൺവീനർ -ശ്രീ മുഹമ്മദുണ്ണി | 235690 | 4714 | 2357 | എം ബുക്ക് - 110/17-18<br>ബിൽ നമ്പർ - 50/17-18 തി. 28.02.2018 ₹235690 |
| മങ്ങാട്ട് അംഗൻവാടി റോഡ് കോൺക്രീറ്റ് (490/18)<br>കൺവീനർ -ശ്രീ ഫഹദ് | 79914 | 1598 | 799 | എം ബുക്ക് - 45/17-18<br>വൗ നം 21701408/31.03.2018- 74400 തനത് ഫണ്ടിൽ നിന്ന് ബാക്കി തുക നൽകി |
| മങ്ങാട്ട് പീടിക വട്ടപ്പറമ്പ് റോഡ് കോൺക്രീറ്റ് (488/18)<br>കൺവീനർ -ശ്രീ വീരാൻകുട്ടിമാസ്റ്റർ | 198507 | 3970 | 1985 | എം ബുക്ക് - 44/17-18<br>ബിൽ നമ്പർ - 30/17-18 തി. 30.01.2018 ₹198507 |
| കുമ്പളപ്പാറ റോഡ് കോൺക്രീറ്റ് (488/18)<br>കൺവീനർ -ശ്രീ വീരാൻകുട്ടിമാസ്റ്റർ | 244166 | 4883 | 2442 | എം ബുക്ക് - 104/17-18<br>ബിൽ നമ്പർ - 75/17-18 തി. 24.03.2018 ₹219000 തനത് ഫണ്ടിൽ നിന്ന് ബാക്കി തുക നൽകി |
| മുണ്ടംപള്ളിയാളി ഇടവഴി കോൺക്രീറ്റ് (458/18)<br>കൺവീനർ -ശ്രീ കുഞ്ഞിമുഹമ്മദ് | 95102 | 1902 | 897 | എം ബുക്ക് - 104/17-18<br>ബിൽ നമ്പർ - 27/17-18 തി. 16.01.2018 ₹95102 |

| | | | | |
|---|---|---|---|---|
| ചുള്ളിയിൽ ചോലക്കൽ റോഡ് കോൺക്രീറ്റ് (531/18)<br><br>കൺവീനർ -ശ്രീ സാബു വി | 100079 | 2002 | 944 | എം ബുക്ക് - 38/17-18<br><br>ബിൽ നമ്പർ - 28/17-18 തി. 19.01.2018 ₹100079 |
| നീറ്റാണി മേലെ പറമ്പാട്ട് റോഡ് കോൺക്രീറ്റ് (562/18)<br><br>കൺവീനർ -ശ്രീ ഉസ്മാൻ പി | 182873 | 3657 | 1725 | എം ബുക്ക് - 14/17-18<br><br>വൗ നം 21700463/ 07.08.2017- 182873 |
| തൈത്തോട്ടം കിഴക്കെ ഇടവഴി സംരക്ഷണഭിത്തി നിർമാണം(476/18)<br><br>കൺവീനർ -ശ്രീ ഹാരിസ് റഹ്മാൻ | 225302 | 4506 | 2253 | എം ബുക്ക് - 137/17-18 തനത് ഫണ്ട് നൽകി വൗച്ചർ ലഭ്യമായില്ല |
| കോയങ്ങാടി മേക്കാട് ഫുട്പാത്ത് കോൺക്രീറ്റ് (538/18)<br><br>കൺവീനർ -ശ്രീ അബ്ദുൽ റഷീദ് എൻ | 77609 | 1552 | 732 | എം ബുക്ക് - 31/17-18<br><br>വൗ നം 21701345/ 29.03.2018- 72484 തനത് ഫണ്ടിൽ നിന്ന് ബാക്കി തുക നൽകി |
| ക്ലത്താടിക്കുന്ന് ഇരുതൊടിക റോഡ് കോൺക്രീറ്റ്(573/18)<br><br>കൺവീനർ -ശ്രീ ഷാജി കള്ളിയിൽ | 250000 | 5000 | 2359 | എം ബുക്ക് - 22/17-18 തനത് ഫണ്ട് നൽകി വൗച്ചർ ലഭ്യമായില്ല |
| നയാബസാർ ചോയക്കാട് ഹജ്ജ്ഹൗസ് റോഡ് കോൺക്രീറ്റ്(573/18)<br><br>കൺവീനർ -ശ്രീ ശിഹാബുദ്ദീൻ വി.പി | 300000 | 6000 | 2830 | എം ബുക്ക് - 24/17-18 തനത് ഫണ്ട് നൽകി വൗച്ചർ ലഭ്യമായില്ല |
| കോട്ടപ്പറമ്പ് കോണിക്കുട് റോഡ് കോൺക്രീറ്റ്(561/18)<br><br>കൺവീനർ -ശ്രീ നൗഫൽ എം.വി | 450000 | 9000 | 4245 | എം ബുക്ക് - 16/17-18<br><br>വൗ നം 21700465/ 07.08.2017- 450000 |
| ലക്ഷം വീട് ഫുട്പാത്ത് കോൺക്രീറ്റ് (470/18)<br><br>കൺവീനർ -ശ്രീ അബ്ദുസ്സലാം | 254619 | 5092 | 2546 | എം ബുക്ക് - 89/17-18<br><br>ചെ നം 4532494/ 16.3.18- 237051 ബാക്കി തുക തനത് ഫണ്ടിൽ നിന്ന് നികുതി അടച്ചു |
| ആശാരിക്കണ്ടി റോഡ് കോൺക്രീറ്റ് ( 589/18)<br><br>കൺവീനർ ശ്രീ പാറക്കുന്ന് മൊയ്തീൻ കുട്ടി | 88051 | 1761 | 831 | എം ബുക്ക് - 9/17-18 തനത് ഫണ്ട് ചെലവ് വൗച്ചർ ലഭ്യമായില്ല |
| കിഴക്കെ ചുങ്കം കുടിവെള്ളപദ്ധതി -ടാങ്ക് ഉയരം കൂട്ടൽ ( 527/18)<br><br>കൺവീനർ- ശ്രീ അബ്ദുൽ ഗഫൂർ KP | 211148 | 4223 | 2112 | എം ബുക്ക് - 122/17-18<br><br>വൗ നം 21701416/31.03.2018 |
| മൂന്നം പിലാക്കൽ ചെമ്പാല റോഡ് സൈഡ് പ്രൗട്ടക്ഷൻ , കോൺക്രീറ്റിംഗ് ( 592/18)<br><br>കൺവീനർ- ശ്രീ ഹംസ കാളക്കാടൻ | 250000 | 5000 | 2359 | എം ബുക്ക് - 39/17-18 തനത് ഫണ്ട് ചെലവ് വൗച്ചർ ലഭ്യമായില്ല |
| കാഞ്ഞിരപ്പറമ്പ് സബ്സെന്റർ മെയിന്റനൻസ് ( 502/18) | 365476 | 7310 | 3655 | എം ബുക്ക് - 90,96/17-18 |

| | | | | |
|---|---|---|---|---|
| കൺവീനർ - ശ്രീ മുജീബ് റഹ്മാൻ ഇ.എം | | | | ബിൽ നമ്പർ - 31/17-18 തി. 30.01.2018 ₹159567<br>വൗ നം 21701195/ 27.02.2018- 188001 |
| കുറ്റിക്കാട്ട് കല്ലായ് റോഡ് സൈഡ് കെട്ടി കോൺക്രീറ്റ് ( 491/18)<br>കൺവീനർ - ശ്രീ അനീസ് സി | 288364 | 5767 | 2720 | എം ബുക്ക് - 15/17-18<br>വൗ നം 21700464/ 07.08.2017- 288364 |
| ചോലമുക്ക് അരിമ്പ്ര റോഡ് പാർശ്വ ഭിത്തി സംരക്ഷണം (565/18)<br>കൺവീനർ - ശ്രീ അബ്ദുൽ ഗഫൂർ | 248205 | 4964 | 2480 | എം ബുക്ക് - 32/17-18<br>വൗ നം 21701358/ 30.03.2018- 230664 ബാക്കി തുക തനത് ഫണ്ടിൽ നിന്ന് നികുതി അടച്ച |
| പുള്ളിശ്ശേരിക്കുണ്ട് ചെമ്പാല റോഡ് കോൺക്രീറ്റ് (532/18)<br>കൺവീനർ - ശ്രീ ഷാനവാസ് | 250000 | 5000 | 2359 | എം ബുക്ക് - 29/17-18<br>ബിൽ നമ്പർ - 26/17-18 തി. 16.01.2018 ₹ 149633 തനത് ഫണ്ട് ചെലവ് വൗച്ചർ ലഭ്യമായില്ല |
| നീറ്റാണി കൊളപ്പള്ളി റോഡ് സൈഡ് കെട്ടി മണ്ണ് ഫില്ല് ചെയ്യൽ(556/18)<br>കൺവീനർ - ശ്രീ അബ്ദുൽ റസാഖ് കെ.പി | 89799 | 1796 | 898 | എം ബുക്ക് - 87/17-18<br>ബിൽ നമ്പർ - 38/17-18 തി. 28.02.2018 ₹ 89799 |
| നീറ്റാണി കൊളപ്പള്ളി പാലം നിർമാണം (560/18)<br>കൺവീനർ - ശ്രീ അബ്ദുൽ റസാഖ് കെ.പി | 350767 | 7015 | 3157 | എം ബുക്ക് - 217/17-18<br>വൗ നം 21701403/ 31.03.2018-309376 തനത് ഫണ്ട് ചെലവ് വൗച്ചർ ലഭ്യമായില്ല |
| ജി.വി.എച്ച്.എസ്.എസ് ലാബ് പുനരുദ്ധാരണം (590/18)<br>കൺവീനർ - | 399988 | 8000 | 3774 | എം ബുക്ക് - 103/17-18 തനത് ഫണ്ട് ചെലവ് വൗച്ചർ ലഭ്യമായില്ല |
| ഹൈസ്കൂൾപടി പുളിയഞ്ചാലി ഡ്രൈനേജ് സ്ലാബിട്ട് ഗതാഗത യോഗ്യമാക്കൽ(509/18)<br>കൺവീനർ - ശ്രീ പി ജാഫർ | 430167 | 8603 | 4302 | എം ബുക്ക് - 87/17-18<br>ബിൽ നമ്പർ - 37/17-18 തി. 28.02.2018 ₹ 430167 |
| ബ്ലോക്ക് ഓഫീസ് ഫെഡറൽ ബാങ്ക് റോഡ് കോൺക്രീറ്റ് (459/18)<br>കൺവീനർ - ശ്രീ മുഹമ്മദ് റഫീഖ് പി.ഇ | 400000 | 8000 | 3774 | എം ബുക്ക് - 23/17-18 തനത് ഫണ്ട് ചെലവ് വൗച്ചർ ലഭ്യമായില്ല |
| മണ്ണാരിൽ കുട്ടശ്ശേരി റോഡ് കോൺക്രീറ്റ് (459/18)<br>കൺവീനർ - ശ്രീ സുരേഷ് പി | 300000 | 6000 | 2830 | എം ബുക്ക് - 102/17-18 തനത് ഫണ്ട് ചെലവ് വൗച്ചർ ലഭ്യമായില്ല |
| പാണമ്പറമ്പ് വളവ് റോഡ് കോൺക്രീറ്റ് (586/18) | 100000 | 2000 | 943 | എം ബുക്ക് - 35/17-18 തനത് ഫണ്ട് ചെലവ് വൗച്ചർ ലഭ്യമായില്ല |

| | | | | |
|---|---|---|---|---|
| കൺവീനർ - ശ്രീ ഫൈസൽ | | | | |
| മണ്ണാരിൽ പള്ളിയാളി റോഡ് കോൺക്രീറ്റ് (539/18)<br>കൺവീനർ - ശ്രീ സുഹൈബുദ്ദീൻ മുഹമ്മദ് | 100000 | 2000 | 943 | എം ബുക്ക് - 34/17-18 തനത് ഫണ്ട് ചെലവ് വൗച്ചർ ലഭ്യമായില്ല |
| മണ്ണാരിൽ എസ്.സി കോളനി ശ്മശാനം റോഡ് കോൺക്രീറ്റ് (582/18)<br>കൺവീനർ - ശ്രീ മോഹനൻ ഇ.പി | 86820 | 1736 | 819 | എം ബുക്ക് - 101/16-17 തനത് ഫണ്ട് ചെലവ് വൗച്ചർ ലഭ്യമായില്ല |
| മനാതൊടി തച്ചർതൊടി റോഡ് കോൺക്രീറ്റ് (591/18)<br>കൺവീനർ - ശ്രീ മുഹിയുദ്ദീൻ അലി എ | 299749 | 5995 | 2827 | എം ബുക്ക് - 33/17-18 തനത് ഫണ്ട് ചെലവ് വൗച്ചർ ലഭ്യമായില്ല |
| വടക്കേക്കുളം ചീനിക്കൽ ഫുട്പാത്ത് കോൺക്രീറ്റ് (460/18)<br>കൺവീനർ - ശ്രീ മുഹമ്മദ് അനസ് മുക്കണ്ണൻ | 250000 | 5000 | 2500 | എം ബുക്ക് - 43/17-18 തനത് ഫണ്ട് ചെലവ് വൗച്ചർ ലഭ്യമായില്ല |
| ബ്ലോക്ക് ഓഫീസ് കുടുക്കിൽ റോഡ് സൈഡ്കെട്ട്& കോൺക്രീറ്റ് (511/18)<br>കൺവീനർ - ശ്രീ അജീഷ് ലാൽ പി | 395283 | 7906 | 3729 | എം ബുക്ക് - 99/16-17<br>ബിൽ നമ്പർ 11/17-18 തി. 23.09.2017 ₹ 395283 |
| ഈഞ്ഞുംകുഴി റോഡ് കോൺക്രീറ്റ് ( 456/18)<br>കൺവീനർ - ശ്രീ രമേശ് സി | 200000 | 4000 | 2000 | എം ബുക്ക് - 172/17-18<br>ബിൽ നമ്പർ 76/17-18 തി. 24.03.2018 ₹ 200000 |
| എടപ്പറ്റ് ചെമ്പ്രംകുന്ന് റോഡ് കോൺക്രീറ്റ് ( 455/18)<br>കൺവീനർ - ശ്രീ അബ്ദുള്ളക്കുട്ടി | 249373 | 4987 | 2494 | എം ബുക്ക് - 201/17-18<br>വൗ നം 21701400/ 31.03.2018-232166 |
| കൊടിമരം നമ്പോലംകുന്ന് കുമ്മിണിപ്പാറ റോഡ് തച്ചംപറമ്പ് ഡ്രൈനേജ് നിർമാണം ( 477/18)<br>കൺവീനർ - ശ്രീ ഷംസുദ്ദീൻ | 261259 | 5225 | 2613 | എം ബുക്ക് - 119/15-16<br>ബിൽ നമ്പർ 122/17-18 തി. 31.03.2018 ₹ 6000<br>വൗ നം 21701412/ 31.03.2018- 250033 ബാക്കി തുക തനത് ഫണ്ടിൽ നിന്ന് നികുതി അടവാക്കി |
| പഴയങ്ങാടി ചീനിക്കൽ ഫുട്പാത്ത് കോൺക്രീറ്റ്( 461/18)<br>കൺവീനർ - ശ്രീ മുഹമ്മദ് അനസ് | 232726 | 4655 | 2327 | എം ബുക്ക് - 57,42/17-18<br>ബിൽ നമ്പർ 45/17-18 തി. 28.02.2018 ₹ 50000 ബാക്കി തുക തനത് ഫണ്ടിൽ നിന്ന് നൽകി. വൗച്ചർ ലഭ്യമല്ല. |
| GLPS തുറക്കൽ ഫ്ലോറിംഗ് നവീകരണം( 520/18)<br>കൺവീനർ - ശ്രീമതി ഹഫ്സത്ത്ബി എൻ | 96614 | 1932 | 911 | എം ബുക്ക് - 1/17-18<br>ബിൽ നമ്പർ 10/17-18 തി. 13.09.2017 ₹ 96614 |
| കുറ്റിക്കാട്ടിൽ കുടിവെള്ള പദ്ധതി പുനരുദ്ധാരണം ( 525/18) | 140755 | 2815 | 1408 | എം ബുക്ക് - 56/17-18 |

| | | | | |
|---|---|---|---|---|
| കൺവീനർ - ശ്രീഅബ്ദുൽ നാസർ | | | | ബിൽ നമ്പർ 16/17-18 തി. 11.01.2018 ₹ 140755 |
| വട്ടപ്പറമ്പ് കുടിവെള്ളപദ്ധതി പുനരുദ്ധാരണം( 571/18)<br>കൺവീനർ - ശ്രീ മുഹമ്മദ് കുട്ടി കെ.പി | 175597 | 3512 | 1756 | എം ബുക്ക് - 228,229 /17-18<br>വൗ നം 21701406/ 31.03.2018-163481 ബാക്കി തുക തനത് ഫണ്ടിൽ നിന്ന് നികുതി അടവാക്കി |
| മുണ്ടപ്പലം ചേപ്പിലിക്കുന്ന് റോഡിൽ മദ്രസ ഫുട്പാത്ത് തോടിന് കുറുകെ സ്ലാബിടൽ ( 570/18)<br>കൺവീനർ - ശ്രീ മുഹമ്മദാലി | 278834 | 5577 | 2788 | എം ബുക്ക് - 111 /17-18<br>വൗ നം 21701389/ 30.03.2018- 259595 ബാക്കി തുക തനത് ഫണ്ടിൽ നിന്ന് നികുതി അടവാക്കി |
| മുണ്ടപ്പലം ചെമ്മണിക്കര കുഴിക്കാട്ട് ഫുട്പാത്ത് കോൺക്രീറ്റ് ( 569/18)<br>കൺവീനർ - ശ്രീ അബൂഹുറൈറ സി.കെ | 150000 | 3000 | 1500 | എം ബുക്ക് - 177 /17-18<br>വൗ നം 21701361/ 30.03.2018- 139650 ബാക്കി തുക തനത് ഫണ്ടിൽ നിന്ന് നികുതി അടവാക്കി |
| കുന്നത്ത് അംഗൻവാടി റോഡ് ടാറിംഗ് ( /18)<br>കൺവീനർ - ശ്രീ ഷംസുദ്ദീൻ എം | 242138 | 4843 | 2421 | എം ബുക്ക് - 81,188 /17-18<br>ബിൽ നമ്പർ - 15/17-18 തി. 30.12.2017 ₹ 161687<br>94688 ചെ നം 21800513/26.09.2018 |
| മയിലാടി അംഗനവാടി അധിക സൗകര്യമൊരുക്കൽ ( 554/18)<br>കൺവീനർ - ശ്രീമതി സൈനബ സി | 299816 | 5996 | 2998 | എം ബുക്ക് - 156 /17-18<br>വൗ നം 21701328/ 27.03.2018-279129 ബാക്കി തുക തനത് ഫണ്ടിൽ നിന്ന് നികുതി അടവാക്കി |
| മഠത്തിൽ വളപ്പ് റോഡ് ഗതാഗത യോഗ്യമാക്കൽ ( 554/18)<br>കൺവീനർ - ശ്രീ അഫ്സൽ | 266426 | 5329 | 2664 | എം ബുക്ക് - 80 /17-18<br>ബിൽ നമ്പർ - 95/17-18 തി. 30.12.2017 ₹ 161687 ബാക്കി തുക തനത് ഫണ്ടിൽ നിന്ന് നൽകി. വൗച്ചർ ലഭ്യമല്ല. |
| | | 257378 | 125014 | |

തനത് ഫണ്ടിൽ നിന്ന് പണം ചെലവ് ചെയ്തതിന്റെ ചെക്ക് നമ്പർ / വൗച്ചർ നമ്പർ എന്നിവ ഫയലിലും കാഷ് ബുക്കിലും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തനത് ഫണ്ട് ചെലവിന്റെ വൗച്ചർ നമ്പർ പൂർണ്ണമായി ലഭ്യമായിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 25/21.11.18 ), ഗുണഭോക്തൃ സമിതിയുടെ പേരിൽ PAN കാർഡ് ലഭിക്കാൻ കാലതാമസം വരുന്നതിനാൽ കൺവീനർമാരുടെ പേരിലുള്ള PAN കാർഡിലാണ് നികുതി അടച്ചത് എന്നും അതിനാലാണ് 1% നികുതി ഈടാക്കിയത് എന്നുമാണ് മറുപടി നൽകിയത്. ഇൻകം ടാക്സ് നിയമപ്രകാരം PAN ഇല്ലാത്തവരിൽ നിന്നും 20% നിരക്കിൽ TDS ഈടാക്കണം എന്ന് വ്യക്തമായി നിർദേശിച്ചതിനാൽ മേൽ മറുപടി അംഗീകരിക്കാനാവില്ല.

ആദായ നികുതി TDS ഈടാക്കുന്നതിൽ കുറവ് വന്ന തുക ₹132364 ( 257378-125014) ഉത്തരവാദികളിൽ നിന്ന് ഈടാക്കി അടവാക്കേണ്ടതാണ്.

## 3-6 കുടിവെള്ള പദ്ധതികൾ - GI പൈപ്പ് സ്ഥാപിക്കുന്നതിന് അധിക തുക നൽകി

കുടിവെള്ള പദ്ധതികളിൽ GI പൈപ്പ് സ്ഥാപിക്കുന്നതിന് അധിക തുക നൽകിയതുമൂലം നഗരസഭക്ക് നഷ്ടം സംഭവിച്ചു.

2017-18 ൽ നടപ്പാക്കിയ വട്ടപ്പറമ്പ് കുടിവെള്ള പദ്ധതി, കോട്ടപ്പറമ്പ് കുടിവെള്ള പദ്ധതി എന്നിവയിലാണ് അപാകത ഉണ്ടായത്. ഈ പ്രവൃത്തികളിൽ GI പൈപ്പ് സ്ഥാപിക്കുന്നതിനുള്ള ഡാറ്റയിൽ പൈപ്പ് സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ് & റിഫില്ലിംഗ് എന്നതിന് കൂടി തുക വകയിരുത്തിയിട്ടുണ്ട്.

എന്നാൽ 22.11.2018 ന് നഗരസഭാ ഓവർസിയറുടെ സാനിദ്ധ്യത്തിൽ പ്രവൃത്തി സ്ഥലങ്ങൾ നേരിൽ പരിശോധിച്ചതിൽ ഈ രണ്ട് പ്രവൃത്തികളിലും GI പൈപ്പ് സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ് & റിഫില്ലിംഗ് നടത്താതെ ഭൗമോപരിതലത്തിലൂടെ പൈപ്പ് സ്ഥാപിക്കുകയാണ് ചെയ്തിരിക്കുന്നത് എന്ന് വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

1) വട്ടപ്പറമ്പ് കുടിവെള്ള പദ്ധതി. (571/18)

| | |
|---|---|
| സാങ്കേതികാനുമതി | - LSGD/TS/2017-18 /6295 Dt. 10.05.2017 |
| ഷെഡ്യൂൾ നിരക്ക് | - DSR 2016 ,40.2% കോസ്റ്റ് ഇൻഡക്സ് |
| കൺവീനർ | - കെ.പി മുഹമ്മദ്കുട്ടി |
| കരാർ | - 73/AE/LSGD/KDY/17-18 Dt. 30.11.2017 |
| മൂല്യ നിർണ്ണയം | - 175597 |
| കൺവീനർക്ക് നൽകിയത് | - 5644612/31.3.2018 ₹ 163481 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 8,12,13എന്നിവ പ്രകാരം GI പൈപ്പ് സ്ഥാപിക്കുന്നതിന് അംഗീകരിച്ച പ്രവൃത്തികളുടെ ഡാറ്റയിൽ ട്രഞ്ച് കീറുന്നതിനും, നിറക്കുന്നതിനുമുള്ള കൂലി അനുവദിച്ച് നൽകിയിട്ടുണ്ട്.

(DSR ഇനം 18.12.7, 18.12.8, 18.12.6 )

മേൽ ഇനങ്ങളിൽ GI പൈപ്പിന് ട്രഞ്ച് കീറുന്നതിനും ഫില്ല് ചെയ്യുന്നതിനും 10 മീറ്റർ നീളത്തിന് അനുവദിച്ച തുക താഴെ പറയുന്നു.

| | |
|---|---|
| കൂലി ( @ 242.88 x2 ) | 485.76 |
| + 1% വാട്ടർ ചാർജ്ജ് | 4.86 |
| ആകെ | 490.62 |
| + ഓവർഹെഡ് ചാർജ്ജ് @ 7.5% | 36.80 |
| ആകെ | 527.42 |
| കോസ്റ്റ് ഇൻഡക്സ് @ 40.2% | 212.02 |
| ആകെ 10 മീറ്ററിന് | 739.44 |
| ഒരു മീറ്ററിന് അനുവദിച്ച നിരക്ക് | 73.94 |

ഈ പ്രവൃത്തിയിൽ ട്രഞ്ച് കീറിയിട്ടില്ലാത്തതിനാൽ ഡാറ്റാ പ്രകാരമുള്ള തുകയിൽ നിന്നും മേൽ തുക കുറവ് ചെയ്ത് മാത്രമെ കൺവീനർക്ക് പണം നൽകാവൂ.

| പ്രവൃത്തി/ നിരക്ക് | അളവ് | അനുവദിച്ച തുക | അർഹമായത് | അധികം നൽകിയത് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 65 mm GI പൈപ്പ് സ്ഥാപിക്കൽ (ഇനം 8) | 76.65 m | 45375.26<br><br>@591.98/m | 39707.77<br><br>@518.04 | 5667.49 |
| 80 mm GI പൈപ്പ് സ്ഥാപിക്കൽ (ഇനം 12) | 6 | 4532.04<br><br>@755.34 | 4088.4<br><br>@681.4 | 443.64 |
| 50 mm GI പൈപ്പ് സ്ഥാപിക്കൽ (ഇനം 13) | 6 | 2694.78<br><br>@449.13 | 2251.14<br><br>@375.19 | 443.64 |
| | | | ആകെ | 6555 |

അധികമായി അനുവദിച്ച ₹ 6555 അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

II) കോട്ടപ്പറമ്പ് കുടിവെള്ള പദ്ധതി. ( 553/18)

സാങ്കേതികാനുമതി - LSGD/TS/2017-18 /26463 Dt. 23.05.2017

ഷെഡ്യൂൾ നിരക്ക് - DSR 2016 ,40.2% കോസ്റ്റ് ഇൻഡക്സ്

കൺവീനർ - ശ്രീ സതീഷ് എം

കരാർ - 1/AE/LSGD/KDY/17-18 Dt. 02.06.2017

മൂല്യ നിർണ്ണയം - 230564

കൺവീനർക്ക് നൽകിയത് - 5644610/31.3.2018 ₹ 128047 പാർട്ട് ബിൽ

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 7 പ്രകാരം GI പൈപ്പ് സ്ഥാപിക്കുന്നതിന് അംഗീകരിച്ച പ്രവൃത്തികളുടെ ഡാറ്റയിൽ ട്രഞ്ച് കീറുന്നതിനും, നിറക്കുന്നതിനുമുള്ള കൂലി അനുവദിച്ച് നൽകിയിട്ടുണ്ട്. (DSR ഇനം 18.12.6 )

മേൽ ഇനത്തിൽ GI പൈപ്പിന് ട്രഞ്ച് കീറുന്നതിനും ഫില്ല് ചെയ്യുന്നതിനും 10 മീറ്റർ നീളത്തിന് അനുവദിച്ച തുക താഴെ പറയുന്നു.

| | |
|---|---|
| കൂലി ( @ 242.88 x2 ) | 485.76 |
| + 1% വാട്ടർ ചാർജ്ജ് | 4.86 |
| ആകെ | 490.62 |
| + ഓവർഹെഡ് ചാർജ്ജ് @ 7.5% | 36.80 |
| ആകെ | 527.42 |
| കോസ്റ്റ് ഇൻഡക്സ് @ 40.2% | 212.02 |
| ആകെ 10 മീറ്ററിന് | 739.44 |
| ഒരു മീറ്ററിന് അനുവദിച്ച നിരക്ക് | 73.94 |

ഈ പ്രവൃത്തിയിൽ ട്രഞ്ച് കീറിയിട്ടില്ലാത്തതിനാൽ ഡാറ്റാ പ്രകാരമുള്ള തുകയിൽ നിന്നും മേൽ തുക കുറവ് ചെയ്ത് മാത്രമെ കൺവീനർക്ക് പണം നൽകാവൂ.

| പ്രവൃത്തി/ നിരക്ക് | അളവ് | അനുവദിച്ച തുക | അർഹമായത് | അധികം നൽകിയത് |
|---|---|---|---|---|
| 50 mm GI പൈപ്പ് സ്ഥാപിക്കൽ (ഇനം 7) | 159.5 മീ | 71636.24<br><br>@449.13 | 59842.81<br><br>@375.19 | 11793.43 |
| | | | ആകെ | 11793 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നമ്പർ 41/23.11.18), മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികമായി അനുവദിച്ച ₹ 11793 അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

# 3-7 സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ലാപ്പ്ടോപ്പ് കംപ്യൂട്ടറുകൾ വിതരണം ചെയ്തു

പ്രൊജക്റ്റ് നമ്പർ/പേര് :609/18എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് (ആൺകുട്ടികൾക്ക്)

ചെലവ് തുക :389740/-

ബിൽ നമ്പർ/ചെക്ക് നമ്പർ :15/17-18 തിയതി: 24-03-2018
നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രിൻസിപ്പാൾ

സർക്കാർ ഉത്തരവ്(എം എസ്) നമ്പർ 80/2017 ത.സ്വ.ഭ.വ തിയതി: 03-04-17 ആദ്യ വർഷ പദ്ധതി മാർഗ്ഗ രേഖ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ 11.8(6) പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനിയറിംഗ്, മെഡിക്കൽ, കംപ്യൂട്ടർ സയൻസ്(ഡിപ്ലോമ,ബിരുദം, ബിരുദാനന്തര ബിരുദം ) എന്നീ കോഴ്സുകൾക്ക് സർക്കാർ/എയിഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് ലാപ്പ്ടോപ്പ് വാങ്ങി നൽകാവുന്നതാണ്. എന്നാൽ സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി രണ്ടു വർഷ ഐ.ടി.ഐ കോഴ്സിനു പഠിക്കുന്ന ചുവടെ ചേർത്ത വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകിയിട്ടുണ്ട്.

1)അർജ്ജുൻ. എം ( മെക്കാനിക്- മോട്ടോർ വെഹിക്കൾ ട്രേഡ്, ഗവ.ഐ.ടി.ഐ അരീക്കോട്)

2)സൂരജ്. കെ (വയർമാൻ ട്രേഡ്, ഗവ.ഐ.ടി.ഐ അരീക്കോട്)

3)സുബീഷ് വി.കെ (വെൽഡർ ട്രേഡ് ട്രൈനി, ഗവ.ഐ.ടി.ഐ ഏലത്തൂർ, കോഴിക്കോട്)

നഗരസഭ മുഖേന ലാപ്പ്ടോപ്പ് നൽകിയ/ലഭിച്ച വിദ്യാർത്ഥികളെ സംബന്ധിച്ചുള്ള രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കാത്തതിനാൽ മുൻവർഷങ്ങളിൽ ലാപ്പ്ടോപ്പ് നൽകിയ വിദ്യാർത്ഥികൾക്ക് വീണ്ടും ലാപ് ടോപ്പ് ലഭിക്കാൻ സാധ്യത ഉണ്ട്. ലാപ്പ്ടോപ്പ് ലഭിച്ച വിദ്യാർത്ഥികളിൽ നിന്നും ലാപ്പ്ടോപ്പിന്റെ കമ്പനിയുടെ പേര് ഉൾപ്പടെയുള്ള വിവരണം ഉൾപ്പെടുത്തിയുള്ള കൈപ്പറ്റ് ലഭ്യമാക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ 'ലാപ്പ്ടോപ്പ് കിട്ടി ബോധിച്ചു' എന്ന് രേഖപ്പെടുത്തിയ പ്രൊഫോമയിൽ ഒപ്പ് വെക്കുക മാത്രമാണ് ചെയ്തത്. ആയതിനാൽ ടെണ്ടർ പ്രകാരമുള്ള ലാപ്പ്ടോപ്പ് തന്നെയാണ് വിദ്യാർത്ഥികൾക്ക് ലഭിച്ചത് എന്നത് ഉറപ്പില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 30/21-11-18ന് ലഭ്യമാക്കിയ മറുപടിയിൽ ടി വിദ്യാർത്ഥികൾ വാർഡ് സഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപെട്ടവരാണെന്നും ലിസ്റ്റിലെ മറ്റ് കുട്ടികൾ യഥാസമയം മതിയായ രേഖകൾ ഹാജരാക്കാത്തതിനാലാണ് മേൽ മൂന്ന് കുട്ടികൾക്ക് ലാപ്പ്ടോപ്പ് നൽകിയത് എന്നും നഗരസഭ മുഖേന ലാപ്പ്ടോപ്പ് നൽകിയ/ലഭിച്ച വിദ്യാർത്ഥികളെ സംബന്ധിച്ചുള്ള രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും മേലിൽ ലാപ്പ്ടോപ്പ് വിതരണം ചെയ്യുമ്പോൾ ലാപ്പ്ടോപ്പിന്റെ കമ്പനിയുടെ പേര് ഉൾപ്പടെയുള്ള വിവരണം ഉൾപ്പെടുത്തിയുള്ള കൈപ്പറ്റ് വാങ്ങി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു.

അപേക്ഷയോടൊപ്പം ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടുണ്ടോ എന്നത് പരിശോധിക്കാതെ ലിസ്റ്റ് അംഗീകരിച്ച ശേഷം നിർവ്വഹണ സമയത്ത് രേഖകൾ ലഭ്യമാക്കാനാവശ്യപ്പെടുന്നത് ശരിയായ നടപടിയല്ല. ഐ.ടി.ഐ കോഴ്സിനു പഠിക്കുന്ന മേൽ പരാമർശിച്ച മൂന്ന് വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകിയതിനാധാരമായ സർക്കാർ നിർദേശങ്ങളോ ഉത്തരവുകളോ ലഭ്യമാക്കിയിട്ടില്ല. വാർഡ് സഭ അംഗീകരിച്ച ലിസ്റ്റിലുള്ള 59 പേരിൽ ടി പ്രൊജക്റ്റ് പ്രകാരം 13 പേർക്കാണ് ലാപ്പ്ടോപ്പ് നൽകിയത്. അർഹതയില്ലാത്ത വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകിയതിന് ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. ഈയിനത്തിൽ 89940/-(3x29980=89940)രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 89940/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, ആയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

# 3-8 ആദായ നികുതി- പിഴ നല്കിയതിലെ അപാകത

വൗച്ചർ നം. 21700556/8-9-17 Rs. 13,200

കൊണ്ടോട്ടി നഗര സഭയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ ആദായനികുതി യഥാസമയം ആദായനികുതി വകുപ്പിൽ ഒടുക്കാതിരുന്നതിന് വന്ന പിഴ മുകളിൽ കാണിച്ച വൗച്ചർ പ്രകാരം മുനിസിപ്പൽ ഫണ്ടിൽ നിന്നും ഒടുക്കിയിട്ടുണ്ട്.

ജീവനക്കാരിൽ നിന്നും ഈടാക്കിയ നികുതി യഥാസമയം ഒടുക്കാതിരുന്നതിനുള്ള പിഴ മുനിസിപ്പൽ ഫണ്ടിൽ നിന്നും ചെലവഴിച്ചത് ക്രമ പ്രകാരമല്ല. പിഴ സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയായതിനാൽ, ടി തുക മുനിസിപ്പൽ ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

(അപാകതകൾക്ക് 3 ദിവസത്തിനകം മറുപടി ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് ഓഡിറ്റ് എൻക്വയറി നം. 27/21-11-18 നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല.)

## 3-9 നികുതിനൽകുന്നതിന് വകയിരുത്തിയ പണം കുറവാക്കാതെ കൺവീനർക്ക് നൽകി

ഗുണഭോക്തൃസമിതികൾക്ക് GST അടക്കേണ്ടതില്ലാത്തതിനാൽ ഓവർഹെഡ് ചാർജ്ജിനത്തിൽ അധികമായി അനുവദിക്കപ്പെട്ട തുക തിരികെ ഈടാക്കേണ്ടതായിരുന്നു. ഇത്തരത്തിൽ തുക ഈടാക്കാത്തതിനാൽ ഗുണഭോക്തൃ സമിതികൾക്ക് അധികം തുക നൽകാൻ ഇടയായി

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് വാറ്റുൾപ്പെടെ നിലവിലുള്ള നികുതികൾ അടവാക്കുന്നതിനാണ് എന്ന് ഇതുസംബന്ധിച്ച സർക്കാർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽആദായ നികുതി, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ മാത്രമെ നിലവിൽ അടക്കേണ്ടി വരുന്നുള്ളൂ. അതിനാൽ തന്നെ വാറ്റ് നികുതി അടവാക്കുന്നതിന് അനുവദിക്കപ്പെട്ട പണം ഗുണഭോക്തൃ കമ്മിറ്റിക്ക് അധികമായി ലഭിക്കുന്നുണ്ട്. ഗുണഭോക്തൃസമിതികൾ ലഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നവയായതിനാൽ ഇത്തരത്തിൽ അധികമായി വരുന്ന തുക അനുവദിക്കേണ്ടതില്ല

GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ഗുണഭോക്തൃ സമിതികൾക്ക് ഫൈനൽ ബിൽ നൽകുമ്പോൾ എസ്റ്റിമേറ്റിൽ 7.5 % ഓവർഹെഡ് ചാർജ്ജ് അനുവദിച്ച പ്രവൃത്തികളിൽ 5% കുറവ് ചെയ്ത് ബിൽ നൽകേണ്ടതാണ് എന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 ലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലും വ്യക്തമാക്കിയിട്ടുണ്ട്.

7.5% ഓവർഹെഡ് ചാർജ്ജ് നൽകി 2017-18 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയതും വാറ്റ് അടക്കേണ്ടി വരാത്തതുമായ മിക്ക പ്രവൃത്തികളിലും ഇത്തരത്തിൽ 5% തുക തിരികെ ഈടാക്കിയിട്ടുമുണ്ട്.

എന്നാൽ താഴെപറയുന്ന പ്രവൃത്തികളിൽ കൺവീനറിൽ നിന്ന് ആദായ നികുതി , നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ മാത്രമെ ഈടാക്കിയിട്ടുള്ളൂ. ബാക്കി മുഴുവൻതുകയും കൺവീനർക്ക് അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്.

| പ്രവൃത്തി | മൂല്യ നിർണ്ണയതുക | തിരികെ ഈതാക്കേണ്ട തുക | കുറിപ്പ് |
|---|---|---|---|
| നീറാട് വളച്ചെട്ടിപ്പറമ്പ് റോഡ് കോൺക്രീറ്റ് (542/18)<br>കൺവീനർ -ശ്രീ നൗഷാദലി വി<br>കരാർ - 93/AE/LSGD/KDY//16-17 തി. 09.05.2017 | 398417 | 18531<br>[398417/107.5x5] | എം ബുക്ക് - 47/17-1,208/17-18<br>ബിൽ നമ്പർ - 104/17-18 തി. 28.03.2018 ₹ 398417<br>7968 (IT)<br>3984 (CWWF) |
| മതിൽ വളപ്പ് റോഡ് ഗതാഗത യോഗ്യമാക്കൽ (549/18)<br>കൺവീനർ -ശ്രീ അഫ്സൽ | 266426 | 12392<br>[266426/107.5x5] | എം ബുക്ക് - 80/17-18<br>ബിൽ നമ്പർ - 95/17-18 തി. 28.03.2018 ₹ 266426 |

| | | | |
|---|---|---|---|
| കരാർ - 90/AE/LSGD/KDY//16-17 തി. 09.05.2017 | | | 2664 (IT)<br>2664(CWWF) |
| കോട്ടപ്പറമ്പ് കുടിവെള്ള പദ്ധതി.<br>(553/18)<br>കൺവീനർ -ശ്രീ സതീഷ് എം<br>കരാർ - 1/AE/LSGD/KDY//17-18 തി. 02.06.2017 | 230564 | 10724 [230564/107.5x5] | എം ബുക്ക് - 164/17-18<br>ചെ നം JC 5644610/31.03.2018-128047<br>വൗ നം 21800738/31.10.2018-99599<br>4612(IT)<br>2306(CWWF) |
| | ആകെ | 41647 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ( എൻക്വയറി നമ്പർ 8/14.11.18, 21/19.11.18, 29/21.11.18), കൺവീനറോട് തുക അടവാക്കാൻ നിർദേശിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. എന്നാൽ ഓഡിറ്റ് അവസാനിക്കുന്നത് വരെയും തുക തിരിച്ചടവാക്കിയിട്ടില്ല.

കൺവീനർക്ക് അധികമായി അനുവദിച്ച് നൽകിയ തുക₹ 41647 ബിൽ നൽകിയ എഞ്ചിനിയറിൽ നിന്ന് ഈടാക്കി തിരികെ അടക്കേണ്ടതാണ്.

# 3-10 മാലിന്യ നിർമ്മാർജനം - പ്രൊജക്ട് അപാകതകൾ

ഹെൽത്ത് ഇൻസ്പെക്ടർ നിർവഹണം നടത്തിയ മാലിന്യ നിർമ്മാർജനം - ജീവനം അതിജീവനം പദ്ധതിയുടെ (പ്രൊജക്ട് നമ്പർ 125/18) ചെലവ് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ / തിയ്യതി | തുക | കുറിപ്പ് |
|---|---|---|---|
| 1 | 13/24-03-201<br>160 ജോഡി ഗ്ലൗസ് വാങ്ങാൻ ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ് കാലിക്കറ്റ് എന്ന സ്ഥാപനത്തിന് നൽകിയത് | 12479 | • ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും, ലഭ്യമായതിന്റെയും വിവരം ഹാജരാക്കിയിട്ടില്ല. |
| 2 | 18/24-03-2018<br>രജിസ്റ്ററുകൾ, നോട്ടീസ്, റസീറ്റ് എന്നിവ പ്രിന്റ് ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസ്സ് കൊണ്ടോട്ടി എന്ന സ്ഥാപനത്തിന് നൽകിയത്<br>സ്ഥാപനത്തിന്റെ ബിൽ നമ്പർ/തിയ്യതി : 1225/23-03-2018 | 39780 | ആവശ്യമാണെന്ന് കണ്ടെത്തിയ 200 പേജ് രജിസ്റ്റർ 40 എണ്ണം, 500 പേജ് രജിസ്റ്റർ 2 എണ്ണം, റസീറ്റ് 50000 എണ്ണം, നോട്ടീസ് 20000 എണ്ണം എന്നിങ്ങനെയാണ് സപ്ലൈ ഓർഡർ കൊടുത്തത്.<br>എന്നാൽ റസീറ്റ് 100000 എണ്ണം, നോട്ടീസ് 25000 എണ്ണവുമാണ് അടിച്ചത്. ആവശ്യപ്പെട്ടതിലധികം എണ്ണം സാധനങ്ങൾ അച്ചടിച്ചതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായി.<br>1. റസീറ്റ് അടിച്ചത് 100000 എണ്ണം, അധികം 50000 എണ്ണം. 100000 എണ്ണം റസീറ്റിന്റെ തുക 19500 രൂപ, അധികചെലവ് 9750 രൂപ.<br>2. നോട്ടീസ് അടിച്ചത് 25000 എണ്ണം, അധികം 5000 എണ്ണം. 25000 എണ്ണം നോട്ടീസിന്റെ തുക 13000 രൂപ, അധികചെലവ് 2600 രൂപ.<br>ആകെ അധികം 12350 രൂപ ( 9750 + 2600) |

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നമ്പർ 3/13-11-2018, 39/22-11-2018) നിർവഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ക്രമ നമ്പർ 1 പ്രകാരം ഷിബു ഡിസ്ട്രിബൂട്ടേഴ്സ് കാലിക്കറ്റ് എന്ന സ്ഥാപനത്തിനാണ് ഈ കാലയളവിൽ നഗരസഭക്ക് ആവശ്യമായ ശുചീകരണ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ അംഗീകരിച്ചത് എന്നറിയിച്ചു. എന്നാൽ ശുചീകരണ സാമഗ്രികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ഗ്ലൗസ് എന്ന ഇനം അതിൽ ഉൾപ്പെടുത്തിയിരുന്നില്ല. ക്വട്ടേഷൻ ക്ഷണിക്കാത്ത ഒരു സാധനം നേരത്തെ മറ്റു സാധനങ്ങൾക്കായി ക്വട്ടേഷൻ അംഗീകരിച്ച സ്ഥാപനത്തിൽ നിന്നും, നേരിട്ട് വാങ്ങിയത് ക്രമത്തിലല്ല.

ക്രമ നമ്പർ 2 അപാകതക്ക് നിർവഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ സപ്ലൈ ഓർഡർ കൊടുത്ത സമയത്ത് ഹരിത കർമ്മ സേന വീടുകളിൽ മാത്രമാണ് അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ തീരുമാനിച്ചിരുന്നത് എന്നും, എന്നാൽ ചെയർമാന്റെ നിർദേശ പ്രകാരം വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് കൂടി അജൈവ മാലിന്യങ്ങൾ ശേഖരിക്കേണ്ടി വന്നതിനാലാണ് എണ്ണത്തിൽ മാറ്റം വരുത്തിയത് എന്നുമറിയിച്ചു. എന്നാൽ ഇക്കാര്യം മുനിസിപ്പൽ ഭരണ സമിതി തീരുമാനമെടുത്തതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഭരണ സമിതി തീരുമാനമുൾപ്പെടെ മറുപടി ലഭ്യമാക്കുന്നത് വരെ ചെലവ് തുക 24829 (12350 + 12479) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-11 ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്/ഭക്ഷ്യവസ്തുക്കളുടെ വില അധികം നല്കിയത്

2017-18 വർഷത്തിൽ ഐ.സി.ഡി.എസ് ഓഫീസർ നടപ്പാക്കിയ അംഗനവാടി പോഷകാഹാരം എന്ന പ്രൊജക്ടിൽ (പ്രോജക്ട് നമ്പർ 72/18) അടങ്കൽ: കേന്ദ്രാവിഷ്കൃത ഫണ്ട് 15,00,000 രൂപയും 55,00,000 രൂപ വികസനഫണ്ടും ഉൾപ്പെടെ 70,00,000 വകയിരുത്തിയതിൽ 55,00,000 രൂപ വികസനഫണ്ടും 6,97,036 രൂപ കേന്ദ്രാവിഷ്കൃത ഫണ്ടും ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയിലെ വാഹന ചെലവിനത്തിൽ WBNP അരിയും ഗോതമ്പും അംഗനവാടികളിൽ വിതരണം ചെയ്തതിന് അധികതുക നല്കിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നമ്പർ, തിയതി | വാങ്ങിയ സാധനങ്ങളുടെ അളവ് (കി.ഗ്രാം) | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധികം | റിമാർക്സ് |
|---|---|---|---|---|---|
| 02/16.10.17 | 14695 | 18959 | 14695x1.20 =17,634 | 1,325 | നഗരസഭാ കൗൺസിലിന്റെ 07.08.17ലെ മീറ്റിംങിൽ തീരുമാനം 21 ആയി അംഗനവാടികളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് ശ്രീ ഫിറോസ്ഖാൻ കെ.പി എന്നയാളുടെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട് (WBNP-1.20ps, SNP-1.40ps) |
| 03/30.10.17 | 14295 | 23,733 | 14295x1.20 =17,154 | 6,579 | |
| 06/15.12.17 | 28698 | 37,020 | 28698x1.20 =34,438 | 2,582 | |
| 11/05.02.18 | 12656 | 16,326 | 12656x1.20 =15,187 | 1,139 | |
| 14/25.02.18 | 10845 | 13,990 | 10845x1.20 =13,014 | 976 | |
| | | | **ആകെ അധികം** | **12,601** | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (18/17-11-2018) മറുപടിയിൽ നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അജണ്ട വെച്ച സമയത്ത് വന്ന ക്ലറിക്കൽ അപാകതയാണെന്നും, അടുത്ത കൗൺസിലിൽ രേഖാമൂലം അറിയിപ്പ് നൽകി പുന:പരിശോധനക്ക് വിധേയമാക്കി അപാകത പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കാമെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമാവുന്നത് വരെ അധികമായി ചെലവഴിച്ച തുക 12601 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

II. ഭക്ഷ്യവസ്തുക്കളുടെ വില അധികം നല്കിയത്

അംഗനവാടികൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത് സമൃദ്ധി ഫുഡ് സ്റ്റോർ, കാക്കത്തൊടി എന്ന സ്ഥാപനത്തിൽനിന്നുമാണ്. മാവേലി സ്റ്റോറിലെ ഓരോ മാസത്തെ നിരക്ക് താരതമ്യം ചെയ്തതിൽ റാഗി എന്ന ഭക്ഷ്യവസ്തുവിന് അധിക നിരക്ക് നല്കിയതുവഴി നഗരസഭക്ക് താഴെ പറയുന്ന രീതിയിൽ നഷ്ടമുണ്ടായതായി കാണുന്നു.

| നല്കിയ നിരക്ക് | മാവേലിസ്റ്റോറിലെ നിരക്ക് | വാങ്ങിയ അളവ് | ആകെ നല്കിയ തുക | നൽകേണ്ടിയിരുന്ന തുക | അധികം നല്കിയത് | ബിൽ/ചെക്ക് നമ്പർ, തിയതി |
|---|---|---|---|---|---|---|
| 39 | 32 | 5026 | 1,96,014 | 1,60,832 | 35,182 | 92/17.11.17 |
| 39 | 36 | 2400 | 93,600 | 86,400 | 7,200 | 82/26.10.17 |
| 36.50 | 30 | 1000 | 36,500 | 30,000 | 6,500 | 300/21.03.18 |
| | | | | **ആകെ അധികം** | **48,882** | |

ഭക്ഷ്യവസ്തുക്കൾക്ക് അധികവില നല്കിനിടയായ സാഹചര്യം ഓഡിറ്റിന് വിശദീകരിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (18/17-11-2018) മറുപടിയിൽ മാവേലിസ്റ്റോറിലെ വില വിവരം അറിയുവാനുള്ള സംവിധാനം ഇല്ലായിരുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാലാണ് വീഴ്ച സംഭവിച്ചത് എന്നും അറിയിച്ചു. മാവേലിസ്റ്റോറിലെ വിലയിൽ അധികമായി അനുവദിച്ച 48882 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

# 3-12 ജനറേറ്റർ സ്ഥാപിക്കൽ- കുറഞ്ഞ ടെണ്ടർ സ്വീകരിച്ചില്ല

| പ്രൊജക്റ്റ് നം | 433/18 | കൊണ്ടോട്ടി നഗരസഭയിൽ ജനറേറ്റർ സ്ഥാപിക്കൽ |
|---|---|---|
| ഫയൽ നം. | B1-11536/17 | |
| വൗച്ചർ നം. | 21700515/30-8-17 | 8,36,154 |
| വൗച്ചർ നം. | 21700517/30-8-17 | 22,464 |
| ആകെ ചെലവ് | | 8,58,618 |

ഫയലിൽ പ്രൊജക്റ്റ് റിപ്പോർട്ട് ഇല്ല. 15-5-17 ലെ ഫയൽ നോട്ട് പ്രകാരം ഇ-ടെണ്ടറിൽ പങ്കെടുത്തവരിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആസ്പയർ ഇലക്ട്രിക്കിന് ( Rs. 8,44,600) സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തുവെന്നോ, അവരുടെ നിരക്കുകളുടെ താരതമ്യ പത്രികയോ നോട്ടിലോ ഫയലിലോ ഇല്ല. ടെണ്ടർ നോട്ടീസിന്റെ പകർപ്പും ഫയലിലില്ല. ഫയലിൽ കാണുന്ന രേഖകൾ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ട്.

| ക്രമ നം | സ്ഥാപനം | ക്വാട്ട് ചെയ്ത തുക |
|---|---|---|
| 1 | BHEL Electrical Mechanics Ltd | ജനറേറ്ററിന് 4,26,000 |
| | | ഇൻസ്റ്റലേഷന് 1,68,000 |
| 2 | Aspire electric, Kottayam | ലഭ്യമല്ല |
| 3 | Linsa services, മൂവ്വാറ്റുപുഴ | ലഭ്യമല്ല |

ഫയലിൽ സൂക്ഷിച്ചിട്ടുള്ള aspire electric-ന്റെ 4-8-17ലെ AE/LTR/17-18/029 നമ്പർ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്ത, ഔദ്യോഗിക മാതൃകയിലുള്ളതല്ലാത്ത ഇൻവോയ്സ് പ്രകാരം (11 ഇനങ്ങളുള്ളത്) 8,44,600 രൂപ അനുവദിച്ചിട്ടുണ്ട്. ഇൻവോയ്സ് പ്രകാരം താഴെ പറയുന്ന നിരക്കിലാണ് തുക നൽകിയത്.

ജനറേറ്ററിന്- 6,30,000

ഇൻസ്റ്റലേഷന്- 2,14,600

<u>അപാകതകൾ</u>

1) കുറഞ്ഞ നിരക്ക് വാഗ്ദാനം ചെയ്ത BHEL എന്ന സർക്കാർ സ്ഥാപനത്തെ തഴഞ്ഞതിനാൽ 8,44,600- 5,94,000 = 2,50,600 രൂപ നഗരസഭയ്ക്ക് അധികച്ചെലവുണ്ടായിട്ടുണ്ട്.

2) അംഗീകൃത Tax Invoice ഇല്ലാതെ തുക നൽകിയത് ക്രമത്തിലല്ല.

3) സപ്ലൈ & ഇൻസ്റ്റലേഷൻ ടെണ്ടർ ചെയ്തതിനു ശേഷവും 22,464 രൂപ മുടക്കി ഇൻസ്റ്റലേഷന് വേണ്ടി ഇലക്ട്രിക്കൽ വർക്ക് ചെയ്തതു അധികച്ചെലവാണ്.
അപാകതകൾ പരിഹരിക്കുന്നതു വരെ ആകെ ചെലവഴിച്ച 8,58,618 രൂപ തടസ്സം ചെയ്യുന്നു.

(അപാകതകൾക്ക് 3 ദിവസത്തിനകം മറുപടി ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് ഓഡിറ്റ് എൻക്വയറി നം. 38/22-11-18 നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല.)

# 3-13 പ്രോജക്ടു നിർവഹണം-രേഖകൾ ലഭ്യമാക്കിയില്ല

2017-18 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ഫയലുകളും ചെലവു വിവരങ്ങളും ഇതുവരെയും ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട നം. | പ്രോജക്ടിന്റെ പേര് | സുലേഖ Statement പ്രകാരം ചെലവ് |
|---|---|---|---|
| 1 | 6/18 | വയോമിത്രം | 10,00,000 |
| 2 | 7/18 | PMAY വിഹിതം | 35,00,000 |
| 3 | 14/18 | നെടിയിരിപ്പ് PHC -യിൽ ഡോക്ടർ, നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നിവരെ നിയമിക്കൽ | 94,783 |
| 4 | 33/18 | ആയിരം വീട്- ബാക്കി ഗഡു നൽകൽ | 10,00,000 |
| 5 | 60/18 | എസ്.സി.ഭവനനിർമാണം-ബാക്കി ഗഡു നൽകൽ | 10,000 |
| 6 | 82/18 | PMAY വിഹിതം-(SCP) | 25,00,000 |
| 7 | 423/18 | സോളാർ ലൈറ്റ് സ്ഥാപിക്കൽ-മുസ്ല്യാരങ്ങാടി വാർഡ് 10 | 1,99,500 |
| 8 | 424/18 | ഭവനനിർമാണം (വനിത) | 9,20,000 |
| 9 | 425/18 | കോട്ടാശ്ശേരി കോളനി മേൽഭാഗത്ത് സോളാർ ലൈറ്റ് സ്ഥാപിക്കൽ | 32,450 |
| 10 | 426/18 | കോട്ടപ്പറമ്പ് പറമ്പാട്ട് കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങൽ | 79,924 |
| 11 | 428/18 | വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | 1,49,850 |
| 12 | 437/18 | ഭവനനിർമാണം -എസ്.സി | 7,80,000 |
| 13 | 438/18 | നൊട്ടണപാറ കോളനിയിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,28,000 |
| 14 | 667/18 | കമ്പളപ്പാറ- കാരിമുക്ക് വാർഡുകളിലെ കുടിവെള്ള പൈപ്പ് നീട്ടൽ | 7,00,000 |
| 15 | 672/18 | ഭവന പൂർത്തീകരണം- വാർഡ് 34 | 2,25,000 |
| 16 | 677/18 | PMAY വിഹിതം നൽകൽ (രണ്ടാം ഘട്ടം) | 41,25,000 |
| 17 | 678/18 | ഭവനനിർമാണം- പൂർത്തീകരിക്കാത്ത വീടുകൾക്ക് ധനസഹായം | 13,00,000 |
| 18 | 686/18 | SSA വിഹിതം-രണ്ടാം ഘട്ടം | 18,00,000 |
| | | ആകെ | 1,85,44,507 |

രേഖകൾ ലഭ്യമാക്കുന്നതു വരെ 1,85,44,507 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

(രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് ഓഡിറ്റ് എൻക്വയറി നം. 48/23-11-18 നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല.)

# 3-14 പറമ്പാട്ട് കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങൽ - അപാകതകൾ

| | | |
|---|---|---|
| പ്രൊജക്ട് നം | 427/18 | |
| ഫയൽ നം. | PI-6255 | |
| വൗച്ചർ നം. | 21700337/30-6-17 | 87,316 |
| ബിൽ നം. | 5/13-7-17 | 7,720 |
| ആകെ ചെലവ് | | 95,036 |

ഈ പദ്ധതി പ്രകാരം , New Olavattoor Traders കൊണ്ടോട്ടിയുടെ 30-5-17 ലെ 472, 473 എന്നീ ഇൻവോയ്സുകൾ പ്രകാരം യഥാക്രമം 65083+ 29,953= 95,036 രൂപയുടെ മോട്ടോറും അനുബന്ധ ഫിറ്റിങ്സും വാങ്ങിയതിന്റെ ബിൽ ഫയലിൽ ഉണ്ട്.

എന്നാൽ ഇവ സ്ഥാപിച്ചതിന്റെയോ, സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയോ യാതൊരു വിവരവും ലഭ്യമല്ല.

അവ ലഭ്യമാക്കുന്നതു വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

(അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് ഓഡിറ്റ് എൻക്വയറി നം. 36//21-11-18 നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല.)

## 3-15 CCTV സ്ഥാപിക്കൽ-അപാകതകൾ

| | | |
|---|---|---|
| പ്രൊജക്ട് നം | 668/18 | കൊണ്ടോട്ടി ടൗണിൽ CCTV സ്ഥാപിക്കൽ |
| ട്രഷറി ബിൽ നം. | 43/13-3-18 | 14,71,455 |
| ട്രഷറി ബിൽ നം. | 61/31-3-18 | 1,28,384 |
| ആകെ ചെലവ് | | 15,99,839 |

ഈ പ്രൊജക്ട് പ്രകാരം Symphony Networks and Systems, Calicut (GSTIN/UIN: 32AHQPM5591H1ZY) ന്റെ താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം സപ്ലൈ / പ്രവൃത്തി നടത്തിയിട്ടുണ്ട്.

| ഇൻവോയ്സ് നം./തിയ്യതി | തുക | വിവരണം |
|---|---|---|
| SIM/17-18/148/13-3-18 | 14,71,455 | 103ഇനങ്ങളുള്ള പ്രവൃത്തി |
| SIM/17-18/159/28-3-18 | 1,28,384 | 8 ബാറ്ററികളുള്ള UPS |

<u>അപാകതകൾ</u>

1) പ്രൊജക്ട് റിപ്പോർട്ട് ഫയലിൽ ഇല്ല.

2) നോട്ട് ഫയലിലെ ക്രമത്തിൽ പതിവുകളും അനുബന്ധ രേഖകളും ഫയൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. രേഖകൾ ക്രമത്തിലല്ലാതെ വാരിവലിച്ച കെട്ടിവച്ചിരിക്കുകയാണ്.

3) മുകളിൽ സൂചിപ്പിച്ച ഇൻവോയ്സുകൾ ക്യാൻസൽ ചെയ്യുകയോ, സാധനങ്ങൾ സ്റ്റോക്കിലോ ആസ്തി രജിസ്റ്ററിലോ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4) CCTV സ്ഥാപിച്ചതിന്റെ യാതൊരു ആധികാരിക രേഖയും ഇല്ല. എവിടെയെല്ലാം കാമറകൾ സ്ഥാപിച്ചു, മോണിട്ടർ എവിടെയാണ്, കസ്റ്റോഡിയൻ ആര്, പോലീസ് തുടങ്ങിയ ഇതര വകുപ്പുകളുടെ റോളെന്ത്, പവർ സിസ്റ്റം എവിടെ തുടങ്ങിയ വിവരങ്ങളോ, ഡ്രോയിങ്ങോ ഫയലിലില്ല. കുറിപ്പ് ഫയലിൽ 2-3-18ന് (തിയ്യതി വെട്ടിത്തിരുത്തിക്കാണുന്നു) മുനിസിപ്പൽ എഞ്ചിനിയ്ര എഴുതിയ കുറിപ്പിലും വിവിധ സ്ഥലങ്ങളിൽ എന്നു മാത്രമാണ് പരാമർശിച്ചിട്ടുള്ളത്.
അപാകതകൾ പരിഹരിക്കുന്നതു വരെ 15,99,839 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.
(അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് ഓഡിറ്റ് എൻക്വയറി നം. 53/26-11-18 നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല.)

## 3-16 ചെലവു വിവരങ്ങൾ ലഭ്യമല്ല

താഴെപ്പറയുന്ന ചെലവുകൾ അതാതിനു നേരെ കാണിച്ച അപാകതകൾ പരിഹരിക്കുന്നതു വരെ തടസ്സം ചെയ്യുന്നു.

| ക്രമ നം | വൗച്ചർനം. | തുക | വിവരങ്ങൾ | അപാകതകൾ |
|---|---|---|---|---|
| 1 | 21700029/5-4-17 | 10,000 | നഗരസഭയ്ക്കായി മൊബൈൽ ആപ്പ് നിർമിക്കാൻ ബോധി ഇൻഫോ സൊല്യൂഷൻസ്, കോഴിക്കോട് എന്ന സ്ഥാപനത്തിന് മുൻകൂർ നല്കിയത് | 1)ക്രമീകരണ വിവരം ഇല്ല, 2)ആപ്പ് ലോഞ്ച് ചെയ്തിട്ടില്ല. |
| 2 | 21700949/16-12-17 | 20,000 | നികുതി പിരിവ് ഊർജിതമാക്കുവാൻ RI പ്രമോദ് ദാസിന് മുൻകൂർ | 1)ക്രമീകരണം നടത്തിയത് 20-7-18ന മാത്രമാണ്, എന്നാൽ പിഴപ്പലിശ ഈടാക്കിയില്ല.<br>2) മുൻകൂർ വൗച്ചറിൽ രേഖപ്പെടുത്തിയ ഫയൽ നം.R1-10924/17 ലഭ്യമാക്കിയില്ല.<br>3) വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട R1-11339/16 എന്ന ഫയലിൽ ക്രമീകരണചെലവിന്റെ വിവരം ഇല്ല. |
| | ആകെ | 30,000 | | |

അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവു തുക 30,000 രൂപ തടസ്സം ചെയ്യുന്നു.
(അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് ഓഡിറ്റ് എൻക്വയറി നം. 52/24-11-18 നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല.)

# 3-17 സാധനങ്ങൾ വാങ്ങൽ- സ്റ്റോക്ക് വിവരം ലഭ്യമല്ല

താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം വാങ്ങിയ സാധനങ്ങൾ ഒന്നും തന്നെ സ്റ്റോക്കിലെടുത്തതിന്റെ യാതൊരു വിവരവും പർച്ചേസ് ബിൽ, വൗച്ചർ, ഫയൽ കുറിപ്പുകൾ എന്നിവയിലൊന്നും ചേർത്തിട്ടില്ല. സ്റ്റോർ പർച്ചേസുമായി ബന്ധപ്പെട്ട ആവശ്യകതാ നിർണയം പോലുള്ള നടപടിക്രമങ്ങളും പാലിച്ചതായി കാണുന്നില്ല.

വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | തുക | ഫയൽ/ പ്രൊജക്ട് | വിവരങ്ങൾ | അപാകതകൾ |
|---|---|---|---|---|---|
| 1 | 21700476/17-8-17 | 48,500 | B1-4642/17 | അപേക്ഷാഫോറം പ്രിന്റിംഗ് | സ്റ്റോക്ക് വിവരം ഇല്ല. |
| 2 | 21700534/2-9-17 | 14,000 | ,, | ,, | ,, |
| 3 | 21700819/16-11-17 | 2,15,858 | G1-1015/16 | ഗ്രാമ ലക്ഷ്മിയിൽ നിന്ന് ഫോറങ്ങളും രജിസ്റ്ററുകളും വാങ്ങൽ | ,, |
| 4 | 21700901/4-12-17 | 48,250 | ,, | ,, | ,, |
| 5 | 21701009/5-1-18 | 5,599 | ,, | ,, | ,, |
| 6 | 21701228/9-3-18 | 31,548 | ,, | ,, | ,, |

| | | | | | |
|---|---|---|---|---|---|
| 7 | 21701070/29-1-18 | 18,490 | ,, | സ്റ്റേഷനറി സാധനങ്ങൾ വാങ്ങൽ | ,, |
| 8 | 21700911/7-12-17 | 39,375 | P1-14523/16 | PMAY- കമ്പ്യൂട്ടർ വാങ്ങൽ | ,, |
| 9 | 21700784/13-11-17 | 13,990 | ,, | PMAY- മൊബൈൽ ഫോൺ വാങ്ങൽ | ,, |
| 10 | 21701300/22-3-18 | 2,400 | NA | നെടിയിരിപ്പ് ഹോമിയോ ഡിസ്പെൻസറിക്ക് UPS | ,, |
| 11 | 21701280/18-3-18 | 99,600 | പ്രൊജക്റ്റ് നം. 37/18 | നഗരസഭാ ഓഫീസിലേക്ക് Laptop | സ്റ്റോക്ക് വിവരം ഇല്ല. |
| 12 | 21701281/18-3-18 | 99,900 | പ്രൊജക്റ്റ് നം. 676/18 | ഘടക സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ | 1)സ്റ്റോക്ക് വിവരം ഇല്ല. 2) ഏത് സ്ഥാപനത്തിനു വേണ്ടിയാണ് വാങ്ങിയതെന്നു വ്യക്തമല്ല. |
| 13 | 21700028/5-4-17 | 25,000 | -- | ഇന്റർ കോം സ്ഥാപിച്ചത് | സ്റ്റോക്ക് വിവരം ഇല്ല. |
| 14 | 21701413/31-3-18 | 1,90,100 | Project No.49/18 | CCTV at Kondotty CHC | ,, |
| 15 | Try Bill No. 64/31-3-18 | 3,95,980 | Project No.38/18 | സർക്കാർ സ്കൂളുകളിൽ Water Purifier. | ,, |
| 16 | Try Bill No.27/23-2-18 | 99,600 | Project No. 166/18 | Buds School ന് കമ്പ്യൂട്ടർ | ,, |
| | ആകെ | 13,48,190 | | | |

അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവു തുക തടസ്സം ചെയ്യുന്നു.
(അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് ഓഡിറ്റ് എൻക്വയറി നം. 51/24-11-18 നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല.)

# 3-18 ഡെപ്പോസിറ്റ് പ്രവൃത്തി - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 2017-18 വർഷത്തിൽ അംഗീകാരം ലഭിച്ച കോമ്പറമ്പ് പനയംപറമ്പ് കുടിവെള്ള പദ്ധതിക്ക് വേണ്ടി ₹ 1355844 കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.( ബിൽ നമ്പർ 48/17-18 തി. 28.2.2018 ₹ 680904 ,49/17-18 തി. 28.2.2018 ₹ 674940 )

പ്രൊജക്റ്റ് നടത്തിപ്പിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1) പ്രവൃത്തിക്ക് വേണ്ടി പണം മുൻകൂറായി നൽകുന്നതിന് മുമ്പ് വാട്ടർ അതോറിറ്റിയുമായി കരാർ ഒപ്പിട്ടിട്ടില്ല.

2) പണം വാട്ടർ അതോറിറ്റി കൈപ്പറ്റിയതിന്റെ രേഖകകൾ ലഭ്യമല്ല, SBI യുടെ 67180903235 എന്ന അക്കൗണ്ടിലേക്ക് പണം നൽകിയതായാണ് കാണുന്നത്. ഈ അക്കൗണ്ട് വാട്ടർ അതോറിറ്റിയുടേതാണോ എന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ യാതൊരു രേഖയും ലഭ്യമല്ല.

3) പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച യാതൊരു വിവരവും ലഭ്യമല്ല.

പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതും വാട്ടർ അതോറിറ്റി പണം കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 37/21.11.18,) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹ 1355844 തടസ്സപ്പെടുത്തുന്നു.

# 3-19 മെഡിക്കൽ ഓഫീസർ-സി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ-സി.എച്ച്.സി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്റ്റുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ/ പേര് | ബിൽ നമ്പർ/ ചെക്ക് നമ്പർ/ തിയ്യതി | തുക | അപാകതകൾ |
|---|---|---|---|---|
| 1 | 77/18<br>പരിരക്ഷ പദ്ധതി | 1/18/11-09-17<br>3/18/22.09.17<br>4/18/19.10.17<br>7/18/19.10.17<br>11/18/06.01.18<br>12/18/21.03.18<br>14/18/31.03.18 | 765107/- | 1. വാഹനം വാടകക്കെടുത്തതിന് ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. 2017 ഏപ്രിൽ,മെയ്,ജൂൺ,ജൂലൈ എന്നീ മാസങ്ങളൊഴികെ മറ്റ് മാസങ്ങളിൽ വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റുകൾ ഹാജരാക്കിയിട്ടില്ല.<br>2. 3/18/22.09.17 നമ്പർ ബിൽ പ്രകാരമുള്ള 45350/-രൂപ, ചെലവിന്റെ ചെലവ് രേഖകൾ, 11/18/06.01.18നമ്പർ ബിൽ പ്രകാരമുള്ള 42400/-രൂപ ചെലവിന്റെ ട്രഷറി ബില്ലോ ചെലവ് രേഖകളോ ഹാജരാക്കിയിട്ടില്ല. |
| 2 | 162/18<br>സർക്കാർ കുത്തിവെപ്പിനുള്ള ധനസഹായം | 5/18/06.01.18<br>2/18/11.09.17<br>13/18/21.3.18 | 49400/- | 02/18/11.09.17നമ്പർ ബിൽ പ്രകാരമുള്ള 31500/-രൂപയുടെ ചെലവിന് ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 3 | 681/18<br>ഹേൽത്ത് സെന്ററിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 08/17/11.01.18 | 299121/- | 1. Agappa Diagnostics, Ernakulam എന്ന സ്ഥാപനത്തിന് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി 48262/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിന്റെ 27.12.17 ലെ COFS1718-0506 നമ്പർ ഡെലിവറി ചലാൻ പ്രകാരം 3685/- രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്. ബാക്കി 44577/- രൂപയുടെ ചെലവ് വിവരം ലഭ്യമാക്കിയിട്ടില്ല.<br>2. ഉപകരണങ്ങൾ വാങ്ങിയതിന്റെ മുഴുവൻ പർച്ചേസ് ഓർഡറുകൾ ഹാജരാക്കിയിട്ടില്ല. |
| 4 | 212/18<br>സമഗ്ര ആരോഗ്യ പദ്ധതി | പണം ഒടുക്ക് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല (തനത് ഫണ്ട് ) | 70760/- | 46760/- (44360+2400)രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയത്. 24000/- രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. |

ചെലവ് രേഖകൾ ഹാജരാക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 43/23.11.18ന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാലും, ചെലവ് രേഖകളുടെ അഭാവത്തിലും വിവിധ പദ്ധതികൾക്കായി ചെലവഴിച്ച ആകെ 187827/- രൂപ(45350+42400+31500+44577+24000=187827) തടസ്സത്തിൽ വെക്കുന്നു.

# 3-20 മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ-സി.എച്ച്.സി നിർവ്വഹണം നടത്തിയ വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകൾ വഴി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്(KMSCL) തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ/പേര് | ബിൽ നമ്പർ/ചെക്ക് നമ്പർ/ തിയ്യതി | കൈമാറിയ തുക |
|---|---|---|---|
| 1 | 77/18<br>പരിരക്ഷ പദ്ധതി | 07/18/19.10.17 | 200000/- |
| 2 | 105/18<br>സി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ | 06/18/06.01.18 | 750000/- |
| 3 | 106/18<br>നെടിയിരുപ്പ് പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ | 09/18/11.01.18 | 200000/- |
| 4 | 109/18<br>പാലിയേറ്റീവ് കെയർ മരുന്ന് | 10/18/11.01.18 | 200000/- |
| 5 | 117/18<br>മുസ്ല്യാരങ്ങാടി നഗരാരോഗ്യ കേന്ദ്രം മരുന്ന് വാങ്ങൽ | ഡി.ഡി നമ്പർ: 173/27.02.18 Axis Bank-kondotty (തനത് ഫണ്ട്) | 100000/- |
| ആകെ | | | 1450000/- |

മേൽ പദ്ധതികൾ പ്രകാരമുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ് എന്നും ആകെ 1450000/- രൂപ കൈമാറി ഏകദേശം ഒരു വർഷമായിട്ടും ലഭ്യമാക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 44/23.11.18ന് 30-11-18ാം തിയതി ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അക്കാര്യം അറിയിക്കുന്നതു വരെ ചെലവ് തുക ആകെ 1450000/- തടസത്തിൽ വെക്കുന്നു.

# 3-21 മരാമത്ത് പ്രവൃത്തിക്ക് അധികം തുക നൽകി - ₹ 22330 തിരിച്ചടച്ചു

2017-18 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനിയർ നിർവഹണം നടത്തിയ കോ ഓപ്പറേറ്റീവ് കോളേജ് റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 645/18 ), പ്രവൃത്തിയിൽ ടെണ്ടർ കുറവ് പൂർണ്ണമായി ഈടാക്കാതെ പണം നൽകിയത് മൂലമുള്ള നഷ്ടം ₹ 12409/- രൂപയും, കിഴക്കെ ചുങ്കം കുടിവെള്ളപദ്ധതി -ടാങ്ക് ഉയരം കൂട്ടൽ ( 527/18)എന്നീ പ്രവൃത്തിയിൽ നികുതി അടക്കേണ്ടാത്ത കൺവീനർക്ക് നികുതി ഇനത്തിൽ നൽകിയ ₹9821/- രൂപയും ഉൾപ്പെടെ ₹22330 (12409+9821) ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ നഗരസഭയിൽ തിരിച്ചടച്ചു. (റസീത് നം. 1/118020110978/16.11.18 ₹12409/-, 1/118020110973 /16.1.18 ₹9821).

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-22 മരാമത്ത് പ്രവൃത്തിക്ക് അധികം പണം പിൻവലിച്ചു

നഗരസഭ നടപ്പാക്കിയ മരാമത്ത് പ്രവൃത്തിക്ക് മൂല്യനിർണ്ണയത്തെക്കാൾ അധികം തുക പിൻവലിച്ചത് മൂലം ₹ 31963 അധികം ചെലവായി.

2017-18 വർഷത്തിൽ നടപ്പാക്കിയ കൊണ്ടോട്ടി നഗരസഭയിലേക്കുള്ള റോഡ് പുനരുദ്ധാരണം ( 530/18) എന്ന പ്രൊജക്ടിലാണ് അപാകത സംഭവിച്ചത്.

എം ബുക്ക് പ്രകാരം ( എം ബുക്ക് നമ്പർ 41/17-18) ഈ പ്രവൃത്തിയുടെ ആകെ മൂല്യ നിർണ്ണയം ₹ 439369 ആണ്.

പ്രവൃത്തിക്ക് പണം പിൻവലിച്ചതിന്റെ വിവരം താഴെ നൽകുന്നു. -

ബിൽ നമ്പർ 14/17-18 തി. 22.12.2017 - 319632 (പാർട്ട് ബിൽ )

ബിൽ നമ്പർ 17/17-18 തി. 30.12.2017 - 151700 (ഫൈനൽബിൽ )

----------------------------

ആകെ 471332

ആദ്യബില്ലിൽ നിന്ന് കുറവ് ചെയ്ത് നഗരസഭയുടെ തനത് ഫണ്ടിൽ അടച്ച റി ടെൻഷൻ തുക ₹ 31963 ഫൈനൽ ബില്ലിന്റെ കൂടെ വീണ്ടും ട്രഷറിയിൽ നിന്ന് പിൻവലിച്ചത് മൂലമാണ് ഈ അധിക ചെലവ് വന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 23/19.11.18 ), തനത് ഫണ്ടിൽ നിക്ഷേപിച്ച തുക കരാറുകാരന് തിരികെ നൽകിയിട്ടില്ല എന്നും ആയത് തനത് ഫണ്ട് അക്കൗണ്ടിൽ നിന്ന് പിൻവലിച്ച് ട്രഷറിയിൽ അടക്കുന്നതിന് നടപടികൽ സ്വീകരിച്ച് വരുന്നുണ്ട് എന്നുമാണ് മറുപടി നൽകിയത്.. എന്നാൽ ഓഡിറ്റ് അവസാനിക്കുന്നത് വരെയും തുക തിരിച്ചടവാക്കിയിട്ടില്ല.

തുക ട്രഷറിയിൽ തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-23 പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നതിൽ കുറവ്

കൊണ്ടോട്ടി നഗരസഭ പുതുതായി രൂപീകരിച്ചതായതിനാൽ , ഓഡിറ്റ് വർഷത്തിൽ നഗരസഭയിൽ പഞ്ചായത്ത് വകുപ്പിലെയും മുനിസിപ്പൽ സർവീസിലെയും ജീവനക്കാർ ജോലിയിൽ ഉണ്ടായിരുന്നു. ജീവനക്കാരുടെ പെൻഷൻ ഫണ്ടിലേക്ക് ഈ രണ്ടു വിഭാഗം ജീവനക്കാരുടെയും വിഹിതം ഒടുക്കേണ്ടത് താഴെപ്പറയും പ്രകാരം വ്യത്യസ്ത നിരക്കിലാണ്.

| | |
|---|---|
| പഞ്ചായത്ത് വകുപ്പ് | അടിസ്ഥാന ശമ്പളത്തിന്റെ 15% |
| മുനിസിപ്പൽ സർവീസ് | പ്രതിമാസ മൊത്തവേതനത്തിന്റെ 15% |

1996ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്- കം- റിട്ടയർമെന്റ് ബെനിഫിറ്റ് ) ചട്ടങ്ങളിലെ ചട്ടം 7,8 എന്നിവ പ്രകാരമുള്ള പ്രസ്തുത നിരക്കിലും, സമയക്രമത്തിലും നഗരസഭ പെൻഷൻ വിഹിതം ഒടുക്കിയിട്ടില്ല. മുനിസിപ്പൽ ജീവനക്കാരുടെ വിഹിതവും, അടിസ്ഥാന ശമ്പളത്തിന്റെ 15% നിരക്കിലാണ് ശമ്പള ബിൽ പ്രകാരം ഈടാക്കിയിട്ടുള്ളതും, ചെലവു വൗച്ചറുകൾ പ്രകാരം ഒടുക്കിയിട്ടുള്ളതുമെന്ന് കാണുന്നു. കൂടാതെ, കുടിശ്ശികകൾ നൽകുമ്പോൾ അതിനനുസൃതമായ പെൻഷൻ വിഹിതം ഒടുക്കുന്നതായും കാണുന്നില്ല. പെൻഷൻ വിഹിതം ഒടുക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുമില്ല.

ചട്ടം 10 പ്രകാരമുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ട് രൂപീകരിച്ചതായും കാണുന്നില്ല.

Audit Enquiry Number : 11 പ്രകാരം ഇക്കാര്യം ശ്രദ്ധയിൽ പെടുത്തിയതിന്, ഈ അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

# 3-24 ചാലിയാർ കുടിവെള്ള പദ്ധതി- സ്ഥലം വാങ്ങൽ- അപാകതകൾ

ചാലിയാർ കടിവെള്ള പദ്ധതിയുടെ ടാങ്ക് നിൽക്കുന്ന സ്ഥലത്തേക്ക് റോഡ് നിർമിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനായി താഴെപ്പറയുന്ന തുക ചെലവാക്കിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | തുക | സ്ഥലം - അളവ് |
|---|---|---|---|
| 1 | 21700332/29-6-17 | 2,59,170 | 0.034 Ha |
| 2 | 21700333/29-6-17 | 12,875 | 0.0024 Ha |
| 3 | 21700334/29-6-17 | 63,070 | 0.0085 Ha |
| 4 | 21700335/29-6-17 | 2,58,216 | 0.0499 Ha |
| | **ആകെ** | **5,93,331** | **0.0956 Ha** |

<u>അപാകതകൾ</u>

1) 2000 -ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 5(3) പ്രകാരം ഉഭയ സമ്മത പ്രകാരം ആർജ്ജിക്കുന്ന വസ്തുവിന്റെ ആധാരം ഈ ചട്ടങ്ങളുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം-1 ന് അനുയോജ്യമായിരിക്കണം.

പ്രസ്തുത ഫാറത്തിലെ " (വിൽക്കുന്നയാൾ) ഒരു ഭാഗത്തും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൻ പ്രകാരം രൂപീകൃതമായ (കൊണ്ടോട്ടി) മുനിസിപ്പാലിറ്റി മറുഭാഗത്തുമായി ഉണ്ടാക്കിയ ഉടമ്പടി തീറാധാരം" എന്ന വാചകത്തിനു പകരം "കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്കു വേണ്ടി അതിന്റെ ഇപ്പോഴത്തെ സെക്രട്ടറി കൊല്ലം താലൂക്ക് മങ്ങാട് വില്ലേജ് (റോസ് ഹൗസ്, പി.ഒ. ചന്ദനത്തോപ്പ് 691014) അബ്ദുൽ മജീദ് എന്നവർ മകൻ 40 വയസ്സ് ഫിറോസ് ഖാൻ (PAN ABCPF 8272E) പേർക്ക് സെക്രട്ടറി എന്ന നിലക്ക് മാത്രം എഴുതിക്കൊടുത്ത കാണം/ ജന്മം തീറാധാരം" എന്ന വാചകമാണ് ഉപയോഗിച്ചിരിക്കുന്നത്.

ചട്ട പ്രകാരമല്ലാത്ത ആധാരം , തെറ്റു തിരുത്തി രജിസ്റ്റർ ചെയ്യേണ്ടതാണ്.

2) ടി വസ്തു ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. 3 മീറ്റർ വീതിയിൽ 325 മീറ്റർ നീളത്തിലുള്ള (വിസ്തൃതി 975 m2) ഈ സ്ഥലത്തെ 3Mx 0.068 KM =204 M2 വിസ്തൃതിയിലുള്ള മൺപാത ആസ്തിയിലെടുത്തതിന്റെ പകർപ്പ് ( പേജ് 28 of 59 ലെ ക്രമ നം. 200) മാത്രമാണ് ഫയലിൽ ചേർത്തിട്ടുള്ളത്.

ആസ്തി രജിസ്റ്ററിൽ പൂർണ്ണമായ വിവരം ചേർക്കേണ്ടതാണ്.
Audit Enquiry Number : 14 പ്രകാരം ഇക്കാര്യം ശ്രദ്ധയിൽ പെടുത്തിയതിന്, ഈ അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

# 3-25 പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്(എസ്.സി) - ടെണ്ടറിൽ നിന്നും വ്യത്യസ്ഥമായി ലാപ്പ്ടോപ്പ് കംപ്യൂട്ടറുകൾ വിതരണം ചെയ്തു

പ്രൊജക്റ്റ് നമ്പർ/പേര് :414/18 (SO)പ്രോഫഷണൽ വിദ്യാർത്ഥികൾക്ക് ലാപടോപ്പ് വിതരണം (എസ്.സി)

ചെലവ് തുക :4,49,820/- (18 എണ്ണം@24990/-രൂപ)

ബിൽ നമ്പർ/ചെക്ക് നമ്പർ :05/17-18 തിയതി: 31-07-2017
നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രിൻസിപ്പാൾ

ടി പദ്ധതിക്കായി ലഭ്യമായിരുന്ന രണ്ട് ടെണ്ടറുകളിൽ ടെണ്ടർ നേടിയ Amster Business Corporation എന്ന സ്ഥാപനം(ടി സ്ഥാപനത്തിന്റെ ടെണ്ടർ കൗൺസിൽ അംഗീകരിച്ചതായുള്ള വിവരം ലഭ്യമാക്കിയിട്ടില്ല) സമർപ്പിച്ച ടെണ്ടർ ഷെഡ്യൂളിൽ രേഖപ്പെടുത്തിയ അവസാന രണ്ട് ലാപ്പ്ടോപ്പുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലാപ്പ്ടോപ്പ് കംപ്യൂട്ടറിന്റെ വിശദാംശങ്ങൾ | ഒരെണ്ണത്തിന്റെ വില |
|---|---|---|
| 1 | Acer Laptop- Intel pentium Quad Core processor, 4GB RAM, <u>1 TB HDD</u>, 15.6 screen, <u>3 year warranty</u> | 24990/- |

| | | |
|---|---|---|
| 2 | Acer/Asus Laptop- Intel pentium Quad Core processor, 4GB RAM, 500 GB HDD, 15.6 screen, 1 year warranty | 22990/- |

1 TB സ്റ്റോറേജ് HDD ഉള്ള ഒരു ലാപ്പ്ടോപ്പിന് 24990/-രൂപയും 500 GBസ്റ്റോറേജ് HDD ഉള്ള ഒരു ലാപ്പ്ടോപ്പിന് 22990/-രൂപയും(2000/- രൂപയുടെ വ്യത്യാസം). സ്ഥാപനം ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരം ടെണ്ടർ ഷെഡ്യൂളിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്ഥമായി ഒന്നിന് 24990/- രൂപ നിരക്കിൽ 500 GB സ്റ്റോറേജ് HDD ഉള്ള ലാപ്പ്ടോപ്പുകൾ 5 വർഷ വാറണ്ടി എന്ന് രേഖപ്പെടുത്തി 18എണ്ണം വിതരണം ചെയ്തതിട്ടുണ്ട്.

ടെണ്ടർ ഷെഡ്യൂളിൽ നിന്നും വ്യത്യസ്ഥമായി 500 GB സ്റ്റോറേജ് HDD ഉള്ള ലാപ്പ്ടോപ്പുകൾ 24990/- രൂപക്ക്(2000/- രൂപ അധികം നൽകി) വാങ്ങിയതും മറ്റ് അപാകതകളും ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 31/21-11-18ന് ലഭ്യമാക്കിയ മറുപടിയിൽ ICT ഉപകരണങ്ങൾ വാങ്ങുന്നതിന് DPI-യുടെ 21-11-2016ലെ NEP3/10192/2015/DPI നമ്പർ ഉത്തരവ് പ്രകാരം 5 വർഷ ഓൺസൈറ്റ് വാറണ്ടി നിർബന്ധമാണെന്നതിനാൽ ടി വിവരം ടെണ്ടർ നേടിയ വ്യക്തിയെ അറിയിച്ച് അഡീഷണൽ വാറണ്ടി 4 വർഷത്തേക്ക് കൂടി ആവശ്യപ്പെട്ട്, ഒരു വർഷത്തെ അഡീഷണൽ വാറണ്ടിക്ക് 500 രൂപ നിരക്കിൽ 2000 രൂപ അധികം നൽകി 500 GB സ്റ്റോറേജ് HDD ഉള്ള ലാപ്പ്ടോപ്പുകൾ ഒന്നിന് 24990/- രൂപ നിരക്കിൽ വിതരണം ചെയ്തതാണെന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചു.

ടെണ്ടർ പരസ്യത്തിലോ നോട്ടീസിലോ 5 വർഷ ഓൺസൈറ്റ് വാറണ്ടിയുടെ കാര്യം വ്യക്തമാക്കാതെ പിന്നീട് അധിക തുക നൽകി മാറ്റം വരുത്തിയത് ശരിയായ നടപടിയല്ല. 2000 രൂപ അധികം നൽകി 4 വർഷത്തേക്ക് കൂടി അഡീഷണൽ വാറണ്ടി വാങ്ങി 5 വർഷ ഓൺസൈറ്റ് വാറണ്ടി ലഭ്യമാക്കിയത് സംബന്ധിച്ചോ മറ്റോ ഒരു രേഖപ്പെടുത്തൽ പോലുമില്ലാതെ എഴുതാത്ത മുദ്രപത്രത്തിൽ 08-05-18 ന് ഒപ്പ് വെക്കുക മാത്രമാണ് ചെയ്തത് (എഗ്രിമെന്റിൽ ചമച്ചിട്ടില്ല). മാത്രമല്ല, ലാപ്പ്ടോപ്പുകൾക്ക് കേടുപാടുകൾ സംഭവിക്കുന്ന പക്ഷം വിദ്യാർത്ഥികൾ നഗരസഭയെ സമീപിക്കാൻ സാധ്യത കുറവാണെന്നിരിക്കെ ആയത് വിതരണം ചെയ്ത സ്ഥാപനത്തെ സമീപിക്കുന്നതിനായി ഓരോ ലാപ്പ്ടോപ്പിനും 5 വർഷ ഓൺസൈറ്റ് വാറണ്ടി വ്യകതമാക്കുന്ന പ്രത്യേക വാറണ്ടി കാർഡ് അതത് ലാപ്പ്ടോപ്പിന്റ കൂടെ വിദ്യാർത്ഥികൾക്ക് സ്ഥാപനം നൽകിയിട്ടുമില്ല. ആയതിനാൽതന്നെ അധിക വാറണ്ടിക്ക് നൽകിയ 36000 രൂപക്ക്(18x2000=3600) ഉദ്ദേശിച്ച ലക്ഷ്യം നേടാതെ നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ടി തുക തിരികെ അടവാക്കുകയോ വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്തിയ എഗ്രിമെന്റ് ചമച്ച് ഓരോ ലാപ്പ്ടോപ്പിനും 5 വർഷ ഓൺസൈറ്റ് വാറണ്ടി വ്യകതമാക്കുന്ന പ്രത്യേക വാറണ്ടി കാർഡ് വിദ്യാർത്ഥികൾക്ക് നൽകുകയോ ചെയ്ത് ആയതിന്റെ കൈപ്പറ്റ് ഉൾപ്പടെയുള്ള രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-26 പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ പദ്ധതി-അപാകതകൾ

തനത് ഫണ്ടിൽ നിന്നും 2,50,000/- ചെലവഴിച്ച് പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ സർക്കാർ സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം (പ്രൊജക്റ്റ് നമ്പർ:417/18) എന്ന പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

സ്പോർട്സ് കിറ്റ് കൈപ്പറ്റിയ സ്കൂളുകളിൽ നിന്നും ടി സ്കൂളുകൾ ഏതെല്ലാം ഉപകരണങ്ങൾ എത്രയെണ്ണം കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന വിശദമായ കൈപ്പറ്റോ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ 'സ്പോർട്സ് ഉപകരണങ്ങൾ കിട്ടി ബോധിച്ചു' എന്ന് രേഖപ്പെടുത്തിയ പ്രോഫോമയിൽ ഒപ്പ് വെക്കുക മാത്രമാണ് ചെയ്തത്. ആയതിനാൽ പ്രോജക്റ്റ് പ്രകാരം വാങ്ങിയ അതേ ഉപകരണങ്ങൾ, വാങ്ങിയ അത്ര തന്നെ എണ്ണം അതത് സ്കൂളുകളിൽ ലഭിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഏതെല്ലാം ഉപകരണങ്ങൾ എത്രയെണ്ണം കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന വിശദമായ കൈപ്പറ്റ് ലഭ്യമാക്കുകയും ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുകയും ചെയ്യേണ്ടതാണ്.

അപാകതകൾ ചൂണ്ടിക്കാണിച്ച നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 32/21.11.18ന് മറുപടി ലഭ്യമാക്കുകയും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു.

## 3-27 ആവശ്യമായ വകയിരുത്തലില്ലാതെ സ്കോളർഷിപ്പ് തുക അനുവദിച്ചത്

1. Bill No. 13/25.02.18: Rs. 10,00,000/-

2. Bill 08/11.01.18 : Rs. 1,47,600/-

3. Bill No. 15/15.03.19 Rs. 52,400/-

ജി.ഒ(എം.എസ്) 80/2017/തസ്വഭവ തിയതി 03.04.2017 ഉത്തരവ് പ്രകാരം പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ആദ്യ വാർഷികപദ്ധതി (2017-18) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയും സബ്സിഡി മാനദണ്ഡങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുകയുടെ നിരക്ക് ഖണ്ഡിക 10(ബി) ആയി താഴെ പറയുംപ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ആവശ്യമായ തുക പ്രൊജക്ടിൽ വകയിരുത്താത്തതുമൂലം കൊണ്ടോട്ടി നഗരസഭയിലെ ഭിന്നശേഷിയുള്ള കുട്ടികൾക്ക് അർഹതപ്പെട്ട സ്കോളർഷിപ്പ് തുക നല്കാൻ കഴിഞ്ഞിട്ടില്ല.

| ക്രമ നമ്പർ | ഇനങ്ങൾ | സ്കോളർഷിപ്പ് തുക (പ്രതിമാസം) | സ്കോളർഷിപ്പ് തുക (വാർഷികം) |
|---|---|---|---|
| 1 | സ്കോളർഷിപ്പ് | 1,000 | 12,000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത | -- | 1,500 |
| 3 | പഠനസാമഗ്രികൾക്ക്/വിദ്യഭ്യാസ സാമഗ്രികൾക്ക് ബത്ത | -- | 2,000 |
| 4 | ഡേ സ്കോളർക്ക് യാത്രബത്ത | 1,000 | 12,000 |
| 5 | ഉല്ലാസയാത്ര ചെലവുകൾ (രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ) | -- | 1,000 |
| | | ആകെ | 28,500 |

<u>വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെയും വിവരങ്ങൾ</u>

| ക്രമ നമ്പർ | പ്രൊജക്ട് | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 176/18എസ്.സി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,00,000 | 2,00,000 |
| 2 | 178/18ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 10,00,000 | 10,00,000 |

മാർഗ്ഗരേഖ പ്രകാരം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട വാർഷിക സ്കോളർഷിപ്പ് തുക താഴെ പറയുംപ്രകാരമാണ്.

| ക്രമ നമ്പർ | പ്രൊജക്ട് | ചെലവഴിച്ചത് | അർഹതപ്പെട്ടത് | കുറവ് |
|---|---|---|---|---|
| 1 | 176/18എസ്.സി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,00,000 | 28500x18 =5,13,000 | 3,13,000 |
| 2 | 178/18ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 10,00,000 | 28500x139 =39,61,500 | 29,61,500 |
| | ആകെ | 12,00,000 | 44,74,500 | 32,74,500 |

മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട തുക നല്കുന്നതിന് പ്രൊജക്ടിൽ ആവശ്യമായ തുക വകയിരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-28 ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സര ക്ഷമതയും ഉറപ്പാക്കുന്നില്ല

2017-18 വർഷത്തെിൽ അംഗീകാരം ലഭിച്ച ഭൂരിപക്ഷം മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും അതിൽ കുറവ്

അടങ്കലുള്ളവ മാന്വൽ ടെണ്ടറും ആയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്.

നഗരസഭ 19 പ്രവൃത്തികളാണ് ഇ ടെണ്ടർ ചെയ്തത്. ഇതിൽ കരാർ ചമച്ച എല്ലാപ്രവൃത്തികളും അടങ്കലിനെക്കാൾ കുറവിന് കരാറുകാർ ക്വാട്ട് ചെയ്യുകയും കരാർ ചമക്കുകയുമുണ്ടായി. ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ നിന്ന് മാത്രമായി ടെണ്ടർ സേവിങ്സ് ഇനത്തിൽ 23 ലക്ഷത്തിലധികം രൂപ നഗരസഭക്ക് ലാഭിക്കാനായി.

എന്നാൽ മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത 164 എണ്ണത്തിൽ ആകെ 15 എണ്ണത്തിൽ മാത്രമാണ് രണ്ടിലധികം കരാറുകാർ ടെണ്ടർ സമർപ്പിച്ചത്. ബാക്കി എല്ലാ പ്രവൃത്തികളിലും ആകെ രണ്ടോ അതിൽ കുറവോ കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്.

രണ്ട് ടെണ്ടർ സമർപ്പിക്കപ്പെട്ടതിൽ എല്ലാ പ്രവൃത്തികളിലും ഒരാൾ എസ്റ്റിമേറ്റ് നിരക്കും/ നാമമാത്ര കുറവും അപരൻ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്തു എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിന്/നാമമാത്ര കുറവിന് കരാർ ചമക്കുകയുമാണ് ചെയ്തിരിക്കുന്നത്.

2017-18 വർഷത്തെിൽ ആകെ മുപ്പതിലധികം കരാറുകാർ പഞ്ചായത്തിൽ വിവിധ പ്രവൃത്തികളുടെ മാന്വൽ ടെണ്ടറിന് ടെണ്ടർ സമർപ്പിച്ചിട്ടുണ്ട് എന്നിട്ടും ഭൂരിപക്ഷം പ്രവൃത്തികൾക്കും രണ്ട് കരാറുകാരുടെ ടെണ്ടർ മാത്രമാണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത് എന്നതിൽ നിന്നും കരാറുകാർ പഞ്ചായത്തിന് നഷ്ടമുണ്ടാക്കുന്നതിനായി അന്യായമായി സംഘംചേർന്നതാണ് എന്ന് വ്യക്തമാകുന്നുണ്ട്.

ഇത്തരത്തിലുള്ള ക്രമക്കേടുകൾ തടയുന്നതിന് എല്ലാ പ്രവൃത്തികളും ഇ ടെണ്ടർ ചെയ്യുന്നതും, ടെണ്ടർ പരസ്യത്തിന് കൂടുതൽ പ്രചാരം നൽകുന്നതിന് ഗവ നിർദേശിച്ച നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-29 വാഹനങ്ങളുടെ ഉപയോഗത്തിലെ അപാകതകൾ

2000 -ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിൽ ചട്ടം 8(1) പ്രകാരം ആറ് മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ കൺസപ്ഷൻ ടെസ്റ്റ് നടത്തേണ്ടതും ഇന്ധന ഉപയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിക്കേണ്ടതുമാണ്. ചട്ടം 8(4) പ്രകാരം വാഹനങ്ങൾ ഗ്യാരേജിൽ സൂക്ഷിക്കേണ്ടതും ചട്ടം 9 ൽ പരാമർശിച്ച പ്രകാരമുള്ള ഇന്ധനം നിറച്ച തിയ്യതി, ടാങ്കിൽ ആകെയുള്ള ഇന്ധനത്തിന്റെ അളവ്, കിലോമീറ്റർ റീഡിംഗ് തുടങ്ങിയവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

കൊണ്ടോട്ടി നഗരസഭയിലെ വൗച്ചറുകൾ പ്രകാരം ഒരു ബഡ്സ് സ്കൂൾ ബസ് ഉൾപ്പെടെ മൂന്ന് വാഹനങ്ങൾക്കാണ് വിവിധ ചെലവുകൾ ഉള്ളത്. മേൽ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ മൂന്ന് വാഹനങ്ങളുടേയും ലോഗ് ബുക്കിൽ ഇന്ധനം നിറച്ച തിയ്യതി, ടാങ്കിൽ ആകെയുള്ള ഇന്ധനത്തിന്റെ അളവ്, കിലോമീറ്റർ റീഡിംഗ്, അറ്റകുറ്റപ്പണി, പാർട്സുകൾ മാറ്റൽ തുടങ്ങിയവ രേഖപ്പെടുത്തിയതായോ ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായോ കാണുന്നില്ല. വാഹനങ്ങളുടെ ഫ്യുവൽ കൺസപ്ഷൻ ടെസ്റ്റ് നടത്തിയതായോ ഇന്ധന ഉപയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിച്ചതായും കാണുന്നില്ല. വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ/ജനപ്രതിനിധിയുടെ പേര് രേഖപ്പെടുത്താതെ തസ്തിക മാത്രം രേഖപ്പെടുത്തുക, വാഹനം എന്താവശ്യത്തിന് ഓടി എന്ന് വ്യക്തമാക്കാതിരിക്കുക (ബഡ്സ് വാഹനം) തുടങ്ങിയ അപാകതകളും കാണുന്നു. വാഹനങ്ങൾ സൂക്ഷിക്കുന്നതിന് പ്രത്യേക ഗ്യാരേജും ഇല്ല.

(ഈ അപാകതകൾ മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക 3-2) പരാമർശിച്ചിരുന്നുവെങ്കിലും അപാകതകൾ തുടരുന്നതായാണ് കാണുന്നത്.)

അപാകതകൾക്ക് 3 ദിവസത്തിനകം മറുപടി ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് ഓഡിറ്റ് എൻക്വയറി നം. 13/15-11-18 നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-30 പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2017-18 വർഷത്തിൽ നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 337 പ്രൊജക്ടുകൾ തയ്യാറാക്കിയെങ്കിലും 184 പ്രൊജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 54.60 % പ്രൊജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 337 | ആകെ അടങ്കൽ | 99683622 |
| നടപ്പിലാക്കിയത് | 184 | ചെലവ് | 44396250 |
| ശതമാനം | 54.60 | ചെലവ് ശതമാനം | 44.54 |

ആകെ 148 പ്രൊജക്ടുകൾ സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം നേടിയെങ്കിലും ഇതിൽ 92 പ്രൊജക്ടുകൾ മാത്രമെ നടപ്പാക്കാനായുള്ളൂ.

നഗരസഭയിൽ 1അസിസ്റ്റന്റ് എഞ്ചിനീയറും 2ഓവർസിയറും അടക്കം ആകെ 3ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വ്രഷത്തിൽ ഉണ്ടായിരുന്നത്. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. മാത്രമല്ല ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്.

നഗരസഭ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

**III).റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.**

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. നഗരസഭ കൗൺസിലും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

IV)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു.

2017-18 വർഷത്തിൽ നഗരസഭയിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഭൂരിപക്ഷം പ്രവൃത്തിയിലും പ്രവൃത്തിനടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

V)പ്രവൃത്തി പൂർത്തീകരണ കാലയളവ് വ്യക്തമാക്കാതെ കരാർ ചമച്ചു.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മിക്ക മരാമത്ത് പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

കൂടാതെ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഈടാക്കേണ്ട പിഴ സംബന്ധിച്ച് പുതുക്കിയ PWD മാന്വൽ പ്രകാരമുള്ള നിബന്ധനകളും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-31 വനിതകൾക്ക് ഇ ടോയ്ലെറ്റ് - ലക്ഷ്യം പൂർത്തീകരിച്ചില്ല

ഹെൽത്ത് ഇൻസ്പെക്ടർ നിർവഹണം നടത്തിയ വനിതകൾക്ക് വേണ്ടി ഇ ടോയ്‌ലെറ്റ് സ്ഥാപിക്കൽ എന്ന പ്രൊജക്റ്റ് പ്രകാരം (പ്രൊജക്റ്റ് നമ്പർ 419/18) വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് 609840 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് കൂടാതെ ടോയ്‌ലെറ്റിലേക്ക് വെള്ള സൗകര്യം ലഭ്യമാക്കുന്നതിനായി 37000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതായും കാണുന്നു.

ബിൽ നമ്പർ / തിയ്യതി: 21/24-03-2018 തുക: 609840 രൂപ

പ്രസ്തുത പ്രൊജക്റ്റിനായി ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം ലഭ്യമായ 2 ടെണ്ടറുകളിൽ കുറവ് തുക ക്വാട്ട് ചെയ്ത ആൾട്ടർ സോഫ്റ്റ് ഇന്നോവേഷൻ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും, 28-03-2018 ന് പണി പൂർത്തീകരിക്കുകയും ചെയ്തു. (ഇൻവോയ്സ് നമ്പർ A005/22-03-2018).

ഓഡിറ്റിന്റെ ഭാഗമായി ഇ ടോയ്‌ലെറ്റ് നേരിട്ട് പരിശോധന നടത്തി. 2 രൂപ, 5 രൂപ നാണയങ്ങൾ ഉപയോഗിച്ചാണ് ടോയ്‌ലെറ്റിനകത്ത് പ്രവേശിക്കേണ്ടത്. വെള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. (റോഡിൽ നിന്നും നേരിട്ട് പ്രവേശനമില്ലാത്ത രീതിയിൽ കൊണ്ടോട്ടി അങ്ങാടിയിലെ മുനിസിപ്പൽ ലൈബ്രറി കോമ്പൌണ്ടിനകത്താണ് പ്രസ്തുത ഇ ടോയ്‌ലെറ്റ് സ്ഥാപിച്ചിട്ടുള്ളത്. ആയതിനാൽ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല എന്നത് വ്യക്തമാണ്).

646840 രൂപയോളം മുടക്കി സ്ഥാപിച്ച ടോയ്‌ലെറ്റ് ഉദ്ദേശ ലക്ഷ്യം കൈവരിച്ചില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യങ്ങൾ ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ ശ്രദ്ധയിൽപെടുത്തുന്നു.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി/ | പ്രവൃത്തിയുടെ പേര് | വൌച്ചർ/ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| ഐ.കെ.എം | ഐ.കെ.എം വിഹിതം | വിവരം ലഭ്യമല്ല | 600000 | 60000 | പൂർത്തീകരിച്ചു. |
| വയോമിത്രം | വയോമിത്രം വിഹിതം അടവാക്കൽ | ,, | 1000000 | 1000000 | പൂർത്തീകരിച്ചു. |
| പി.എം.എ.വൈ | പി.എം.എ.വൈ വിഹിതം അടവാക്കൽ | ,, | 2500000 | 2500000 | പൂർത്തീകരിച്ചു. |
| എസ്.എസ്.എ | എസ്.എ,സ്.എ വിഹിതം അടവാക്കൽ | ,, | 1300000 | 1300000 | പൂർത്തീകരിച്ചു. |
| പി.എം.എ.വൈ 2 ഘട്ടം ജനറൽ | പി.എം.എ.വൈ വിഹിതം അടവാക്കൽ | ,, | 4125000 | 4125000 | പൂർത്തീകരിച്ചു. |
| പി.എം.എ.വൈ 2 ഘട്ടം എസ്.സി.പി | പി.എം.എ.വൈ വിഹിതം അടവാക്കൽ | ,, | 2240000 | 2240000 | പൂർത്തീകരിച്ചു. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലഭ്യമല്ല | ലഭ്യമല്ല | 3060000 | 3060000 | 765000 | | 2295000 |

- മേൽ വിവരം നഗരസഭ ലഭ്യമാക്കിയ പ്രഫോർമ പ്രകാരമുള്ളതാണ്.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷം | 2017-18 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,54,643 |
| തൻവർഷം നിക്ഷേപിച്ച തുക | 32804(പലിശ) |
| ആകെ | 387447 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 387447 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | 2017-18 |
|---|---|
| നെടിയിരുപ്പ് സർവ്വീസ് സഹകരണ ബാങ്ക്<br>(എഫ്. ഡി Rt. നമ്പർ.002257) | 387447 |
| ആകെ | 387447 |

കുറിപ്പ്- മേൽ വിവരങ്ങൾ നഗരസഭയിൽ നിന്ന് ഹാജരാക്കിയ പ്രൊഫോർമ പ്രകാരമുള്ളതാണ്.

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കൊണ്ടോട്ടി നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല. കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്, നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് എന്നിവയുടെ മുൻ റിപ്പേർട്ടുകളിൽ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<u>A. കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്</u>

കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 1999-00 | 32(എ) (ബി),41,42,43,47, 48,49,51,53(എ),57,59 | 2002-03 | -- | കെട്ടിട വാടക കുറവായി ഈടാക്കി 14590 രൂപ | നടപടി തുടർന്നു വരുന്നു |
| | | | | നഗരശുചീകരണം അധിക തുക നൽകിയത് 31168 രൂപ | |
| | | | | കറണ്ട് ചാർജ്ജ് പലിശ നൽകിയത് 8663 രൂപ | |
| | | | | നീറാട് കുളം റിപ്പയർ ചെലവ് നഷ്ടം 40284 രൂപ | |
| | | | | കേരളോത്സവം അധിക ചെലവ് 5151 രൂപ | |
| | | | | പദ്ധതി നിർവ്വഹണ ചെലവ്- തനത് ഫണ്ടിൽ നിന്ന് ക്രമരഹിതം 34693+30013 രൂപ | |
| | | | | ഡി.പി.സി. അംഗീകരിക്കാത്ത പ്രൊജക്ടുകൾ 43660 രൂപ | |
| | | | | കാലി ബാരൽ വില ഈടാക്കിയില്ല 9350 രൂപ | |
| | | | | ടാർ വാങ്ങിയത് സ്റ്റോക്ക് വിശദാംശങ്ങൾ ഇല്ല | |
| | | | | രണ്ട് വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാത്ത പ്രൊജക്ടുകൾ | |
| | | | | സമഗ്ര ഭവന നിർമ്മാണം ഗുണഭോക്തൃ ലിസ്റ്റിലെ അപാകതകൾ | |
| | | | | ടാർ വാങ്ങിയത് വ്യക്തമായ കണക്ക് സൂക്ഷിച്ചിട്ടില്ല | |
| | | | | ചോലക്കൽ ചേപ്പിലക്കുന്ന് റോഡ് പണി 59807 രൂപ | |
| | | | | അനർഹർക്ക് ആനുകൂല്യം നൽകിയത് 38500 രൂപ | |
| 1999-00 | 53,56,59 | 2003-04 | - | റോഡ് വർക്ക് 59807 രൂപ | നടപടി തുടർന്നു വരുന്നു |
| | | | | കാർഷികാവശ്യത്തിന് മോട്ടോർ പമ്പ് സെറ്റ് 38500 രൂപ | |
| 1998-99 | 36,49 | 2003-04 | | കംഫർട്ട് സ്റ്റേഷൻ പലിശ 31325 രൂപ | നടപടി തുടർന്നു വരുന്നു |
| | | | | ഡി.പി.സി. അംഗീകരിക്കാത്ത പ്രൊജക്ട് 43660 രൂപ | |
| 2005-06 | 3-3 | 2010-11 | -- | ചേപ്പിലക്കുന്ന് കുടിവെള്ള പദ്ധതി | |
| 2009-10, 2010-11 | 3-16 | 2012-13 | - | ലഘു അവലോകനം (ദുരിതാശ്വാസ നിധി) | |
| | | | | പ്രവർത്തനക്ഷമതാ റിപ്പോർട്ട് (ഖരമാലിന്യ പരിചരണം) | |
| 2013-14, | 3-2, 3-1 | 2015-16 | | വെള്ളക്കരം അവലോകനം | നടപടി |

| | | | | | |
|---|---|---|---|---|---|
| 2014-15 | | | | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കാര്യം | തുടർന്നു വരുന്നു |
| ~~2014-15~~ | 2-4 | 2016-17 | | | |

**<u>B നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്</u>**

നെടിയിരുപ്പ് ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 6 | 2004-05 | | മുസ്ലിയാരങ്ങാടി ശുദ്ധജല വിതരണ പദ്ധതി തനത് ഫണ്ടിൽ നിന്ന് ചെലവ് 24000+7719 | നടപടി തുടരുന്നു |
| 2011-12, 2012-13 | 3-1 | 2014-15 | | നിഷ്ക്രിയ ആസ്തി അവലോകനം | " |
| 2014-15 | 2-3, 2-1 | 2016-17 | | | " |

# 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, തിയതി | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1997-98 | 29,30,31,33 | പി.കെ കാർത്തികേയൻ | LF11520/spl.cell/sc5/04/6.9.05 | 50,498 | 50,000/- രൂപ അടവാക്കാൻ അവശേഷിക്കുന്നു |
| 2 | 2003-04 | 3-4, 3-5 | കെ.ചോയിക്കുട്ടി | LF682/spl.cell/sc5/10/14.12.10 | 15,797 | 4,086/- രൂപയുടെ അടവ് വിവരം ലഭ്യമല്ല |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| വർഷം | 2017-18 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 191340497 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 225107525 |
| വരവിനങ്ങളിലുള്ള നഷ്ടം | 12,132 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,46,637 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,72,43,971 |

**(ബി).<u> നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 12,132 | | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| 3-1 | | 11,893 | ശ്രീ. ആന്റു. എ.വി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-2 | | 10,500 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| 3-4 | | 12,227 | ശ്രീ. ആന്റു. എ.വി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-6 | | 18,348 (6555+11793) | ശ്രീ. ആന്റു. എ.വി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-7 | | 89,940 | ശ്രീ. ജൂഡ് ലൂയിസ്. എസ്, പ്രിൻസിപ്പാൾ |
| 3-8 | | 13,200 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| 3-9 | | 41,647 | ശ്രീ. ആന്റു. എ.വി, അസിസ്റ്റന്റ് എഞ്ചിനിയർ |

| | | | |
|---|---|---|---|
| 3-11 | | 48,882 | ശ്രീമതി. അബീന. സി, ICDS ഓഫീസർ (സി.ഡി.പി.ഒ) |
| ആകെ | 12,132 | 2,46,637 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 17,36,680 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| 3-10 | 24,829 | ശ്രീ. അബ്ദുസ്സലാം.കെ, ഹെൽത്ത് ഇൻസ്പെക്ടർ |
| 3-11 | 12,601 | ശ്രീമതി. അബീന. സി, ICDS ഓഫീസർ (സി.ഡി.പി.ഒ) |
| 3-12 | 8,58,618 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| 3-13 | 1,85,44,507 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| 3-14 | 95,036 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| 3-15 | 15,99,839 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| 3-16 | 30,000 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| 3-17 | 13,48,190 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| 3-18 | 13,55,844 | ശ്രീ. ആന്റു. എ.വി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-19 | 1,87,827 | ഡോ. സുരേഷ്കുമാർ, മെഡിക്കൽ ഓഫീസർ (സി. എച്ച്. സി)<br>ഡോ. പ്രദീപ് കുമാർ. കെ.ജെ, മെഡിക്കൽ ഓഫീസർ (സി. എച്ച്. സി) |
| 3-20 | 14,50,000 | ഡോ. സുരേഷ്കുമാർ, മെഡിക്കൽ ഓഫീസർ (സി. എച്ച്. സി) – 9,50,000<br>ഡോ. പ്രദീപ് കുമാർ. കെ.ജെ, മെഡിക്കൽ ഓഫീസർ (സി. എച്ച്. സി) – 500,000 |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക 3-5 – 1,32,364 രൂപ (കേന്ദ്ര സർക്കാർ)

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി | സെക്രട്ടറി, കൊണ്ടോട്ടി നഗരസഭ | റോസ് ഹൌസ്, ചന്ദനത്തോപ്പ്. പി.ഒ, കൊല്ലം – 14, പിൻ: 691014 |
| ശ്രീ. ആന്റു. എ.വി, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, കറുകുറ്റി ഗ്രാമ പഞ്ചായത്ത്, എറണാകുളം | എരുമത്തൻ ഹൗസ്, ജോസപുരം, വാപ്പളശ്ശേരി. പി.ഒ, അംഗമാലി പിൻ: 683572 |
| ശ്രീ. ജൂഡ് ലൂയിസ്. എസ്, പ്രിൻസിപ്പാൾ | പ്രിൻസിപ്പാൾ, ജി.വി.എച്ച്.എസ്.എസ് കൊണ്ടോട്ടി | മയൂഖം, മുള്ളൂർ പി.ഒ, തിരുവനന്തപുരം, പിൻ: 695521 |
| ശ്രീമതി. അബീന. സി, ICDS ഓഫീസർ | ICDS ഓഫീസർ, കൊണ്ടോട്ടി നഗരസഭ | ചേനങ്ങാടൻ ഹൗസ്, മേലങ്ങാടി. പി.ഒ, കൊണ്ടോട്ടി, പിൻ: 673638 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

1)നെടിയിരിപ്പ് ഗ്രാമപഞ്ചായത്ത്

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്സ് |
|---|---|---|---|

| വർഷം | കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.7/3249/14 തി:16.12.2014 | 5 | |
| 1997-98 | എൽ.എഫ്.എം.7/3250/14 തി:16.12.2014 | 8 | |
| 1998- 99 | എൽ.എഫ്.എം.7/3251/14 തി:16.12.2014 | 3 | |
| 1999-00 | എൽ.എഫ്.എം.7/3252/14 തി:16.12.2014 | 7 | |
| 2000-01 | എൽ.എഫ്.എം.7/3253/14 തി:16.12.2014 | 3 | |
| 2001 -02 | എൽ.എഫ്.എം.7/1552/03 തി:30.10.2010 | 39 | |
| 2002 -03 | എൽ.എഫ്.എം.14/1186/08 തി:30.10.2010 | 17 | |
| 2003-04 | എൽ.എഫ്.എം.14/1187/08 തി:30.10.2010 | 10 | |
| 2004 -05 | എൽ.എഫ്.എം.14/841/09 തി:30.10.2010 | 5 | |
| 2005 -06 | എൽ.എഫ്.എം.14/842/09 തി:30.10.2010 | 20 | |
| 2007 -08 | എൽ.എഫ്.എം.7/121/12 തി:08.02.2012 | 8 | |
| 2008 -09 | എൽ.എഫ്.എം.7/122/12 തി:08.02.2012 | 11 | |
| 2009-10,2010-11 | എൽ.എഫ്.എം.7/783/13 തി:23.09.2013 | 15 | |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.7/685/15 തി:24.08.15 | 11 | |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.24/2062/16 തി:21.06.2017 | 8 | |
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി:31.03.2018 | 7 | |

**2)കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.717-7/03 തി:14.10.2010 | 5 | |
| 1997-98 | എൽ.എഫ്.എം.7/1692/03 തി:14.10.2010 | 2 | |
| 1998- 99 | എൽ.എഫ്.എം.7/1693/03 തി:14.10.2010 | 15 | |
| 1999-00 | എൽ.എഫ്.എം.7/1143/03 തി:14.10.2010 | 19 | |
| 2000-01 | എൽ.എഫ്.എം.7/1464/04 തി:14.10.2010 | 32 | |
| 2001 -02 | എൽ.എഫ്.എം.7/1465/04 തി:14.10.2010 | 11 | |
| 2002 -03 | എൽ.എഫ്.എം.14/1189/07 തി:14.10.2010 | 5 | |
| 2003-04 | എൽ.എഫ്.എം.14/1190/07 തി:14.10.2010 | 9 | |
| 2004 -05 | എൽ.എഫ്.എം.14/1191/07 തി:14.10.2010 | 9 | |
| 2005 -06 | എൽ.എഫ്.എം.16/1267(1)/10 തി:26.10.2010 | 7 | |
| 2006 -07 | എൽ.എഫ്.എം.16/1267(2)/10 തി:29.10.2010 | 5 | |
| 2007 -08 | എൽ.എഫ്.എം.6/2080/10 തി:20.04.2011 | 9 | |
| 2008-09 | എൽ.എഫ്.എം.6/2081/10 തി:20.04.2011 | 15 | |
| 2009-10,2010-11 | എൽ.എഫ്.എം.6/380/13 തി:03.07.13 | 18 | |
| 2011-12,2012-13 | എൽ.എഫ്.എം.6/1359/14 തി:08.01.15 | 15 | |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.6/1949/15 തി:16.02.16 | 17 | |
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി:31.03.2018 | 9 | |

**3)കൊണ്ടോട്ടി നഗരസഭ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി:18.04.2018 | 16 | |
| 2016-17 | കെ.എസ്.എ.എം.പി.എം.25/2360/17 തി:26.04.2018 | 22 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം.

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-എം.പി.എം.25/2192/2018 തിയ്യതി 10.10.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊണ്ടോട്ടി നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ കൊണ്ടോട്ടി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**